'ബച്ചാ...ബച്ചാ...ആപ്കാ ബച്ചാ...'

അവർ മുന്നിലേക്ക് അല്പം കൂടി നീങ്ങി നിന്ന് കൈ കൂപ്പി. യാചനാ ഭാവത്തിൽ തല കുനിച്ച് ജയനെ തന്നെ നോക്കി നിന്നു.

നിമിഷങ്ങൾക്കകം ട്രെയിൻ വേഗത കൈവരിക്കും. ഇവരെന്താ ട്രെയിനിൽ കയറാൻ ശ്രമിക്കാത്തത്?

എന്താ ഓടി വരാത്തത്?

സ്വന്തം കുഞ്ഞിനെ...

അവർ സാരിയുടെ തുമ്പെടുത്ത് കണ്ണുകളൊപ്പുന്നത് കണ്ടു. എന്നിട്ട് മുഖം കുനിച്ചു. നിമിഷങ്ങൾക്കകം ട്രെയിൻ സ്റ്റേഷനിൽ നിന്നും അകന്നു. വേഗം കൂടി കൂടി വന്നു. ജയൻ മരവിച്ച് ഇരുന്നു. എന്താണിപ്പോൾ സംഭവിച്ചത്?

ആ സ്ത്രീ ഇറങ്ങി പോയത്...കുഞ്ഞിനെ ഒരു നിമിഷം നോക്കാൻ തന്നെ ഏല്പിച്ചിട്ടല്ലേ...എന്നിട്ട്?

ജയൻ എഴുന്നേറ്റു. ചെയിൻ വലിക്കണം... ഈ നിമിഷം തന്നെ... ഉടൻ കുഞ്ഞുമായി ചെന്നാൽ അമ്മയെ ഏൽപ്പിക്കാം. ചെയിൻ വലിക്കാൻ കൈ നീട്ടി.

ആരോ തടഞ്ഞത് പോലെ...അയാൾ പതിയെ കൈ പിൻവലിച്ചു.

താനെന്താണ് ചെയ്യുന്നത്?

ആ സ്ത്രീ മനപൂർവ്വം തന്റെ കുഞ്ഞിനെ ഏല്പിച്ചിട്ട് പോയതല്ലേ...?എന്നെന്നേയ്ക്കുമായി...

എന്താണ് ചെയ്യേണ്ടത്? ഇപ്പോൾ കമ്പാർട്ട്മെന്റിൽ താനും കുഞ്ഞും മാത്രം. അയാൾ കുഞ്ഞിനെ നോക്കി.

വെറും നിമിഷങ്ങൾ മാത്രമുള്ള ബന്ധം. കുറച്ച് മുൻപ് വരെ താൻ ദൽഹിയിലെത്തിയിട്ട് ചെയ്യേണ്ട കാര്യങ്ങളും മായ എന്തു ചെയ്യുകയായിരിക്കും എന്നോർത്ത് കൊണ്ടിരുന്നതാണ്. ഇപ്പോഴിതാ ഒരു കൈകുഞ്ഞിന്റെ സമീപം എന്ത് ചെയ്യണമെന്നറിയാതെ...

അയാൾ പോക്കറ്റിൽ നിന്ന് ഫോണെടുത്ത് മായയെ

വിളിച്ചു.

'എന്താ ജയേട്ടാ, അവിടെ എത്തിയോ? രഘു വന്നാരുന്നോ?' മറുതലയ്ക്കൽ നിന്ന് മായയുടെ ക്ഷീണം നിറഞ്ഞ ശബ്ദം.

'മായെ...ഞാനിപ്പോഴും ട്രെയിനിലാ...ഒരു ചെറിയ പ്രശ്നം...എന്ത് ചെയ്യണമെന്നറിയില്ല...' പരിഭ്രാന്തി നിറഞ്ഞ ശബ്ദത്തിൽ ജയൻ വേഗം പറഞ്ഞു.

ഏതാനും നിമിഷം മുൻപ് നടന്ന കാര്യങ്ങൾ ജയൻ മായയെ അറിയിച്ചു.

ഒരു നിമിഷത്തെ നിശ്ശബ്ദത. മായ ഒന്നും പറയുന്നില്ല.

'മായാ...മായാ...' അയാൾ ഉറക്കെ വിളിച്ചു.

'താനെന്തെങ്കിലും പറ...ഇനി കഷ്ടിച്ച് ഒരു അര മുക്കാൽ മണിക്കൂർ കൂടിയെ ഉള്ളൂ...ഇപ്പോ സ്റ്റേഷനെത്തും...ഞാനെന്ത് ചെയ്യണം? കുഞ്ഞിനെ സ്റ്റേഷൻ മാസ്റ്ററെ ഏല്പിക്കണോ?'

'ഏല്പിച്ചിട്ട്...?' മായ സാവധാനം ശബ്ദം താഴ്ത്തി ചോദിക്കുന്നത് കേട്ടു. തന്റെ ഹൃദയം ദ്രുതഗതിയിൽ മിടിക്കുന്നത് ജയനറിഞ്ഞു.

'ഏല്പിച്ചിട്ട് പോയാൽ...ഏല്പിച്ചിട്ട് പോയാൽ... അവർ കുഞ്ഞിനെ അവിടെയെവിടെയെങ്കിലും... ആരെയെങ്കിലും നോക്കാൻ ഏല്പിക്കുമായിരിക്കും... പോലീസിന് ഈ പിഞ്ചു കുഞ്ഞിനെ നോക്കാൻ പറ്റില്ലല്ലോ...'

'അപ്പോ...കുഞ്ഞിന് എന്ത് പറ്റും?...' ഒരു അമ്മയുടെ ദൈന്യത അവളുടെ ശബ്ദത്തിൽ നിറയുന്നത് ജയൻ തിരിച്ചറിഞ്ഞു.

'അത്...എനിക്കറിയില്ല മായെ...'

'ചിലപ്പോ'... അയാൾ തുടർന്നു.

'ചിലപ്പോ ഏതെങ്കിലും ഓർഫനേജിൽ...'

ഒരു ദീർഘനിശ്വാസം മറുതലയ്ക്കൽ നിന്നുയർന്നത് കേട്ടു.

'ഞാനെന്ത് ചെയ്യണം?...താൻ പറ...'

'ഇപ്പൊ കുഞ്ഞെങ്ങനെ'?

അയാൾ കുഞ്ഞിനെ നോക്കി. കുഞ്ഞ് സന്തോഷത്തിലാണ്. ചിരിച്ച് കൊണ്ട് കൈകാലിട്ടടിക്കുന്നു. കഴുത്തിലൊരു നേർത്ത കറുത്ത ചരട്. പൊതിഞ്ഞിരുന്ന അല്പം കട്ടിയുള്ള തുണിയിൽ... ഒന്നുമറിയാതെ... അത്ര തന്നെ...മറ്റൊന്നും കാണുന്നില്ല.

'കുഞ്ഞ്...ഹാപ്പിയാണ്'

'ആണോ പെണ്ണോ?...' മായ ചോദിച്ചു.

'അറിയില്ല... ഞാൻ നോക്കിയില്ല...മോളാണെന്ന് തോന്നുന്നു...'

മായ ഒന്നും പറഞ്ഞില്ല.

അയാൾ കുഞ്ഞിനെ തന്നെ നോക്കി ഇരുന്നു.

എന്താണ് താനിപ്പോൾ പറഞ്ഞത്?

ഏത് നിമിഷമാണീ കുഞ്ഞ് തന്റെ മോളായത്?

'ജയേട്ടാ...'

'ങ്ഉം?'

'നമുക്ക്...ആ കുഞ്ഞിനെ...'

'പക്ഷെ...അത് പിന്നീട്...പോലീസ് വന്നാ... അങ്ങനെയൊക്കെ ചെയ്യാമോ?'

'ആരുമറിയാതെ...ആ കുഞ്ഞുമായിട്ട്.. എവിടേക്കെങ്കിലും...നമുക്ക് ദൽഹിയിൽ തന്നെ എവിടെയെങ്കിലും...അല്ലെ മംഗലാപുരത്ത്...ജയേട്ടന് അവിടെയൊക്കെ ഓഫീസുണ്ടല്ലൊ...'

ജയൻ ഫോണുമായി പിന്നിലേക്ക് തല ചായ്ച്ചു.

'താനെന്തൊക്കെയാ ഈ പറയുന്നത്?...അങ്ങനെ ഒരു കുഞ്ഞുമായിട്ട്...നമുക്ക്...'

'എന്താ പറ്റില്ലെ?...ആ കുഞ്ഞ് ഒരു ഓർഫനേജിൽ വളരുന്നതിനേക്കാൾ നല്ലതല്ലെ?...ആ സ്ത്രീ ജയേട്ടനെ വിശ്വസിച്ചല്ലെ...'

'എനിക്കിപ്പോഴും ഒന്നും പിടികിട്ടുന്നില്ല..കൈയ്യും കാലുമൊക്കെ തളർന്നു പോണു...താനെന്റെ കൂടെ ഉണ്ടായിരുന്നെങ്കിൽ...'

'ജയേട്ടാ...ഞാനെപ്പോഴുമില്ലേ? ഞാൻ കൂടെ തന്നെ ഉണ്ടെന്ന് വെച്ചോ...നമുക്കാ കുഞ്ഞിനെ...ആർക്കും കൊടുക്കണ്ട...'

'അപ്പോ ഞാൻ...'

'ആ കുഞ്ഞുമായിട്ട് ജയേട്ടന് തിരിച്ച് ഇങ്ങോട്ട് വരാൻ പറ്റുമോ'?...

'എന്നിട്ട്'?

'നമുക്ക്...നമുക്കാ കുഞ്ഞുമായിട്ട് ദൂരെ എവിടെയെങ്കിലും പോകാം'...

താനേതോ കഥയിലെ കഥാപാത്രമാണെന്ന് ജയന് ഒരു നിമിഷം തോന്നി. ഇതൊന്നും യാഥാർത്ഥ്യമല്ല! താൻ ദൽഹിയിലേക്കുള്ള യാത്രയിലാണ്. തന്നെയും കാത്ത് രഘുറാം അവിടെ പ്ലാറ്റ്ഫോമിൽ നിൽക്കുന്നു. ഇടയ്ക്കൊന്ന് ക്ഷീണം മാറാൻ ഒന്നു മയങ്ങിയതാണ്. ഇതു മുഴുവനും സ്വപ്നമാണ്. ഉണരണം. കണ്ണുകൾ തുറക്കണം. എത്തിയ വിവരം മായയെ അറിയിക്കണം. എന്നിട്ട്? എന്നിട്ട് എല്ലാം പഴയത് പോലെ...പതിവ് പോലെ...നിലയ്ക്കാത്ത ആവർത്തനങ്ങൾ...മുഷിപ്പൻ ആവർത്തനങ്ങൾ.

'ജയേട്ടാ...ജയേട്ടാ' മായയുടെ ഉറക്കെയുള്ള ശബ്ദം.

'ഞാനിവിടെ എല്ലാം ഒരുക്കാം...അടുത്ത ട്രെയിനിൽ തന്നെ കുഞ്ഞുമായിട്ട് തിരിച്ചു വാ...ബാക്കിയൊക്കെ ഇവിടെ വന്നിട്ട് ആലോചിക്കാം...'

ഒരമ്മയുടെ ആകാംക്ഷ... കുഞ്ഞിനെ കാണാനുള്ള ആകാംക്ഷ...

ജയൻ അല്പം മുമ്പ് തന്റെ നേർക്ക് കൈകൂപ്പി നിന്ന സ്ത്രീയെ ഓർത്തു. അവരുടെ മുഖം?... ശരിക്ക് ഓർത്തെടുക്കാനാവുന്നില്ല.



കണ്ണുകളൊപ്പി പിന്തിരിഞ്ഞ് നടന്ന ആ സ്ത്രീ... അവരിപ്പോൾ എവിടെയാവും? തന്റെ കുഞ്ഞിനെ ഓർത്ത്... എന്തിനാവും അവർ?

ജയൻ കോൾ കട്ട് ചെയ്തു.

കുഞ്ഞിന്റെ നേർക്ക് നോക്കി. പിന്നീട് പുറത്തേക്കും.

തന്റെ ജീവിതം പോലെ വരണ്ട കാറ്റ്. അതിവേഗത്തിൽ മറയുന്ന കാഴ്ച്ചകൾ...

നീണ്ട ഹോൺ കേട്ടു. സ്റ്റേഷൻ അടുക്കുകയാണ്. നോക്കി ഇരിക്കെ ബോർഡ് കണ്ടു. കൂലികൾ എഴുന്നേല്ക്കുന്നത് കണ്ടു. പ്ലാറ്റ്ഫോമിൽ അട്ടിയട്ടിയായി അടുക്കി വെച്ചിരിക്കുന്ന ചാക്ക് കെട്ടുകൾ. കമ്പിളിത്തൊപ്പിയും, ഉടുപ്പുകളും ധരിച്ച, മെലിഞ്ഞ ഇരുണ്ട മനുഷ്യർ. തറയിൽ കൂട്ടംകൂടി ഇരിക്കുന്ന സ്ത്രീകൾ. അവർ തലവഴി സാരി കൊണ്ട് മൂടി കൂനിപ്പിടിച്ചാണ് ഇരിക്കുന്നത്. ജയൻ എഴുന്നേറ്റു. കുനിഞ്ഞ് സീറ്റിനടിയിൽ നിന്നും ബാഗ് വലിച്ചെടുത്തു. കുഞ്ഞിന്റെ നേർക്ക് നോക്കി. ശബ്ദങ്ങൾ കേട്ടത് കൊണ്ടാവും കുഞ്ഞ് ഉത്സാഹത്തിലാണ്. കൈയ്യും കാലും ഇളക്കുന്നുണ്ട്. ഒന്ന് നോക്കിയ ശേഷം ഹാന്റ്ബാഗിന്റെ പിടിയിൽ മുറുക്കെ പിടിച്ചു. കുഞ്ഞിൽ നിന്ന് കാഴ്ച്ചയെ വിടുവിച്ച് അയാൾ എഴുന്നേറ്റ് വാതിലിനരികിലേക്ക് ചെന്ന് നിന്നു. അവിടെ ഇറങ്ങാൻ കാത്ത് നില്ക്കുന്നുണ്ട്, കൈകളിലും തോളിലും ബാഗുമായി തന്നെ പോലെ ചിലർ.

ഏതാനും നിമിഷങ്ങൾക്കകം ട്രെയിൻ നില്ക്കും. കൂലികൾ വരും. ശേഷം ചിലപ്പോൾ കമ്പാർട്ട്മെന്റ് വൃത്തിയാക്കാൻ ചിലർ. ചിലപ്പോൾ ചപ്പും ചവറും പെറുക്കുന്നവർ വന്നെന്നിരിക്കും. അവരിലാരെങ്കിലും കുഞ്ഞിനെ കണ്ടെന്നിരിക്കും.

ചിലപ്പോൾ സ്റ്റേഷൻ മാസ്റ്ററെ അറിയിച്ചെന്നിരിക്കും...

ചിലപ്പോൾ അവർ കുഞ്ഞിനെ എടുത്ത് കൊണ്ട് പോയെന്നിരിക്കും...

അങ്ങനെയെങ്കിൽ ആ കുഞ്ഞ് അവർക്കിടയിലാവും ഇനി വളരുക. താനൊരിക്കലും ഇനി ആ കുഞ്ഞിനെ കാണുകയില്ല. പതിയെ എല്ലാം മറക്കും. ഈ ട്രെയിൻ യാത്രയും...ആ കുഞ്ഞും...അമ്മയും...എല്ലാം. വീണ്ടും പഴയത് പോലെ. താനും മായയും ചില പഴയ സ്വപ്നങ്ങളും...ഈ നരച്ച ജീവിതവും...

ജയൻ ഒരു നിമിഷം കണ്ണുകളടച്ച് നിന്നു. പിന്നീട് വേഗം താനിരുന്നിടത്തേക്ക് തിരിഞ്ഞു നടന്നു. അയാൾക്കുറപ്പായിരുന്നു, ആ നിമിഷം മുതലാണ് തന്റെ ജീവിതം ഒരിക്കൽ കൂടി ആരംഭിക്കാൻ പോകുന്നതെന്ന്...

---

സാബു ഹരിഹരൻ (cell: 0212328899). തിരുവനന്തപുരം സ്വദേശി. കുടുംബവുമൊത്ത് ന്യൂസീലാന്റിൽ സ്ഥിര താമസം. ഭാര്യ: സിന്ധ, മകൻ: നന്ദൻ. ഐ. ടി. ഫീൽഡിൽ ജോലി. വായന, എഴുത്ത്, യാത്ര, ഭക്ഷണം എന്നിവയിൽ കമ്പം. ദേശാഭിമാനി, കേരള കൗമുദി, മാതൃഭൂമി, ജനയുഗം, കേരളകൗമുദി, ചന്ദ്രിക, കേരളഭൂഷണം തുടങ്ങിയ ആനുകാലികങ്ങളിൽ കഥകൾ പ്രസിദ്ധീകരിച്ചു വന്നിട്ടുണ്ട്. ഇതുവരേയും മൂന്ന് കഥാസമാഹാരങ്ങൾ പ്രസിദ്ധീകരിച്ചു.1. 'നിയോഗങ്ങൾ' (പൂർണ്ണ),2. 'ഉടൽദാനം' (സൈകതം) 3. 'ഓർവ്വ്' (ധ്വനി ബുക്സ്) നന്മ: സി വി ശ്രീരാമൻ സ്മാരക കഥാമത്സരം 2020 ഒന്നാം സമ്മാനം ലഭിച്ചു.



# അരുതുകൾ കുറയ്ക്കാം

## കുട്ടികളോട് പോസിറ്റീവായി സംസാരിക്കാം

**അലീന ആരോൺ**

കുട്ടികൾ അവരുടെ കുഞ്ഞിക്കണ്ണുകളിലൂടെ വിശാലമായ ഈ ലോകത്തെ വലിയ അത്ഭുതത്തോടെയാണ് നോക്കിക്കാണുന്നത്. പുതിയ കാര്യങ്ങൾ കാണാനും, കേൾക്കാനും, സ്പർശിക്കാനും, രുചിച്ചു നോക്കാനും ഒക്കെ അവർക്ക് വലിയ ആകാംക്ഷയാണ്. എന്നാൽ സുരക്ഷിതത്വബോധം അവർക്ക് നന്നേ കുറവായതിനാൽ, മാതാപിതാക്കൾക്ക് അവർ ചെയ്യുന്ന പല കാര്യങ്ങളിൽ നിന്നും അവരുടെ നന്മയെ കരുതി പിന്തിരിപ്പിക്കേണ്ടതായി വരുന്നു. കുട്ടികളുടെ സുരക്ഷിതത്വത്തെ കരുതി ചെയ്യുന്ന ഈ പിന്തിരിപ്പിക്കലുകളിൽ ചിലപ്പോഴൊക്കെയും അറിഞ്ഞോ അറിയാതെയോ  എപ്പോഴും കടന്നു വരുന്ന ഒരു പ്രയോഗമാണ് 'അരുത്/ ചെയ്യരുത്'. എന്നാൽ എത്ര പ്രാവശ്യം ചെയ്യരുത് എന്ന് പറഞ്ഞാലും കുട്ടികൾ അത് തന്നെ ആവർത്തിക്കുന്നതായി മിക്കപ്പോഴും കാണാം. ഇവിടെയാണ് പോസിറ്റീവ് ഭാഷയുടെ പ്രസക്തി.

**എന്താണ് പോസിറ്റീവ് ഭാഷ?**

പലപ്പോഴും കുട്ടിയോട് എന്ത് ചെയ്യരുത് എന്ന് പറയുകയും, എന്താണ് അവർ ചെയ്യേണ്ടത് എന്ന് പറയാൻ മറന്നു പോവുകയും ചെയ്യുന്നു. ഇത് കുഞ്ഞു മനസ്സിനെ ആശങ്കയിലാക്കുന്നു. പ്രത്യേകിച്ചും, കുഞ്ഞു കുട്ടികൾ ആണെങ്കിൽ. ഒരു കാര്യം എന്ത് കൊണ്ട് ചെയ്യരുത് എന്ന് നമ്മൾ പറയുന്നതെന്നോ, പകരം എന്താണ് ചെയ്യേണ്ടതെന്നോ അവർക്ക് മനസിലാക്കാൻ സാധിക്കില്ല. അത് മാത്രവുമല്ലാ, 'അരുത്' എന്ന വാക്ക് കേൾക്കാൻ അവർ വിട്ടു പോയാലോ? അതായത്  ഒരാൾ കുട്ടിയോട്

'Don't Run' എന്ന് പറയുകയാണെന്നിരിക്കട്ടെ. കുട്ടിയുടെ കളിത്തിരക്കിൽ 'Don't' എന്ന വാക്ക് കേട്ടില്ല എങ്കിലോ? കേൾക്കുന്ന നിർദേശം 'Run' എന്നായി മാറില്ലേ? മുതിർന്നവരായ നമ്മൾ തന്നെ മറ്റുള്ളവരുമായി സംസാരിക്കുമ്പോൾ എത്രയെത്ര ആശയക്കുഴപ്പങ്ങൾ ഉണ്ടാകുന്നു...അങ്ങനെയെങ്കിൽ, ഭാഷ മനസിലാക്കാനും സംസാരിക്കാനും ഒക്കെ പഠിച്ചു തുടങ്ങുന്ന ഒരു കൊച്ചു കുഞ്ഞിന്റെ കാര്യമോ? അപ്പോൾ നമ്മുടെ സംസാരരീതി ഒന്ന് മാറ്റി ചിന്തിച്ചാലോ?

പോസിറ്റീവ് ഭാഷ ഉപയോഗിക്കുമ്പോൾ കുട്ടി എന്ത് ചെയ്യരുത് എന്ന് പറയുന്നതിന് പകരം എന്താണ് ചെയ്യേണ്ടതെന്ന് വ്യക്തമായി പറയുന്നു. അവർക്ക് അത് മനസിലാക്കിയെടുക്കാൻ അൽപം സാവകാശം കൊടുക്കുകയും, എങ്ങനെ ഒരു കാര്യം ചെയ്യാം എന്ന് ക്ഷമയോടെ അവരെ കാണിച്ചു കൊടുത്ത് മാതൃകയാവുകയും ചെയ്യുന്നു. കുട്ടി അത് അനുസരിച്ചു കഴിയുമ്പോൾ വളരെ സന്തോഷത്തോടെ അവരെ അഭിനന്ദിക്കുകയുമാകാം. ഉദാഹരണത്തിന്, കുട്ടി കസേരയിൽ കയറി നിൽക്കുകയാണെന്ന് വിചാരിക്കുക. "കസേരയിൽ നിൽക്കരുത്" എന്നത് ഒരു നെഗറ്റീവ് ഭാഷയാണ്. അതിനു പകരം "കസേരയിൽ ഇരിക്കൂ" എന്നൊന്ന് പറഞ്ഞാലോ? ഇവിടെ പരോക്ഷമായി കസേരയിൽ നിൽക്കരുത് എന്ന് നമ്മൾ ആവശ്യപ്പെട്ടതിനൊപ്പം എന്താണ് കുട്ടി ചെയ്യേണ്ടത് എന്നും പറഞ്ഞു കൊടുത്തിരിക്കുന്നു. കുട്ടി കസേരയിൽ ഇരുന്നതിന് ശേഷം "കൊള്ളാം" എന്ന് പറഞ്ഞോ കൈ കൊട്ടിയോ പ്രോത്സാഹിപ്പിക്കാം. അതോടൊപ്പം തന്നെ കുട്ടിയോട് സംസാരിക്കുമ്പോൾ വളരെ ഉയർന്ന ശബ്ദത്തിൽ അലറിക്കൊണ്ട് സംസാരിക്കുന്നതിന് പകരം, അവരുടെ ഒപ്പം ഇരുന്ന് തോളിൽ പിടിച്ച് കണ്ണിൽ നോക്കി മൃദുവായ ശബ്ദത്തിൽ സംസാരിക്കാം(Soft voice, instead of yelling). പോസിറ്റീവ് സംസാരശൈലി കുട്ടികളിൽ ആത്മവിശ്വാസം ഉയർത്താനും എന്ത് ചെയ്യണമെന്ന ആശങ്ക ഇല്ലാതെ എളുപ്പത്തിൽ മനസിലാക്കാനും സഹായിക്കുന്നു. പതുക്കെ, പതുക്കെ കുട്ടിയുടെ സംസാരത്തിലും പെരുമാറ്റത്തിലും ഒരു പോസിറ്റിവിറ്റി കൊണ്ടുവരുവാനും അനുസരണത്തിൽ വളരാനും ഇത് സഹായകമാകുന്നു.

| **നെഗറ്റീവ് ഭാഷ** | **പോസിറ്റീവ് ഭാഷ** |
|---|---|
| ഉച്ചത്തിൽ സംസാരിക്കാതിരിക്കൂ | പതുക്കെ സംസാരിക്കൂ |
| വീടിനുള്ളിൽ ഓടരുത് | വീടിനുള്ളിൽ നടക്കൂ |
| ഭിത്തിയിൽ വരയ്ക്കരുത് | പേപ്പറിൽ വരയ്ക്കൂ |
| ഇവിടെ നിന്നും പോകരുത് | ഇവിടെത്തന്നെ നിൽക്കണം |
| മേശയുടെ അരികിൽ പാത്രം വയ്ക്കരുത് | മേശയുടെ നടുവിൽ പാത്രം വയ്ക്കൂ |

**പോസിറ്റീവ് ഭാഷ എങ്ങനെ ഒരു ശീലമാക്കാം?**

'അരുത്/നിർത്തുക/ചെയ്യരുത്' ('No, stop, don't') എന്നീ വാക്കുകൾ ഉപയോഗിക്കാൻ വളരെ എളുപ്പം ആണെന്നിരിക്കെ, അവ ഉപയോഗിക്കാൻ ഉള്ള പ്രവണതയും കൂടുതലാണ്. പോസിറ്റീവ് ഭാഷ ഉപയോഗിക്കാൻ കൂടുതൽ വാക്കുകൾ വേണം. അതോടൊപ്പം തന്നെ കുട്ടി എന്താണ് പകരം ചെയ്യേണ്ടത് എന്ന് ചിന്തിക്കുകയും വേണം. പോസിറ്റീവ് ഭാഷ നിത്യജീവിതത്തിന്റെ ഭാഗമാക്കുവാൻ ഉള്ള ചില നിർദ്ദേശങ്ങൾ ചുവടെ കൊടുക്കുന്നു.

**1. എന്തിനൊക്കെ അല്ലെങ്കിൽ എപ്പോഴൊക്കെ 'അരുത് ' എന്ന വാക്ക് ഉപയോഗിക്കുന്നു എന്ന് സ്വയം വിശകലനം ചെയ്യുക**

കുട്ടി ആവർത്തിച്ചു ചെയ്യുന്ന, എന്നാൽ ചെയ്യാൻ പാടില്ലാ എന്ന് നമ്മൾ വിചാരിക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക. അതിനു പകരമായി കുട്ടി എന്താണ് ചെയ്യേണ്ടതെന്ന് ആലോചിക്കുക. ആ രീതിയിൽ കുട്ടിയോട് പറഞ്ഞു നോക്കുക. ദൈനംദിന ജീവിതത്തിൽ അത് ഒരു ശീലമാക്കുക. ചില ഉദാഹരണങ്ങൾ നോക്കാം.

**2. വീട് സുരക്ഷിതമാക്കുക (Baby proofing the house)**

ഒരു ഉദാഹരണത്തോടെ തുടങ്ങാം. മുതിർന്നവർ ഉപയോഗിക്കുന്ന ഒരു ക്രീം കുട്ടി എടുത്തു ശരീരം മുഴുവൻ പുരട്ടി തീർത്തു എന്ന് വിചാരിക്കുക. ഇവിടെ തെറ്റ് കുട്ടിയുടെ ഭാഗത്തല്ല, മറിച്ച് കുട്ടിയുടെ കൈ എത്തും വിധം ആ ക്രീം അവിടെ കൊണ്ട് വച്ച ആളുടെ ഭാഗത്താണ്. മുതിർന്നവരെ മാതൃകയാക്കാനും അവർ ചെയ്യുന്നത് അനുകരിക്കാനും ഉള്ള ഒരു സ്വാഭാവിക പ്രവണത കുട്ടികൾക്കുണ്ട്. അത് ശ്രദ്ധിക്കേണ്ടത് നമ്മൾ ആണ്. കുഞ്ഞു കുട്ടികൾ ഉള്ള വീടാണെങ്കിൽ ഏതെങ്കിലും ഒരു മുറിയെങ്കിലും അവർക്ക് സ്വതന്ത്രമായി കളിക്കാൻ സാധിക്കുന്ന വിധം സുരക്ഷിതമാക്കുക. ഉദാഹരണത്തിന്, അലമാരകൾ പൂട്ടിയിടുക, സുരക്ഷിതമല്ലാത്ത സാധനങ്ങൾ

അവർക്ക് കൈ എത്താത്ത ഉയരത്തിൽ വയ്ക്കുക, പവർ സോക്കറ്റുകൾ അടയ്ക്കുക... എന്നിങ്ങനെ പലതും. അതോടൊപ്പം തന്നെ കുട്ടിക്ക് കളിയ്ക്കാൻ ഉള്ള കളിപ്പാട്ടങ്ങൾ കൊടുക്കുകയും ആവാം. അതിലൂടെ തന്നെ "അത് എടുക്കരുത്", "ഇതിൽ തൊടരുത്" എന്നീ നെഗറ്റീവ് ഭാഷകൾ എപ്പോഴും ആവർത്തിക്കാൻ ഉള്ള സാഹചര്യം തന്നെ നമുക്ക് ഒഴിവാക്കാൻ സാധിക്കും.

**3. ചിട്ടയായ ദിനചര്യയും കൃത്യമായ നിയമങ്ങളും രൂപപ്പെടുത്തുക (Daily Routine and Rules)**

കുട്ടി ഒരു ദിവസം ചെയ്യേണ്ട കാര്യങ്ങൾ എന്തൊക്കെയാണ് എന്ന് തീരുമാനിക്കുകയും അത് പറഞ്ഞു മനസിലാക്കുകയും ചെയ്യുന്നത് ഒരു അച്ചടക്ക സ്വഭാവം രൂപ പ്പെടുത്താൻ സഹായകമാകും. കൃത്യ സമയത്ത് ഉറങ്ങുക, ഉണരുക , സമീകൃതാഹാരം കഴിക്കുക, കളിച്ചതിനു ശേഷം കളിപ്പാട്ടങ്ങൾ അടുക്കി വൃത്തിയാക്കി വക്കുക... അങ്ങനെ ഒരു ദിവസം ചെയ്യേണ്ട കാര്യങ്ങൾ രൂപപ്പെടുത്തിയെടുക്കുക. അതോടൊപ്പം തന്നെ പല സാഹചര്യങ്ങളിലും പാലിക്കേണ്ട കാര്യങ്ങൾ ഓർമ്മിപ്പിക്കുക. ഉദാഹരണത്തിന്, "റോഡിൽ കൂടെ നടക്കുമ്പോൾ മുതിർന്നവരുടെ കയ്യിൽ പിടിച്ചേ നടക്കാവൂ" എന്ന് പറഞ്ഞു പഠിപ്പിച്ചാൽ , കുട്ടി കയ്യിൽ പിടിക്കാൻ ഓർമ്മിക്കുമെന്നു മാത്രമല്ലാ,"റോഡിൽ കൂടെ ഓടരുത്" എന്ന നെഗറ്റീവ് ഭാഷ ഒഴിവാക്കാനും സാധിക്കും.

**4.'ആദ്യം...പിന്നെ' എന്ന നിർദ്ദേശം ('First and Then' command)**

ഏറ്റവും ലളിതമായി ഉപയോഗിക്കാവുന്ന ഒരു രീതിയാണിത്. കുട്ടിയോട് ആദ്യം എന്ത് ചെയ്യണം എന്ന് ആവശ്യപ്പെടുന്നു, പിന്നീട് എന്ത് ചെയ്യാം എന്നും പറയുന്നു. ഉദാഹരണത്തിന് , പാർക്കിൽ ഇപ്പോൾ പോകണം എന്ന് പറയുന്ന കുട്ടിയോട് "ആദ്യം കളിപ്പാട്ടങ്ങൾ അടുക്കി വയ്ക്കൂ , പിന്നീട് പാർക്കിൽ പോകാം" എന്ന് ആവശ്യപ്പെടാം. എന്താണോ ചെയ്യേണ്ടത് അത് ആദ്യം പറയാം. ചില കാര്യങ്ങൾ ചെയ്യാൻ കുട്ടി കാത്തിരിക്കേണ്ടതായി വരും. അങ്ങനെ ഉള്ള സാഹചര്യത്തിൽ എപ്പോൾ അവർക്ക് അത് ചെയ്യാം എന്നത് പറഞ്ഞു കൊടുക്കാം.

**5. വികാരങ്ങൾ പ്രകടിപ്പിക്കാൻ അനുവദിക്കുക**

സന്തോഷം, സങ്കടം, ഭയം തുടങ്ങി എല്ലാ മനുഷ്യരിലും പല വിധത്തിലും ഉള്ള വികാരങ്ങൾ സ്വാഭാവികമായി ഉണ്ടാകുന്നു. എന്നാൽ ഒരു കുട്ടിക്കുണ്ടാകുന്ന വിവിധങ്ങളായ വികാരങ്ങൾ അംഗീകരിക്കാൻ കഴിയുന്നുണ്ടോ എന്ന് ചിന്തിച്ചു നോക്കുക. പലപ്പോഴും കുഞ്ഞിന്റെ സന്തോഷവും ചിരിയും ആസ്വദിക്കുന്ന പലർക്കും കുട്ടി കരയുന്നത് അംഗീകരിക്കാനാവുന്നില്ല. "എനിക്ക് കരച്ചിൽ കേൾക്കണ്ട", "ഇപ്പോൾത്തന്നെ നിന്റെ കരച്ചിൽ നിർത്തിക്കൊള്ളണം" അല്ലെങ്കിൽ "ആൺകുട്ടികൾ കരയത്തില്ല" എന്നിങ്ങനെ പറഞ്ഞു കുട്ടിയുടെ സങ്കടം പ്രകടമാക്കാൻ അനുവദിക്കാതെ ഉള്ളിൽ ഒതുക്കാൻ നിർബ്ബന്ധിക്കുന്നു. മുതിർന്നവർക്കാണെങ്കിൽ പോലും ഏറ്റവും ദുഃഖം ഉണ്ടാകുന്ന സാഹചര്യങ്ങളിൽ ഒന്ന് കണ്ണീരൊഴുക്കി കരഞ്ഞാൽ എത്രയോ ആശ്വാസമാണ് ലഭിക്കുക. അതേ പോലെ തന്നെയല്ലേ നമ്മുടെ കുഞ്ഞു മക്കളും? അരുതുകൾ കൊണ്ട് അവരുടെ വികാരങ്ങളെ പിടിച്ചു കെട്ടുന്നതിനു പകരം, സ്നേഹത്തോടെ നമ്മോട് ചേർത്ത് നിർത്തി ആശ്വസിപ്പിക്കാം. ഓരോ വികാരങ്ങളും സ്വാഭാവികമാണെന്നും അവയെ എങ്ങനെ മാനേജ് ചെയ്യണമെന്നും അവരെ പറഞ്ഞു മനസിലാക്കാം.

**6. കുട്ടികളുടെ കളിക്കാൻ ഉള്ള സ്വാഭാവിക ത്വര മനസിലാക്കുക (The Urge to Play)**

ഒരു കുഞ്ഞിൻറെ ജനനം മുതൽ ഒരു വയസു വരെ നോക്കിയാൽ വളർച്ചയുമായി ബന്ധപ്പെട്ടു കിടക്കുന്ന സുപ്രധാന നാഴികക്കല്ലുകൾ ദർശിക്കാനാവും. കമഴ്ന്നു വീഴുക, ഇരിക്കുക, നിൽക്കുക, നടക്കുക, ചിരിക്കുക, സംസാരിക്കുക എന്ന് തുടങ്ങി പലതും. ഇതേ പോലെ തന്നെ ഒരു കുഞ്ഞു വളർന്നു വരുമ്പോൾ അവരുടെ പെരുമാറ്റത്തിലും കളിക്കുന്ന രീതികളിലും ഒരു പാറ്റേൺ കണ്ടെത്താൻ സാധിക്കും. കളികളിലൂടെ പഠിക്കാനും അറിയാനും (Learning through play) പ്രകൃതി തന്നെ നൽകുന്ന ചില സ്വാഭാവിക പ്രേരണകൾ ആണ് അത്. അവയെ ഒരിക്കലും തടയാനോ, പ്രത്യേകിച്ച് ഒരു സ്ക്രീനിനു മുൻപിൽ കാർട്ടൂൺ വച്ച് കൊടുത്ത് അവരെ പിടിച്ചിരുത്താനോ ശ്രമിക്കാതിരിക്കുക. അങ്ങനെ ചെയ്താൽ ഭാവിയിലേക്കുള്ള വലിയ പാഠങ്ങൾ പഠിക്കുന്നതിനുള്ള അവസരവും, മനോഹരമായ കുട്ടിക്കാല ഓർമകളും തന്നെ അവർക്ക് നഷ്ടപ്പെട്ടു പോയേക്കാം. വളർച്ചയുടെ ഓരോ ഘട്ടത്തിലും കുട്ടികൾ ചില സ്വാഭാവിക പ്രേരണയാൽ ചില കാര്യങ്ങൾ ചെയ്യാറുണ്ട്. അത് മനസിലാക്കുക, അംഗീകരിക്കുക. ഉദാഹരണത്തിന്, ഭിത്തിയിൽ വരയ്ക്കുന്ന കുട്ടി ആ പ്രവർത്തി ചെയ്യുന്നത് സ്വാഭാവിക പ്രേരണയാൽ ആണ്. ഒന്ന് ചിന്തിച്ചാൽ, ഈ ലോകത്തിലെ എത്രയോ

കുട്ടികൾ ഭിത്തിയിൽ വരയ്ക്കാൻ ശ്രമിച്ചിരിക്കുന്നു. അപ്പോൾ ആ പ്രവർത്തിയുടെ പിന്നിൽ വളരെ സ്വാഭാവികമായ ഒരു പ്രേരക ശക്തി ഇല്ലേ? കുഞ്ഞു കൈകൾ കൊണ്ട് എഴുതാനും വരയ്ക്കാനും ഉള്ള കുട്ടിയുടെ ആദ്യ ശ്രമമാണത്. അതെ, ഭിത്തിയിൽ വരയ്ക്കുന്നത് സ്വീകാര്യമല്ല. അപ്പോൾ കുട്ടിയെ വഴക്കു പറയുന്നതിന് പകരം, അവർക്ക് എവിടെ വരക്കാം എന്ന് പറഞ്ഞു കൊടുക്കാം. 'പേപ്പറിൽ വരയ്ക്കൂ' എന്ന് പറഞ്ഞ് കുട്ടിക്ക് പെൻസിലും പേപ്പറും നൽകാം. ഓടുക , ചാടുക , പെട്ടിയുടെ ഉള്ളിൽ കയറി ഇരിക്കുക, എറിയുക, ഉയരങ്ങളിലേക്ക് കയറുക, സാധനങ്ങൾ സ്വരുക്കൂട്ടുക എന്ന് തുടങ്ങി ഒരു പാട് സ്വാഭാവിക പ്രേരണകൾ കുട്ടികളുടെ വളർച്ചാ കാലഘട്ടത്തിൽ ഉടനീളം കാണാം. സുരക്ഷയുമായി ബന്ധപ്പെട്ട് കിടക്കുന്നതിനാൽ തന്നെ പെട്ടെന്ന് 'അരുത്' എന്ന് പറയാൻ തോന്നിയേക്കാം. എന്നാൽ കുട്ടിയുടെ ആ പെരുമാറ്റത്തെ പൂർണമായി നിർത്താൻ ശ്രമിക്കുന്നതിനു പകരം സുരക്ഷിതമായി ഓരോ കാര്യവും ചെയ്യാൻ ഉള്ള സാഹചര്യം ഉണ്ടാക്കി കൊടുക്കുക. ഉദാഹരണത്തിന്, സൈക്കിൾ ഓടിക്കുമ്പോൾ നിർബന്ധമായും ഹെൽമെറ്റ് വയ്ക്കുക, മൈതാനത്തു പന്ത് എറിഞ്ഞു കളിക്കുക, സ്വീകരണമുറിയിൽ പുതപ്പു കൊണ്ട് ഒരു ടെൻറ് ഉണ്ടാക്കി കളിക്കാം എന്നിങ്ങനെ ഏത് കാര്യവും എപ്പോൾ, എവിടെ സുരക്ഷിതമായി ചെയ്യാം എന്ന് പറഞ്ഞു മനസിലാക്കി കൊടുക്കാം.

**7. അരുത് എന്ന വാക്കിനെ സ്വാധീനശക്തിയുള്ള ഒരു പദം ആക്കുക**

അവശ്യമായ സാഹചര്യത്തിലേക്ക് മാത്രമായി സൂക്ഷിച്ചു വയ്ക്കേണ്ട ശക്തമായ ചില പദങ്ങൾ ഉണ്ട്. അതിൽ ഒന്നാണ് 'സത്യം' എന്നത്. എപ്പോഴും സത്യം എന്ന വാക്ക് സംസാരത്തിൽ ഉൾപ്പെടുത്തിയാൽ ആ വാക്കിനു അതിന്റേതായ മൂല്യം നഷ്ടപ്പെട്ടു പോയേക്കാം. "സത്യമായും ഞാൻ പഠിച്ചു" അല്ലെങ്കിൽ "സത്യമായും ഞാൻ ഉച്ച ഭക്ഷണം മുഴുവൻ കഴിച്ചു" എന്നിങ്ങനെ എപ്പോഴും സത്യം ആണയിട്ടു പറഞ്ഞു സംസാരിക്കുന്ന ഒരാൾ ഒരു വലിയ കാര്യം വരുമ്പോൾ എങ്ങനെ അത് മറ്റുള്ളവരെ ബോധ്യപ്പെടുത്തും? പറഞ്ഞു വന്നത്, എപ്പോഴും അരുത് എന്ന് പറഞ്ഞു കൊണ്ടിരുന്നാൽ ആ വാക്കിന് അതിന്റേതായ വില തന്നെ നഷ്ടപ്പെടും. അതിനാൽ ഏറ്റവും ആവശ്യമുള്ളപ്പോൾ, പ്രത്യേകിച്ച് കുട്ടിയുടെ സുരക്ഷിതത്വവുമായി ബന്ധപ്പെട്ടു കിടക്കുന്ന സാഹചര്യങ്ങളിൽ മാത്രം ആ വാക്ക് ഉപയോഗിക്കുക. ഇതിലൂടെ നമ്മൾ ഉപയോഗിക്കുന്ന 'അരുത്' എന്ന വാക്ക് അത്രയേറെ ശക്തമായി മാറുന്നു. ഒരു കാര്യം കൂടെ വ്യക്തമാക്കിക്കൊള്ളട്ടെ. ഒരിക്കലും 'അരുത്' എന്ന് പറയരുതെന്നോ, കുട്ടി പറയുന്ന എല്ലാ കാര്യങ്ങളും സാധിച്ചു കൊടുക്കണം എന്നോ ഉള്ള അർത്ഥത്തിൽ തെറ്റിദ്ധരിക്കപ്പെടരുത്. എല്ലാ മനുഷ്യരും ജീവിതത്തിന്റെ പല കാലഘട്ടങ്ങളിലും നിരസിക്കലും, തിരസ്കരണവും എല്ലാം അഭിമുഖീകരിക്കേണ്ടതായി വന്നേക്കാം. അതിനാൽത്തന്നെ, ഒരു കാര്യം കിട്ടിയില്ലെങ്കിൽ അല്ലെങ്കിൽ ചെയ്യാൻ പറ്റിയില്ലെങ്കിൽ എങ്ങനെ സ്വയം നിയന്ത്രിക്കാമെന്നും, ആത്മവിശ്വാസത്തോടെ എങ്ങനെ മുന്നോട്ടു പോകാമെന്നും പറഞ്ഞു കൊടുക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. അതിനാൽ 'അരുത്' എന്ന വാക്ക് അവരെ പരിചയപ്പെടുത്താം. എന്നാൽ നിരന്തരം ഉപയോഗിച്ച് 'അരുത്' എന്ന വാക്കിന്റെ പ്രാധാന്യം കുറയ്ക്കാതെ, അത്യാവശ്യമുള്ളപ്പോൾ മാത്രം അതുപയോഗിക്കുക. ഉദാഹരണത്തിന് ഷോപ്പിംഗിനു പോകുമ്പോൾ കളിപ്പാട്ടം വേണം എന്ന് പറഞ്ഞ് വാശി പിടിക്കുന്ന കുട്ടിയോട് 'മേടിക്കുന്നില്ല' എന്ന് തന്നെ പറയാം. അതേ പോലെ തന്നെ ജ്വലിക്കുന്ന മെഴുകുതിരിയിൽ തൊടാൻ പോകുന്ന കുട്ടിയോട് 'തൊടരുത്, തീയിൽ തൊട്ടാൽ കൈ പൊള്ളും' എന്ന് പറഞ്ഞു കൊടുക്കാം. ഏറ്റവും ആവശ്യം ഉള്ള സാഹചര്യത്തിൽ മാത്രം 'അരുത്' എന്ന വാക്ക് ഉപയോഗിക്കുന്നത് കൊണ്ട് തന്നെ നാം 'ഇല്ല' എന്ന് പറഞ്ഞാൽ 'ഇല്ല' എന്ന് തന്നെയാണെന്നും വാശി പിടിച്ചാലും അത് സാധിച്ചു കിട്ടില്ലെന്നും കുട്ടിക്ക് മനസിലാകും.

കുട്ടികൾ അവരുടെ കുഞ്ഞിക്കണ്ണുകളിലൂടെ ഈ വലിയ ലോകത്തെ നോക്കി കണ്ട് പഠിക്കുമ്പോൾ മുതിർന്നവരായ നമ്മളെയാണ് അവർ മാതൃകയാക്കുന്നത്. കുറച്ചു കൂടി സൗമ്യതയോടും ശാന്തതയോടും നമുക്ക് അവരോട് ഇടപെടാം. ആ കുഞ്ഞു മനസിനെ കൂടുതൽ മനസിലാക്കാൻ ശ്രമിക്കാം. പോസിറ്റീവ് മനോഭാവത്തോടെ അവരോട് സംസാരിക്കാം, പെരുമാറാം...അങ്ങനെ അവരും മറ്റുള്ളവരോട് പോസിറ്റീവായി സംസാരിക്കട്ടെ, പെരുമാറട്ടെ!

**Happy Parenting!**

*Aleena : Loves writing and is the author of the book 'A Bunch of Gratitude and Kindness'.*






**കുര്യൻ ജോൺ**

The under current എന്ന് ഇംഗ്ലീഷിൽ പരിഭാഷ നൽകിയ ക്രിസ്റ്റോ ടോമിയുടെ ആദ്യ ഫീച്ചർ സിനിമ തികച്ചും പുതിയൊരനുഭവമായി. സിനിമാപ്പേരിലെ വ്യാകരണയുക്തിപോലെ തന്നെ സിനിമാ പ്രേക്ഷകരിലെ ലിംഗ സമത്വവുമാണ് ഇതിനു നിദാനം. നായകനില്ലാതെ നായികമാർ മാത്രമുള്ള സിനിമ! രണ്ടു തലമുറകളിലെ അഭിനയ പ്രതിഭകളായ ഉർവ്വശിയുടെയും പാർവ്വതിയുടെയും അഭിനയത്തിലെ മിതത്വവും മികവും അനുപമമായി...യാതൊരു അതിഭാവുകത്വവും പ്രകടിപ്പിക്കാതെയുള്ള ചാരുത നിറഞ്ഞ പ്രകടനം! അതിസുന്ദരവും അവിശ്വസനീയവുമായൊരു ലോകം കവിത പോലെ വിരചിച്ചിരിക്കുന്നു. ദൈവത്തിന്റെ സ്വന്തം നാട് എന്ന ബ്രാൻഡിന്റെ ഛായാചിത്രം കൂടിയായ കുട്ടനാടിന്റെ സൗന്ദര്യം ഏറെ കാണിക്കാമായിരുന്ന സന്ദർഭങ്ങളിലും ആ പ്രകൃതി സൗന്ദര്യം പ്രദർശനാത്മകമാക്കാതെ സംയമനത്തോടെയാണ് സംവിധായകൻ ഓരോ സീനും സീക്വൻസും കൊണ്ടുപോകുന്നത്. കായൽപ്പരപ്പുകളും, ഇടവഴികളും, ചീനവലകളും നിറഞ്ഞ് സമുദ്രനിരപ്പിൽ നിന്നും താണു കിടക്കുന്ന ഈ പ്രദേശത്തെ ജീവിതം അവിടത്തുകാർ അനുഭവിക്കുന്ന തലത്തിൽ തന്നെ നമുക്ക് കാണിച്ചുതരുന്നു. കുട്ടനാടൻ നസ്രാണി ജീവിതവും അതിവർഷക്കെടുതികളിലെ ജീവിത ദുരിതവും പ്രേക്ഷകരുടെ മനസ്സിൽ പുതിയൊരു ഓളപ്പരപ്പാവുകയാണ്.

ലീലാമ്മയും അഞ്ജുവുമാണ് കഥയിലെ കേന്ദ്രകഥാപാത്രങ്ങൾ- അമ്മായിയമ്മയും മരുമകളും. പുറമെ വൈരുധ്യങ്ങളുടെയും ഉള്ളിൽ പരസ്പര പൂരകങ്ങളുടെയും മനസ്സുകൾക്ക് ഉടമയാണിവർ. കുടുംബ മഹിമയുടെയും സദാചാര ബോധത്തിന്റെയും അതിർത്തികളിൽ




ഇവർ പരസ്പരം ഏറ്റുമുട്ടുന്നുണ്ട്. കാമുകനെ വിവാഹം കഴിക്കാനാകാതെ കുടുംബാംഗങ്ങൾ നിർബന്ധപൂർവ്വം കെട്ടിച്ചേൽപ്പിച്ച തോമസ്ക്കുട്ടിയെ വിവാഹം ചെയ്യേണ്ടിവന്ന അഞ്ജു, ഭർത്താവ് മുൻപേ തന്നെ മാരക രോഗത്തിന് അടിമയായിരുന്നെന്ന, മറ്റുള്ളവർ മറച്ചു വെച്ച, വിവരം തോമസ്കുട്ടിയുടെ മരണശേഷമാണ് അറിയുന്നത്. ലീലാമ്മയുടെ ദാമ്പത്യവും വാക്കുകളിൽ പൊതിഞ്ഞ മഹിമക്കപ്പുറം വെറും പുറം പൂച്ചാണ് എന്ന് വെളിപ്പെടുന്നുണ്ട്. പൂർവ്വ കാമുകന്റെ ഗർഭം പേറി നിൽക്കുമ്പോഴാണ് തോമാസ്കുട്ടിയുടെ മരണമെന്നത് ഒരു സൗകര്യമായി കാണാതെ അഞ്ജു ഇത് ലീലാമ്മയോട് വെളിപ്പെടുത്തുന്നുണ്ട്. കുടുംബ മഹിമകളിൽ കെട്ടിപ്പൊക്കിയ ദുരഭിമാനം ഇവിടെ പൊളിഞ്ഞു വീഴുന്നു. പരസ്പരം അറിയാത്ത ദുരൂഹതകളുള്ള രണ്ട് നായികമാർ. ചിത്രത്തിലുടനീളം നേരിട്ടുകാണിച്ചും കാണിക്കാതെയുമുള്ള മൃതദേഹം ഒരു മുഖ്യകഥാപാത്രമാണ്. ചില മനുഷ്യരുടെയുള്ളിൽ ഇതുപോലെ ഓരോ മൃതദേഹങ്ങൾ അവരറിയാതെ കിടപ്പുണ്ടാകും. സമയത്ത് സംസ്കരിക്കാൻ പോലും കഴിയാത്തവിധം അത് അവരുടെയുള്ളിൽ വെള്ളത്തിൻ മുകളിലെന്നതുപോലെ പൊന്തിക്കിടക്കും. പറമ്പിലും മുറ്റത്തും വീടിനകത്തു പോലും തളം കെട്ടിയ വെള്ളം ഇറങ്ങി തീരുന്നതും കാത്തിരിക്കും. ചിലപ്പോൾ വിതാനം താഴ്ന്ന വെള്ളം വീണ്ടും വിതാനം ഉയർത്തും, ആത്മനിശ്വാസങ്ങളുടെ കയറ്റിറക്കം പോലെ! കരകവിഞ്ഞൊഴുകുന്ന വെള്ളം ഈ സിനിമയിൽ ഒരു ദുരന്തദൃശ്യമല്ല, ജീവിതാഖ്യാനമാണ്...

ക്രിസ്റ്റോ ടോമി പ്രതീക്ഷ നൽകുന്ന പ്രതിഭയാണ് എന്ന് നിസ്സംശയം പറയാം. സത്യജിത്റായി ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും പഠിച്ചിറങ്ങിയ ടോമി രണ്ട് ദേശീയ പുരസ്കാരങ്ങൾ ഇതിനകം നേടിയിട്ടുണ്ട്. ഒന്ന് 'കന്യകയും കാമുകിയും' എന്ന ഡോക്യുമെന്ററിയാണ്. കേരളത്തിൽ കോളിളക്കം സൃഷ്ടിച്ച കൂടത്തായി കൊലപാതക പരമ്പരയെ ആസ്പദമാക്കി നിർമ്മിച്ച 'കറി & സൈനൈഡ്' എന്ന ഡോക്യുമെന്ററിയും ക്രിസ്റ്റോ ടോമിയുടെ പ്രതിഭയുടെ മാറ്റുരച്ചതായിരുന്നു. തോമസ്ക്കുട്ടിയായി പ്രശാന്ത് മുരളിയും പിന്നെ അലൻസിയറും, അർജ്ജുൻ രാധാകൃഷ്ണനുമാണ് മറ്റ് പ്രധാന അഭിനേതാക്കൾ.

നമ്മുടെ സിനിമാ പ്രേക്ഷകർ പൊതുവെ പുരുഷ മേൽക്കോയ്മയുടേതാണ്; സ്ത്രീകൾ പുരുഷന്മാരുടെ പാർശ്വ വീക്ഷകർ മാത്രമോ, അല്ലെങ്കിൽ തിരക്കില്ലാതെ ടിക്കറ്റെടുക്കാനുള്ള സഹായികളോ ആണ്. തിയേറ്ററിൽ "ഉള്ളൊഴുക്ക്" കാണാനെത്തിയപ്പോൾ സ്ത്രീകളുടെ ഒഴുക്കായിരുന്നു...പ്രേക്ഷകരിൽ പകുതിയിലധികം സ്ത്രീകൾ! പല പ്രായഭേദക്കാർ...അവർ ഒറ്റക്കും അഞ്ചും ആറും പേരടങ്ങുന്ന സംഘങ്ങളായും സ്വയം ടിക്കറ്റെടുത്ത് എത്തിയിരിക്കുന്നു!

പ്രേക്ഷക സമൂഹത്തിലെ ഈ ലിംഗ സമത്വവും ഏറെ ശ്രദ്ധേയമായി...കാണികളുടെ ഉള്ളുലച്ച് ഒഴുകുന്നു, ഉള്ളൊഴുക്ക്!

കുര്യൻ ജോൺ: കേരളാ ഗവർണ്മെന്റ് സർവീസിൽ മുനിസിപ്പൽ സെക്രട്ടറിയായും,കുടുംബശ്രീ പ്രൊജെക്റ്റ് ഓഫീസറായും പ്രവർത്തിച്ചു. കോഴിക്കോട് സ്വദേശി. തദ്ദേശ രാഷ്ട്രീയ, സാംസ്കാരിക, രംഗങ്ങളിൽ സജീവസാന്നിദ്ധ്യമാണ്.

# യാത്ര



നവജീവൻ,
ഭൂമിയിൽ പിറവിയെടുത്ത നേരം
മാനസം യാത്ര തുടങ്ങുകയായ്,
ജിജ്ഞാസ നിറഞ്ഞ പാതകളിലൂടെ
വിചാരധാരയൊഴുകുകയായ്....

സ്നേഹബന്ധങ്ങൾ,
ഹൃദയത്തിൽ കാരുണ്യസ്പർശമായ്;
സുസ്ഥിരബന്ധത്തിൻ പുണ്യവും
സ്വപ്നസാഫല്യത്തിൻ വിജയവും
യാത്രയെ പുണരും സന്തോഷമാത്രകൾ...

ദുരിതകാലത്തിൽ,
വ്യഥാബോധചിന്തയിലാത്മാവ്,
നിഴലിനെ പ്രണയിച്ച്,
ചിന്താഭാര മരവിപ്പിൽ,
ദുഃഖാവസ്ഥയെ തൊട്ടറിയും നിമിഷങ്ങൾ...

വിഘ്നാതവീഥികൾ,
അതിജീവനത്തിൻ പരീക്ഷയായ്,
സഹനത്തിൻ പരീക്ഷണമായ്,
പർവ്വത കയറ്റങ്ങളായ്,
യാത്രയെയിളക്കും വെല്ലുവിളികൾ...

യാത്രയുടെയന്ത്യം മുക്തിയോ
അടുത്ത പ്രയാണത്തിൻ ഒരുക്കമോ,
സമാധാനം തേടി,
അനന്തതയെ ആശ്ലേഷിച്ച്,
മറ്റേതോ പ്രപഞ്ചശ്രേണിയിൽ ലയനമോ?




നിധീഷ്, ജി

നിധീഷ്: വടകര സ്വദേശി. ബിസിനസ് അനലിസ്റ്റ് . 2015 മുതൽ കുടുംബസമേതം ഓക്‌ലൻഡിൽ താമസിച്ചു വരുന്നു.



# എന്റെ ഗ്രാമോർമകൾ



അനൂജ
ജെയ്മോൻ

ആഴക്കടലിലെ അലകൾ ഉഴലുന്നപോലെ
അകതാരിലെ ഓർമ്മകൾ തിരതല്ലുമ്പോൾ
അറിയാതെ ഒരു നറുതണലിൽ തലോടലായി
എന്റെ സുന്ദര ഗ്രാമോർമകൾ ഓർത്തിടുമ്പോൾ

ന്യൂസിലാൻഡിന്റെ വാനങ്ങൾക്കു കീഴിൽ
പർവ്വതങ്ങളുടെയും താഴ്വരകളുടെയും ഇടയിൽ
വൈശാഖത്തിലെ സൂര്യപ്രകാശം പോലെ
ആകർഷകമായ സ്വപ്നങ്ങൾ ഞാൻ നേടിയിട്ടും...

എന്റെ മനസ്സിന്റെ തീരത്തായി ഞാൻ മാത്രം
എവിടെയോ എപ്പോഴോ മറന്നു പോയ
എന്റെ സുന്ദര ഗ്രാമത്തിൻ നനുത്ത ഓർമ്മകൾ
എന്റെ ബാല്യത്തിലേക്ക് ഞാൻ തിരഞ്ഞോടി
ഏറ്റവും മനോഹാരിതകളോടെ ഞാൻ കണ്ടു ആ
കൊച്ചുഗ്രാമം

സൗഹൃദ കൂട്ടമായി ഓടികളിച്ചൊരു കൊച്ചു ഗ്രാമം
സ്നേഹാന്തരീക്ഷത്തിൻ നിറകുടമാം കൊച്ചു
ചിരികളാൽ നിറഞ്ഞൊരെൻ കൊച്ചുഗ്രാമം...
കേരമരങ്ങളാൽ നിറഞ്ഞൊരു പച്ച ഗ്രാമം
കന്മഷം കലരാത്ത എന്റെ ഗ്രാമം
സന്തോഷ സുന്ദര ഗ്രാമത്തിൻ ഓർമ്മകൾ
മാറോടണച്ച് ഞാൻ മയങ്ങി...

---

*Anooja Jaimon: Passionate about poetry and enjoy expressing through writing. Lives in Auckland with husband and two children.*

# ഒരു മെയിൽ നേഴ്സും പിന്നെ IELTS ഉം



ജിജോ ലോറൻസ്

ഞാനിന്ന് ന്യൂസിലാൻഡിൽ റെസിഡൻറ് ആണ്; വർഷങ്ങൾക്കു മുമ്പേ വരാൻ ഏറെ കൊതിച്ച ഈ നാട്ടിൽ... അതേ, മനസ്സും ശരീരവും ഏറെ പണിപ്പെട്ടാണ് ഇവിടെ എത്തിയത്.

ഞാൻ ഒരു മെയിൽ നേഴ്സാണ്.

അറിവായ കാലം മുതൽ ഒരു സാധാരണ കുട്ടിയുടേതുപോലെ തന്നെ ഞാനും സ്വപ്നങ്ങൾ നെയ്തു... വലിയ വലിയ സ്വപ്നങ്ങൾ! പ്ലസ് ടു പരീക്ഷ കഴിഞ്ഞ് എന്തു പഠി ക്കണമെന്ന് ചിന്തിച്ച് നടന്ന കാലം. പപ്പ പറഞ്ഞു- കൃഷിയാണ് ഏറ്റവും നല്ലത്- മനസ്സമാധാനം കിട്ടും, ഒത്തിരി സന്തോഷവും! എന്നാൽ അമ്മയ്ക്ക് ഞാൻ നല്ല നിലവാരമുള്ള ഒരു ജോലിതന്നെ ചെയ്യണമെന്നായിരുന്നു ആഗ്രഹം. പക്ഷേ എൺപതുകളിലെ ഒരു സാധാരണ കുടുംബത്തിലെ ദാരിദ്ര്യം പല കോഴ്സുകളിൽ നിന്നും എന്നെ അകറ്റി നിർത്തി. അതുകൊണ്ട് തന്നെ, "കുറേ കാശുണ്ടാക്കണം- അതുവഴി വീട്ടിലെ ദാരിദ്ര്യവും മാറ്റണം" എന്ന ചിന്തയുമായി ഞാൻ ബാംഗ്ലൂരിൽ ഒരു നേഴ്സിങ് കോളേജിൽ പഠനം തുടങ്ങി.

നല്ല കുറെ സൗഹൃ ദങ്ങൾ അവിടെ നിന്നും ലഭിച്ചു. ജോലിയും കിട്ടി. വിദേശത്ത് ജോലി എന്ന സ്വപ്നവുമായി ഒന്നാം ദിവസം തുടങ്ങി. ഓറിയന്റേഷൻ ആണ്. ഞാൻ ഒരു നേഴ്സിന്റെ കീഴിൽ ജോലി പഠിക്കുകയാണ്. അദ്ദേഹത്തിന്റെ പേര് ടോം എന്നാണ്. ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ, ടോം പേടിച്ച് വിറച്ച് ഓടി വരുന്നു... "എടാ ഡ്രസ്സിങ് സെറ്റ് എടുത്തുവയ്ക്കൂ...ഓർത്തോ ഡോക്ടർ ഡ്രസ്സിങ്ങിനു വരുന്നു"...

ട്രേ എല്ലാം റെഡിയാക്കി വെച്ചപ്പോൾ ഡോക്ടർ എന്നു തോന്നിപ്പിക്കുന്ന ഒരാൾ ഓടി വന്നു... ഒരു മുരടൻ... കണ്ണുകളിൽ ഒരു ദയയും ഇല്ല. ഡ്രസ്സിംഗ് ട്രോളിയിലോട്ട് നോക്കിയിട്ട് എന്നെ കുറേ ചീത്ത വിളിച്ചു. പുറകിലോട്ട് തിരിഞ്ഞു നോക്കിയപ്പോൾ ടോം നിന്നിടത്തു് ഒരു പൊടിപോലും ഇല്ല. പിന്നെ എങ്ങിനെയൊക്കെയോ ആ ഡ്രസ്സിംഗ് കഴിഞ്ഞു... വീണ്ടും ഇംഗ്ലീഷിൽ കുറെ തെറിയും വിളിച്ച് മഹാനായ ആ ഡോക്ടർ അവിടെ നിന്നും പോയി. ഇതാണ് നേഴ്സായി ആദ്യം ലഭിച്ച സ്വീകരണം! പിന്നീടുള്ള ദിവസങ്ങളിൽ ഇതിലുമപ്പുറം തെറിവിളി കേട്ടിട്ടുണ്ട്; ആ അനുഭവങ്ങൾ എഴുതാൻ തുടങ്ങിയാൽ ഒരു നോവൽ എഴുതാൻ മാത്രം വകയുണ്ട്. അതോടെ ഇനി എന്തു ചെയ്യണം എന്ന ചോദ്യം ജീവിതത്തിലുണ്ടായി. വളരെ തുച്ഛമായ സാലറി... ഒന്നര ലക്ഷംരൂപ ലോൺ! ഇനിയങ്ങോട്ടു് എന്തുചെയ്യും എന്ന ചോദ്യം മുൻപിൽ.

അങ്ങനെയിരിക്കെ ന്യൂസിലാൻഡിൽ ജോലി ചെയ്യുന്നു ഒരു മെയിൽ നേഴ്സിനെ പരിചയപ്പെട്ടു. സിജു എന്നാണദ്ദേഹത്തിന്റെ പേര്. അദ്ദേഹം പറഞ്ഞു- I.E.L.T.S.പരീക്ഷക്ക് എല്ലാ മോഡ്യൂളിനും 7 കിട്ടിയാൽ ന്യൂസിലാൻഡിൽ രെജിസ്റ്റേർഡ് നേഴ്സ് ആയി ജോലി കിട്ടും. രണ്ട് ലക്ഷം രൂപ വരെ ശമ്പളം...! അങ്ങനെ ഞാനും 2012 വർഷത്തിൽ I.E.L.T.S.



പഠിക്കാൻ തുടങ്ങി. ഒരു മലയാളം മീഡിയം സ്കൂളിൽ പഠിച്ച എനിക്ക് ഒരുമാതിരി ഇംഗ്ലീഷ് കൈകാര്യം ചെയ്യാം എന്നല്ലാതെ അതിലും വലിയ പ്രാഗൽഭ്യം ഒന്നുമില്ല. ജോലിഭാരവും, സാമ്പത്തിക ആവശ്യങ്ങളും, സ്വപ്നങ്ങളുടെ തീവ്രതയും എല്ലാം കൂടി ചേർന്നപ്പോൾ പഠിക്കാനുള്ള ആഗ്രഹത്തിന് തീവ്രത കൂടി.

ഹൈദരാബാദിൽ ഐ.സി.യു.വിലാണ് അന്ന് ജോലി. ഒരു മിനിറ്റുപോലും ഇരിക്കാതെ ഡ്യൂട്ടി... എങ്കിലും അന്നുതന്നെ അടുത്തുള്ള ഒരു I.E.L.T.S. കോച്ചിങ് സെന്ററിൽ പോയി വിവരം തിരക്കി. 6,000 രൂപ ഫീസ്, മൂന്നുമാസം ക്ലാസ്സുണ്ട്. അങ്ങനെ അടുത്ത ദിവസംതന്നെ ക്ലാസ് തുടങ്ങി. കയ്യിൽ കാശ് ഒന്നും മിച്ചമില്ല. വളരെ തുച്ഛമായ ശമ്പളമാണ് കിട്ടുന്നത്. വീട്ടിലെ ആവശ്യവും കഴിഞ്ഞ് മിച്ചം വയ്ക്കാൻ കയ്യിൽ എനിക്കൊന്നുമില്ല. ഒരു കൂട്ടുകാരന്റെ കൈയിൽ നിന്നും 1000 രൂപ കടം വാങ്ങി അഡ്വാൻസ് കൊടുത്തു; ബാക്കി പിന്നെ തരാം എന്നു പറഞ്ഞു ക്ലാസ് തുടങ്ങി.

ആദ്യത്തെ ദിവസം... ഹൈദരാബാദിൽ പഠിച്ചുവളർന്ന കുട്ടികളാണ് ക്ലാസ് നിറയെ. ആദ്യം എല്ലാവരും സ്വയം പരിചയപ്പെടുത്തലാണ്. മറ്റുള്ളവർ ഇംഗ്ലീഷ് സംസാരിക്കുന്നത് കേട്ടപ്പോൾത്തന്നെ എന്റെ പകുതി ജീവൻ പോയി. പിന്നെ എന്റെ ഊഴമാണ്. ബ,ബ,ബബ,.... ഞാനെല്ലാം കൊളമാക്കി. കൂട്ട ചിരിയാണ് പിന്നെ കേട്ടത്. എന്റെ മനസ് ആകെ തളർന്നു പോയി. ഞാൻ വീട്ടിൽ തിരിച്ചുവന്ന് ഒന്നും മിണ്ടാതിരുന്നു. മനസ്സിലെ സ്വപ്നങ്ങൾ കൈയ്യെത്താ ദൂരത്താണെന്ന് എനിക്ക് തോന്നി. മനസ്സിനെ നിയന്ത്രിക്കാൻ പറ്റുന്നില്ല, ബാത്റൂമിൽ കയറി പൈപ്പ് തുറന്നിട്ട് ഉറക്കെ കരഞ്ഞു. ചങ്കിൽ നിന്ന് ചോര വാർന്നു പോകുന്നത് പോലെ വേദനിച്ചു പിന്നെ വന്നു നിശബ്ദനായി കുറച്ചുറങ്ങി...നൈറ്റ് ഡ്യൂട്ടി ആണ്.

അടുത്ത ദിവസം ക്ലാസ്സിൽ വിണ്ടും പോയി... റൈറ്റിങ് പരിശീലനമായിരുന്നു അന്ന്. ഒരു ടോപ്പിക്ക് തന്നു, എന്തൊക്കെയോ എഴുതി, തിരുത്താൻ കൊടുത്തു. ട്യൂട്ടർ പറഞ്ഞു - "നീ ആദ്യം ബേസിക് ഇംഗ്ലീഷ് പഠിക്കണം".... "I.E.L.T.S. എല്ലാ മോഡ്യൂളിനും 7.0 കിട്ടുന്നത് ഇംഗ്ലീഷിൽ എക്സ്പർട്ട് ആയിട്ടുള്ളവർക്ക് ആണ്". അവിടെയും മനസ്സ് മടുത്തു. പിന്നെ റീഡിങ്ങും ലിസണിങ്ങും...! റീഡിങ്-ഒന്നും വായിക്കാൻ പറ്റുന്നില്ല. ലിസണിങ് ആണെങ്കിൽ മനസ്സിലാകുന്നു പോലുമില്ല. വീണ്ടും തിരിച്ച് വീട്ടിൽ വന്ന് നിശബ്ദനായി കുറേനേരം ചിന്തിച്ചിരുന്നു. അന്നും നൈറ്റ് ഡ്യൂട്ടിക്ക് പോയി. പിന്നീടുള്ള ഓരോ ദിവസവും ഞാൻ ഇംഗ്ലീഷ് പഠിക്കാൻ തുടങ്ങി. മനസ്സിലെ മുറിവിന്റെ ആഴം കൂടുന്തോറും എന്റെ വാശിയും കൂടിക്കൂടി വന്നു. മൂന്നുമാസം കഴിയാറായി, രണ്ടുംകൽപ്പിച്ച് I.E.L.T.S. പരീക്ഷക്ക് ഡെയ്റ്റ് എടുത്തു. എങ്ങിനെയോ പരീക്ഷ എഴുതിത്തീർത്തു. റിസൽട്ട് വന്നപ്പോൾ എല്ലാ മോഡ്യൂളിനും "5" വീതം...! ആകെ തകർന്നു പോയി...!

റിസൽട്ട് "5" എന്ന് പറഞ്ഞാൽ "just can use English" എന്നാണ്. സ്വപ്ന കൊട്ടാരം എല്ലം തകർന്നു വീഴുന്നതു പോലെ തോന്നി. ചങ്ക് ആയി നടന്ന സുഹൃത്തുക്കൾ പോലും പറഞ്ഞു "നിനക്ക് വേറെ പണിയൊന്നുമില്ലേ" എന്ന്. മുറിവുകൾ കൂടിക്കൂടി വന്നു... കുറ്റപ്പെടുത്തലുകൾ... അപകർഷത... ദാരിദ്ര്യം... പ്രായത്തിന്റെ ബലഹീനതകൾ... ഇതെല്ലാം എന്നെ തളർത്തി. പോരാതെ, ഡ്യൂട്ടിയുടെ ക്ഷീണവും. ഒരു നേഴ്സ് ഐ.സി.യു.വിൽ ചെയ്യുന്ന ജോലിയുടെ കഷ്ടപ്പാട് ഞാൻ എഴുതുന്നില്ല; പിന്നീടൊരിക്കൽ അവസരം കിട്ടിയാൽ ആ അനുഭവം എഴുതാം. പക്ഷേ



ഞാൻ തോറ്റു കൊടുക്കാൻ തയ്യാറായില്ല. യൂട്യൂബിൽ വരുന്ന ഇംഗ്ലീഷ് ന്യൂസ്, അത്തരത്തിലുള്ള ഇംഗ്ലീഷ് പ്രോഗ്രാമുകൾ ഇവയെല്ലാം ഞാൻ കാണാൻ തുടങ്ങി. ഇംഗ്ലീഷ് പുസ്തകങ്ങൾ വായിക്കാൻ തുടങ്ങി. 2013 ൽ രണ്ടും കൽപ്പിച്ച് വീണ്ടും പരീക്ഷക്ക് ഡേറ്റ് എടുത്തു. ഇപ്രാവശ്യം ഒരു വർഷത്തെ തയ്യാറെടുപ്പാണ്! സ്വയം പഠിച്ചു എക്സാം എഴുതുന്നത് കുറെയേറെ ബുദ്ധിമുട്ടുള്ള കാര്യമാണ്. ഒത്തിരി സ്ട്രെസ്, ടെൻഷൻ, കാശ്, സമയം ഇവയെല്ലാം നമ്മുടെ ഇൻവസ്റ്റുമെൻറ് ആണ്. അങ്ങനെ എക്സാം എഴുതി. എല്ലാ മൊഡ്യൂളുകൾക്കും "6" കൊണ്ട് സമാധാനിക്കേണ്ടി വന്നു.

എങ്കിലും തളർന്നില്ല... ജീവിതത്തിൽ സങ്കടങ്ങൾക്കും, ദുഃഖങ്ങൾക്കും, ദാരിദ്ര്യത്തിനും, ഡോക്ടർമാരുടെ തെറിവിളിക്കും, ഒറ്റപ്പെടലിനും ഒന്നും ഒരു കുറവുമില്ലായിരുന്നു. എങ്കിലും വീണ്ടും വീണ്ടും പരീക്ഷ എഴുതി തോറ്റു കൊണ്ടേയിരുന്നു. അതോടെ ഇനി സ്വന്തം പഠിക്കാൻ പറ്റില്ല എന്ന് മനസ്സിലായി. അതുകൊണ്ട് ഒരുമാസത്തെ കോച്ചിങ്ങിന് മാവേലിക്കര B-Gud I.E.L.T.S. കോച്ചിങ്ങിന് സെന്ററിൽ ചേർന്ന് കുറേ ബേസിക് അവിടെ നിന്നും പഠിച്ചു. ഇതിനകം എട്ടു പ്രാവശ്യം പരീക്ഷ എഴുതിക്കഴിഞ്ഞിരുന്നു. ലീവെടുത്താണ് പഠിക്കാൻ പോയത്. ലീവ് കഴിഞ്ഞു തിരിച്ചു പോകണം.

ഒരു വർഷമായി അവിടെ കോച്ചിങ് ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളെ കണ്ടു. അവിടെത്തന്നെ തുടർന്ന് പഠിക്കണം എന്നുണ്ട്, എന്നാൽ കൈയിൽ കാശില്ല... ഞാൻ തിരിച്ചു പോകാൻതന്നെ തീരുമാനിച്ചു, അതിനുമുമ്പ് തിരുവനന്തപുരത്ത് പോയി ഒമ്പതാം പ്രാവശ്യം കൂടി എക്സാം എഴുതി.

തിരിച്ച് ഡ്യൂട്ടിക്ക് കയറി. ആ പ്രാവശ്യവും "7.0" സ്കോർ കിട്ടിയില്ല...വീണ്ടും സ്വന്തമായി പഠിച്ചു... കാശ് തികയാതെ വന്നപ്പോൾ പിന്നെ സ്പെഷ്യൽ ഡ്യൂട്ടിക്ക് പോയി തുടങ്ങി. ഹോസ്പിറ്റലിൽ വരുന്ന വി.ഐ.പി. രോഗികൾക്ക് ഒരു ഫുൾടൈം നേഴ്സിനെ വേണം. എൻറെ സാധാരണ ഡ്യൂട്ടി കഴിഞ്ഞ് ഞാൻ ഇത്തരം എക്സ്ട്രാ ഡ്യൂട്ടിക്കും പോയിത്തുടങ്ങി. എന്നെ മാനസികമായി തളർത്തിയ ഒരു ജോലിയായിരുന്നു അത്. ശരിക്കും പറഞ്ഞാൽ ഒരു "ക്വോളിഫൈഡ്" അല്ലെങ്കിൽ "എഡ്യൂക്കേറ്റഡ്" സെർവൻറ് ആയിട്ടാണ് അവിടെ നിൽക്കുന്നത്.

അങ്ങനെ വീണ്ടും എക്സാമിന് തയ്യാറെടുക്കുകയാണ്... അതിനിടക്ക് ഞാൻ വിവാഹിതനായി. കാശിന്റെ ആവശ്യങ്ങൾ കൂടിക്കൂടി വന്നു, വിദേശ ജോലി എന്ന സ്വപ്നം അകന്നകന്നു പോകുന്നത് പോലെ എനിക്ക് തോന്നി. I.E.L.T.S. സ്കോർ "7.0" എങ്ങനെയും നേടുക എന്നതായിരുന്നു പിന്നെ എന്റെ ജീവിത ലക്ഷ്യം. അതിന്റെ തീവ്രത ഞങ്ങളുടെ കുടുംബ ജീവിതത്തിൽ പോലും പ്രതിഫലിച്ചു. അങ്ങനെ ഞാൻ വീണ്ടും പഠനം തുടങ്ങി. ഭാര്യയെ ഹോസ്റ്റലിൽ നിർത്തി ഞാൻ പഠിക്കാൻ തൊടുപുഴക്ക് വണ്ടികയറി... ജീവിത സ്വപ്നങ്ങൾ യാഥാർഥ്യമാക്കാൻ വീണ്ടും യാത്ര തുട ർന്നു.

തൊടുപുഴയിൽ ഒരു റൂം എടുത്തു- പുതുമന ലോഡ്ജിൽ. ദൈവവിശ്വാസം എപ്പോഴും എന്റെ ജീവിതത്തിൻറെ ഭാഗമായിരുന്നു. പക്ഷേ ദൈവം എന്ന യാഥാർഥ്യത്തെ എന്നിൽ നിക്ഷേപിച്ചത് തൊടുപുഴയിലെ ജീവിതമാണ്. വിശുദ്ധിയോടെ ജീവിക്കേണ്ടതിന്റെ ആവശ്യം മനസ്സിൽ വേരൂന്നിയതു അവിടെനിന്നുമാണ്."ഡ്രീംസ്" I.E.L.T.S. കോച്ചിംഗ്

സെന്ററിലണ് പഠിക്കുന്നത്.
അവിടെയും കുറെ നല്ല സുഹൃത്തുക്കളെ എനിക്ക് ലഭിച്ചു- ദൈവവിശ്വാസവും നന്മയും ഉള്ള സൗഹൃദങ്ങൾ! ഒരുമിച്ച് പ്രാർത്ഥിച്ചും, പഠിച്ചും, ഭക്ഷിച്ചും, ദിവസങ്ങൾ കടന്നുപോയി. രണ്ടു പ്രാവശ്യം കൂടി പരീക്ഷ എഴുതി- writing ഒഴികെ ബാക്കിയെല്ലാം7.0 കിട്ടി. വീണ്ടും പലപ്രാവശ്യം ടെസ്റ്റ് എഴുതി. പക്ഷേ writing മാത്രം 7.0 കിട്ടുന്നില്ല. അപ്പോഴേക്കും എന്റെ പോക്കറ്റ് വീണ്ടും കാലിയായി... വീട്ടുകാർ എന്നെക്കൊണ്ട് മടുത്തു. ഞാൻ ചുമ്മാ ഇരുന്ന വിശ്രമിക്കുകയാണെന്ന് അവർ കരുതിക്കാണും. എങ്കിലും എന്റെ വീട്ടുകാരും ഭാര്യയുടെ വീട്ടുകാരും എന്നിൽ ഒത്തിരി പ്രതീക്ഷ വച്ചിരുന്നു. അതിനാൽത്തന്നെ അവർ എന്നോടു ഒന്നും മറുത്തു പറഞ്ഞില്ല... കാരണം എന്റെ കഷ്ടപ്പാട് അവർക്കറിയാം. പതിനാറു പ്രാവശ്യം ഞാൻ I.E.L.T.S. എഴുതി- എന്നിട്ടും writing സ്കോർ 7.0 കിട്ടുന്നില്ല.
ഒരു ദിവസം ഞാൻ കൂട്ടുകാരോട് പറഞ്ഞു. "ബ്രോ, ഞാൻ തിരിച്ച് ജോലിക്ക് പോകുകയാണ്. ഇനി മേലിൽ ഞാൻ I.E.L.T.S. എഴുതുന്നില്ല".
ആരും ഒന്നും പറഞ്ഞില്ല. സങ്കടത്തോടെ റൂമിലിരുന്ന് കുറച്ചുനേരം പ്രാർഥിച്ചു. അവിടെയുണ്ടായിരുന്ന കരുണയുടെ ഈശോയുടെ രൂപത്തിന് മുൻപിൽ മുട്ടുകുത്തി കരഞ്ഞു പ്രാർത്ഥിച്ചു, "ഇനി എന്ത് ചെയ്യും ഈശോയെ, എന്നെ അറിയുന്ന എല്ലാവർക്കും അറിയാം 2012 തൊട്ട് ഞാൻ I.E.L.T.S. പഠിക്കുകയാണെന്ന്".
ഒരു ദിവസം അങ്ങനെ ഓരോന്ന് ചിന്തിച്ചു കൊണ്ടിരിക്കുകയായിരുന്നു. പെട്ടെന്ന് എന്റെ വാതിലിൽ ആരോ മുട്ടി. തുറന്നുനോക്കിയപ്പോൾ എൻറെ ഒരു കൂട്ടുകാരൻ! പുള്ളിക്കാരൻ ചുമ്മാ റൂമിൽ കയറി വന്നതാണ്.
"ഇനി എന്താ നിൻറെ പരിപാടി"? അവൻ ചോദിച്ചു
"നിർത്തി ബ്രോ, ഇനി വയ്യ" -ഞാൻ പറഞ്ഞു
പെട്ടെന്ന് പുള്ളിക്കാരൻ എൻറെ കയ്യിൽ കുറച്ചു 500 രൂപയുടെ നോട്ടുകൾ എടുത്തു തന്നിട്ട് പറഞ്ഞു. "ബ്രോ, നീ ഒരു പ്രാവശ്യം കൂടി I.E.L.T.S. എഴുതണം- എനിക്കുവേണ്ടി"!
അത്രയും പറഞ്ഞു അവൻ റൂമിൽ നിന്നിറങ്ങിപ്പോയി.
എണ്ണി നോക്കിയപ്പോൾ 13,000 രൂപയുണ്ടായിരുന്നു അത്. ഞാൻ ഈശോയെ നോക്കി കുറച്ചു നേരം ഇരുന്നു. പിന്നെ പെട്ടെന്ന് റെഡിയായി, ബാംഗ്ലൂരിൽ I.E.L.T.S. തീയതി ബുക്കുചെയ്തു.
രണ്ടു ദിവസത്തിനകം എല്ലാം പാക്ക് ചെയ്ത് ബാംഗ്ലൂരിലേക്ക് പോയി.
ഭക്ഷണത്തിനുപോലും കാശില്ല... ഞാൻ ഒരു സുഹൃത്തിന്റെ വീട്ടിൽ താമസി ച്ചു. അവിടെ ഒരു ഹോസ്പിറ്റലിൽ ഇൻറർവ്യൂ അറ്റന്റ് ചെയ്തു. ജോലിക്ക് കയറി. അതിനിടയ്ക്ക് തന്നെ പതിനേഴാമത്തെ പ്രാവശ്യം എക്സാം എഴുതി. ആരോടും പറഞ്ഞില്ല...
ഡിസംബർ, 23 രണ്ടുമണി. എനിക്കറിയാം ഇന്ന് റിസൽട്ട് വരുമെന്ന്... പതിനാറ് പ്രാവശ്യം എഴുതി തോറ്റ എക്സാം അല്ലേ, അത്ര വലിയ പ്രാധാന്യം ഒന്നും കൊടുത്തില്ല. എന്നാലും ഒന്ന് നോക്കിക്കളയാം... റിസൽട്ട് നോക്കി... തരിച്ചുപോയി! Writing ന് "7" സ്കോർ ചെയ്തിരിക്കുന്നു! ആരോടും ഒന്നും പറഞ്ഞില്ല, പള്ളിയിൽപ്പോയി ഈശോയുടെ രൂപത്തിൽ നോക്കി നന്ദിയോടെ കുറച്ചുനേരം ഇരുന്നു. എന്നെ സ്നേഹിച്ച, എന്നെ ശക്തിപ്പെടുത്തിയ കുറച്ചു പേരോട് മാത്രം വിളിച്ചു പറഞ്ഞു.
ഒരു മാസത്തിനകം ഞാൻ ന്യൂസിലാൻഡിലേക്കുള്ള നഴ്സിംഗ് രെജിസ്ട്രേഷൻ പ്രോസസ്സിംഗ് തുടങ്ങി.
ഇന്ന് ഞാനിവിടെ രജിസ്റ്റേർഡ് നേഴ്സായി ജോലിചെയ്യുന്നു. ജോലിഭാരം വളരെ കുറവാണ്. അഞ്ചു ദിവസം വരെ ആഴ്ചയിൽ ഡ്യൂട്ടി. ഏകദേശം രണ്ട് ലക്ഷം രൂപക്ക് മേൽ തുല്യമായ ശമ്പളം കിട്ടും.
ഇത് ഞാൻ എഴുതുന്നത് എന്റെ സങ്കടങ്ങളോ, നേട്ടമോ കാണിക്കാനല്ല, മറിച്ച് എനിക്കറിയാവുന്ന ഒത്തിരി നേഴ്സുമാർ ഉണ്ട്; രണ്ടു മൂന്ന് തവണ I.E.L.T.S. എഴുതി നിർത്തിയവർ... ചിലരാണെങ്കിൽ മറ്റ് ഇംഗ്ലീഷ് എക്സാമിനെക്കുറിച്ച് ചിന്തിക്കുന്നുപോലുമില്ല. നമ്മുടെ നാട്ടിലെ ഒരു ഹോസ്പിറ്റലിൽ കുറച്ചുനാൾ ജോലി ചെയ്താൽ അവിടെ ചിലപ്പോൾ ഒരു ഇൻ-ചാർജ് ഒക്കെ ആയേക്കാം. പിന്നെ താൻ എന്തോ ആണെന്ന ഭാവത്തിൽ ജീവിതം തീർക്കും. വേറെ ചില പാവം നേഴ്സുമാർ, വാർഡുകളിലും ഐസിയുവിലും രാപ്പകൽ ജോലി ചെയ്തു ഒത്തിരി കഷ്ടപ്പെടും... പലരുടെ യും ആട്ടും തുപ്പും കേട്ട്-ശമ്പളം പോലും കൃത്യമായി കിട്ടാതെ. നിങ്ങൾ സ്വയം വഞ്ചിക്കുകയാണ് നിങ്ങളെത്തന്നെ!
നിങ്ങൾക്ക് ശുഭമായ വലിയ ഒരു ഭാവിയുണ്ട്, ഇവിടെ... കടലുകൾക്കിപ്പുറം! ശമ്പളം തരുന്ന, ചീത്തവിളിക്കാത്ത, മനുഷ്യത്വം കാണിക്കുന്ന മാനേജ്മെന്റുകളും ഗവൺമെന്റും ഇവിടെയുണ്ട്!
നിങ്ങൾ ഇറങ്ങിപ്പുറപ്പെടുക...തോൽവി വിജയത്തിന്റെ പടികളാക്കി, നിങ്ങളുടെ സ്വപ്ന സാക്ഷാൽക്കാരത്തിനുവേണ്ടി യാത്ര ചെയ്യുക. ഏതു സാഹചര്യത്തിലും അതിനുവേണ്ടി തളരാതെ പൊരുതുക. നിങ്ങളുടെ സ്വപ്നങ്ങൾ നിങ്ങളുടെ മാത്രം സ്വന്തമാണ്!നിങ്ങളുടെ സ്വപ്നങ്ങൾ പൂവണിയട്ടെ!

ജിജോ ലോറൻസ്: Registered Nurse in Auckland and Director of Infinite New Zealand Ltd.



# കരയുന്ന ആൺകുട്ടി



ഡോ. നിസാ മോഹൻ

"ആൺകുട്ടികൾ കരയില്ലാത്രേ..., അവരു ഭയങ്കര സ്ട്രോങ്ങ് ആണെന്നാ അമ്മ പറഞ്ഞേ".

പതിവ് തള്ളലിന്റെ കൂട്ടത്തിൽ നീതു തള്ളിവിട്ടു. ഉച്ചയൂണിനു ശേഷം ഈ തള്ളു പതിവുള്ളതാണേയ്...!

ഉച്ചക്ക് ഇടവേളയ്ക്ക് സ്കൂൾ ഗ്രൗണ്ടിലെ വാകമര ചുവട്ടിൽ കൂടിയതാണ് നീതുവും കൂട്ടുകാരും. തന്റെ കൂട്ടുകാരി ധന്യയോടും വിനീതയോടും സൗമ്യയോടും ആയിരുന്നു നീതുവിൻറെ ഈ തള്ളൽ. അതാകട്ടെ തലേ ദിവസം രാത്രി അമ്മയുമായുള്ള സംഭാഷണത്തിനിടയിൽ വീണു കിട്ടിയ ജനറൽ നോളഡ്ജ് ആയിരുന്നു...

വീട്ടിൽ ഒറ്റമകൾ ആയതുകൊണ്ടും, അമ്മയുടെ വീട്ടിൽ ആൺകുട്ടികൾ ഇല്ലാതിരുന്നതു കൊണ്ടും, കസിൻസ് എല്ലാരും പെൺകുട്ടികൾ ആയതു കൊണ്ടും, സ്വന്തം അച്ഛൻ കരയണത് ഇതുവരെ കണ്ടിട്ടില്ലാത്തതു കൊണ്ടും നീതു അത് അപ്പാടെ വിശ്വസിച്ചു!

'അത് അങ്ങനെ അല്ലാ' എന്ന് കേട്ടുനിന്ന കൂട്ടുകാരികൾ പറഞ്ഞതും ഇല്ല...

അതിനെ ശരി വെക്കുന്ന ഒരു സംഭവവും ഉണ്ടായി അടുത്ത ദിവസം...

ഒരു ഇംഗ്ലീഷ് പീരീഡ് ആയിരുന്നു അത്. ടീച്ചർക്ക് അത്യാവശ്യമായി എന്തോ വർക്ക് തീർക്കാനുള്ളത് കൊണ്ട് അന്ന് ക്ലാസ് എടുത്തില്ല, പകരം എല്ലാവരോടും വെറുതെ ഇരുന്നോളാൻ പറഞ്ഞു. എല്ലാവരും അവർക്കു ഇഷ്ടപെട്ട ഓരോ കാര്യങ്ങളിൽ വ്യാപൃതരായി. നീതു

സാധാരണ പോലെ കത്തിവെക്കലിൽ മുഴുകി.
ഇടയ്ക്കു ക്ലാസ്സിലെ ശബ്ദം കൂടുമ്പോൾ, ചൂരൽ ടേബിളിൽ ശക്തമായി അടിച്ചു "SILENCE…" എന്ന് അലറിക്കൊണ്ടിരുന്നു ടീച്ചർ.
അപ്പോഴാണ് നീതു അത് ശ്രദ്ധിച്ചത്.
ക്ലാസ്സിലെ ഒരു കോർണറിൽ ഇട്ടിരിക്കുന്ന ബെഞ്ചിൽ ഇരുന്ന് ഒരു വിദ്വാൻ ഒരു ബോൾ പോയിന്റ് പേനയുടെ റീഫില്ലിന്റെ ടിപ്പ് ഊരി എടുക്കാൻ ശ്രമിക്കുന്നു. തീവ്ര ശ്രമത്തിനു ശേഷം പല്ലും നഖവും ഉപയോഗിച്ച് അത് ഊരി  എടുത്തു, ആ ഗഡി. തന്റെ ഉദ്യമത്തിൽ വിജയിച്ചതിന്റെ അഭിമാനം അവന്റെ മുഖത്തു കാണാം…എന്നാൽ ആ അഭിമാനഭാവം പെട്ടെന്ന് ഒരു അങ്കലാപ്പ് ആയി മാറി.
റീഫില്ലിൽ നിന്നും മഷി പുറത്തേക്കു വരാൻ തുടങ്ങി. അവന്റെ കയ്യിലും ഡെസ്കിലും ബുക്കിലും എല്ലാം മഷി… സർവത്ര നീല മയം!
പകച്ചു പോയ അവൻ ടീച്ചർ കാണുന്നുണ്ടോയെന്ന് ഒന്ന് ഒളിഞ്ഞു നോക്കി. പിന്നെ മഷി എങ്ങനേലും തുടച്ചു കളയാനുള്ള വെപ്രാളം ആയി… വേറെ വഴി ഒന്നും ഇല്ലാന്ന് കണ്ടപ്പോൾ അവൻ തന്റെ കൈ നക്കി തുടക്കാനും ഒരു ശ്രമം നടത്തി നോക്കി.
ഹയ്യ്…. ഇപ്പോഴാ ഭംഗി ആയത്. അവന്റെ മുഖത്തും, വായിലും, പല്ലിലും, നാക്കിലും, മൂക്കിലും എല്ലാം നീല മഷി… അതും ബോൾ പോയിന്റ് പേനയുടെ മഷി… എങ്ങനെ പോവാനാ അത്!?
അതുവരെ ഒരു കൗതുകത്തിൽ നോക്കി ഇരുന്ന നീതുവിന് അവന്റെ അവസ്ഥ കണ്ട് പാവം തോന്നി. അവനെ ഒന്ന് സഹായിക്കാൻ വേണ്ടി ടീച്ചറോട് ചെന്ന് പറയാനാണ് നീതുവിന് തോന്നിയത്. അതും എന്തൊക്കെയോ ചെയ്തു തീർക്കാൻ വേണ്ടി വെപ്രാളപ്പെട്ട് കൊണ്ടിരുന്ന ടീച്ചറോട്!
ടീച്ചർ അവന്റെ കയ്യിലെ മഷി കഴുകി കളയാൻ സഹായിക്കും എന്നാണു നീതു കരുതിയത്. എന്നാൽ ആ ടീച്ചർ ആകട്ടെ, വടി എടുത്ത് അപ്പോൾത്തന്നെ അവന്റെ കാലിൽ നാല് അടി വെച്ച് കൊടുത്തു. ടീച്ചറിന്റെ ഭാഗത്തു നിന്നും അങ്ങനെ ഒരു നീക്കം നീതു തീരെ പ്രതീക്ഷിച്ചില്ലായിരുന്നു.
നീതു ശെരിക്കും ഞെട്ടി!
അടി കിട്ടുമ്പോഴും അവൻ നീതുവിനെ നോക്കി ചിരിച്ചു കൊണ്ടിരുന്നു…
"നീ പറഞ്ഞത് ശെരിയാ, ആൺകുട്ടികൾ കരയില്ലാ… എന്തൊരു ധൈര്യമാ ആ ചെക്കന്"!
നീതുവിന്റെ കൂട്ടുകാരി ധന്യയുടെ സാക്ഷ്യപത്രം!
പക്ഷെ അവനെ അടി കൊള്ളിച്ചതിൽ നീതുവിൻറെ മനസ് കുറ്റബോധം കൊണ്ട് വിങ്ങി. പാവം ആ ചെക്കനെ വെറുതെ തല്ലു കൊള്ളിക്കണ്ടായിരുന്നു.
രാത്രി ഹോംവർക് ചെയ്യാനിരുന്നപ്പോഴും അവന്റെ മുഖം ആയിരുന്നു നീതുവിൻറെ മനസ്സിൽ.
പക്ഷെ ആൺകുട്ടികൾ കരയില്ല എന്നുള്ള അറിവ് കുറച്ച് നാൾ കഴിഞ്ഞപ്പോൾ തിരുത്തപെട്ടു. മാത്സ് ട്യൂഷൻ ക്ലാസ്സിൽ ആയിരുന്നു നീതുവിനെ അത്ഭുതപ്പെടുത്തിയ ആ മഹാ സംഭവം നടന്നത്.
"പൈ"യുടെ വാല്യൂ എഴുതാൻ മറന്നതിനു സാർ തന്ന അടിയും വാങ്ങി ക്ലാസിനു പുറത്തു കയ്യും തിരുമ്മി ഇരിക്കുക ആയിരുന്നു നീതു. അപ്പോൾ ദാണ്ടെ വരുന്നു ഒരുത്തൻ മോങ്ങി കൊണ്ട്; അല്ലാ അവൻ തേങ്ങുകയാണോ?
എന്താ ഇപ്പൊ ഇത്? ആൺകുട്ടികൾ കരയ്യോ!?
ആദ്യത്തെ അങ്കലാപ്പിൽ വായും പൊളിച്ചു അവനെ നോക്കി ഇരുന്നു നീതു. പിന്നെ അറിയാതെ ചിരിച്ചു പോയി. ആ ചിരി കേട്ടിട്ടായിരിക്കണം പുറത്തിറങ്ങി വന്ന മാത്സ് സാർ പിന്നേം തന്നു, രണ്ടു ചൂരൽ കഷായം.
ഹോ… വേണ്ടായിരുന്നു… ആ ചെക്കൻ അവിടെ വല്ലോം ഇരുന്നു കരഞ്ഞോ ളുമായിരുന്നു… നീതു ഓർത്തു…
"അമ്മേ, ആണുങ്ങൾ കരയില്ലാന്നു അമ്മ പറഞ്ഞില്ലേ? എന്നിട്ടു എന്റെ ക്ലാസ്സിലെ ഒരു പയ്യൻ അടി കിട്ടീപ്പോ കരഞ്ഞല്ലോ, ഞാൻ കരഞ്ഞില്ല".
ട്യൂഷൻ കഴിഞ്ഞു വീട്ടിൽ എത്തിയപ്പോൾ, തന്നെ പറഞ്ഞുപറ്റിച്ച അമ്മയെ നീതു ശക്തമായിത്തന്നെ നേരിട്ടു.
അരി കഴുകി കൊണ്ട് നിന്ന അമ്മ എന്ത് പറയണം എന്ന് അറിയാതെ ഒന്ന് പരുങ്ങി.
"ഓഹോ, അപ്പോ നിനക്ക് അടി കിട്ടിയല്ലേ? എന്തിനാർന്നു? ഹോംവർക് ചെയ്തില്ലേ"?
"ഓഹ്, അതോ, അത് "പൈ"യുടെ വാല്യൂ എഴുതീലാ… മറന്നുപോയി. സാറിനെ ഓർമ്മിപ്പിക്കണ്ടാർന്നു… എരന്നു വാങ്ങീതാ."
വർഷങ്ങൾ പിന്നേം കടന്നുപോയി. തള്ളു പറഞ്ഞു വാകമര ചുവട്ടിൽ ഇരുന്നിരുന്ന ആ സ്കൂൾകുട്ടി ഇന്ന് ഒരു സ്കൂൾകുട്ടിയുടെ അമ്മയാണ്. കുറെയേറെ ചോദ്യങ്ങൾ കൊണ്ടു അമ്മയെ ശ്വാസം മുട്ടിക്കുന്ന ഒരു സ്കൂൾകുട്ടിയുടെ അമ്മ…
'പണ്ട് താനും ഇതുപോലെ സ്വന്തം അമ്മയെ കുറെ ചോദ്യങ്ങൾ ചോദിച്ചു ശ്വാസം മുട്ടിച്ചുകാണും… കൊടുത്താൽ കൊല്ലത്തും കിട്ടുമല്ലോ'!
പാത്രം കഴുകുന്നതിനിടയിൽ നീതു നെടുവീർപ്പിട്ടു…

*Dr Nisa Mohan: Completed Ph.D. from the University of Auckland and Post Doctoral research from the Victoria University of Wellington.*

# ശശി തരൂർ അഭിമുഖം

*(Dr. Shashi Tharoor recently gave an exclusive interview to Sindhu Punnoose, for Malayalam FM 104.6.)*



**സിന്ധു പുന്നൂസ്**

ഡോ. ശശി തരൂർ: നമ്മൾ ഇന്ത്യക്കാരുടെ പൊതുവെയും മലയാളികളുടെ പ്രത്യേകിച്ചും അഭിമാനവും സന്തോഷവുമാണ്. 25 പുസ്തകങ്ങളുടെ രചയിതാവ്, വാഗ്മി, മനസ്സിലാക്കാൻ ബുദ്ധിമുട്ടുള്ള ഇംഗ്ലീഷ് പദങ്ങൾ കൊണ്ട് അമ്മാനമാടുന്ന ആൾ, ശക്തമായ ഭാഷയും വശ്യതയാർന്ന സംസാര രീതിയും കൊണ്ട് കേൾവിക്കാരെ മാസ്മരികതയിൽ എത്തിക്കുന്ന ആൾ , ലോകപ്രശസ്ത പദവികളിൽ ഒന്നായ യു.എൻ. അണ്ടർ സെക്രട്ടറി ജനറൽ, തുടർച്ചയായി നാലു തവണ പാർലമെൻറ് അംഗം, കേന്ദ്ര മന്ത്രി, യുവതലമുറയ്ക്കിടയിൽ ഒരു വികാരം, സുന്ദരൻ...

**സത്യത്തിൽ ആരാണ്, ഡോ: ശശി തരൂർ?**

ഇതെല്ലാം ഞാനാണെന്ന് സമ്മതിക്കാൻ ഞാൻ ആഗ്രഹിക്കുന്നു, പക്ഷേ ഞാൻ ആ ക്രെഡിറ്റ് അർഹിക്കുന്നില്ല. ലോകമെമ്പാടും നടക്കുന്ന എല്ലാ കാര്യങ്ങളോടും പ്രതികരിക്കുന്ന ഒരു മനുഷ്യൻ മാത്രമാണ് ഞാൻ. ചിലപ്പോൾ അത് എൻറെ എഴുത്തിൻറെയും പ്രസംഗത്തിൻറെയും ചിന്തയുടെയും രൂപത്തിലായിരിക്കും; ചില സന്ദർഭങ്ങളിൽ അത് എൻറെ പ്രവർത്തനങ്ങളിലായിരിക്കും- യു.എന്നിൽ ജോലി ചെയ്യുന്ന രൂപത്തിലോ തിരുവനന്തപുരത്ത് രാഷ്ട്രീയ രംഗത്തേക്ക് വന്നപ്പോഴോ... സത്യം പറഞ്ഞാൽ, ഒരു മനുഷ്യന് പലതും ആകാം. വ്യക്തിപരമായ ജീവിതത്തിൽ, എല്ലാവർക്കും ഒന്നിലധികം ഐഡൻറിറ്റികളുണ്ട്. ഒരു വ്യക്തിക്ക് ഭാര്യയോ, അമ്മയോ സഹോദരിയോ, ഒരുപക്ഷേ റേഡിയോ അവതാരകയോ, സ്പോർട്സ് കളിക്കാരനോ, സിനിമ ഭ്രാന്തനോ ഒക്കെ ആകാം. എല്ലാവർക്കും ഒന്നിലധികം ഐഡൻറിറ്റികളുണ്ട്- എനിക്കും. അതിനാൽ ഞാൻ അതിനെ പ്രത്യേകമായി കാണുന്നില്ല.

**താങ്കൾ രാഷ്ട്രീയം പരാമർശിക്കുമ്പോൾ, ഒരു രാഷ്ട്രീയക്കാരൻ എന്ന നിലയിൽ കഴിഞ്ഞ 15-20 വർഷത്തെ സ്വന്തം രാഷ്ട്രീയ യാത്രയെ എങ്ങനെ വിലയിരുത്തും?**

ഞാൻ വളർന്നു... ആദ്യമായി വന്നപ്പോൾ, ജയിക്കാനുള്ള ശ്രമത്തിലൂടെ ഞാൻ ഒരു രാഷ്ട്രീയക്കാരനാകുമെന്ന് സ്വയം പറഞ്ഞു. കാരണം, വളരെക്കാലം വിദേശത്ത് താമസിച്ച്, ഐക്യ രാഷ്ട്ര സഭയിൽ പേരെടുത്തതിന് ശേഷം, ആദ്യമായി ഒരു തിരഞ്ഞെടുപ്പ് പോലും കാണുന്നത് ഇന്ത്യയിലെ കേരളത്തിലാണ്. 19 വയസ്സുള്ളപ്പോൾ ഞാൻ പഠിക്കാൻ യു.കെ.



യിലേക്ക് പോകുമ്പോൾ ഇന്ത്യയിൽ നിയമപരമായ വോട്ടിംഗ് പ്രായം 21 ആയിരുന്നു. അതിനാൽ ആ സമയത്ത് എനിക്ക് വോട്ട് ചെയ്യാൻ പോലും അവസരം ഉണ്ടായിരുന്നില്ല. ആ സമയത്ത് തിരഞ്ഞെടുപ്പിൻറെ കോലാഹലങ്ങൾ ഞാൻ അനുഭവിച്ചിട്ടില്ല...മുമ്പ് വോട്ട് ചെയ്തിട്ടില്ല... നാട്ടിൽ തിരിച്ചെത്തിയതിന് ശേഷം വോട്ട് ചെയ്യാനുള്ള അനുഭവവും, അതോടൊപ്പം സ്ഥാനാർത്ഥിയായി മത്സരിക്കാനുള്ള അവസരവും ലഭിച്ചു. ഒരു സ്ഥാനാർത്ഥിയാകുക എന്നത് ജീവിതത്തിൽ ഒരിക്കലും പ്രതീക്ഷിക്കാത്ത കാര്യമായിരുന്നു.

യുദ്ധസമയത്ത് ഞാൻ മൈൻഫീൽഡുകളിലൂടെ നടന്നിട്ടുണ്ട്, പക്ഷേ തിരഞ്ഞെടുപ്പിൽ മത്സരിക്കുക എന്നത് ഞാൻ അനുഭവിച്ചിട്ടുള്ളതിൽ വച്ച് ഏറ്റവും ബുദ്ധിമുട്ടുള്ള കാര്യങ്ങളിലൊന്നാണ്. എന്തായാലും തിരഞ്ഞെടുപ്പ് നന്നായി നടന്നു, ഉയർന്ന വോട്ട് ശതമാനത്തിൽ എനിക്ക് വിജയിക്കാൻ കഴിഞ്ഞു. അതിനുശേഷം ഒരുപാട് വെല്ലുവിളികൾ ഞാൻ നേരിട്ടു- ഇതൊരു പുതിയ മേഖലയായിരുന്നു. എങ്ങനെ പെരുമാറണം, എന്ത് പറയണം, എന്ത് ചിന്തിക്കണം എന്നൊന്നും എനിക്കറിയില്ലായിരുന്നു. എനിക്ക് സ്വാഭാവികമായി തോന്നിയത് ചെയ്യാൻ ഞാൻ ശ്രമിച്ചു, പക്ഷേ ആർക്കും അത് ഇഷ്ടപ്പെട്ടില്ല. ചില പ്രശ്നങ്ങൾക്ക് ശേഷം ഒരു വർഷത്തിനുള്ളിൽ ഞാൻ എൻറെ മന്ത്രി സ്ഥാനം രാജിവച്ചു. ആ അനുഭവത്തിന് ശേഷം ഞാൻ ഓടിപ്പോയില്ല. ഞാൻ പാർലമെന്റിൽ നിന്ന് രാജിവെച്ച് രാജ്യം വിട്ടുവെന്ന് ചിലർ കരുതി. രാജ്യത്തിൻറെ വലിയ താൽപര്യം ഉൾക്കൊള്ളുന്ന പല വിഷയങ്ങളും എനിക്ക് മനസ്സിലാക്കാനും അതിനെക്കുറിച്ച് സംസാരിക്കാനും കഴിഞ്ഞു.

**മുന്നോട്ടുള്ള ചിന്തയെക്കാൾ മതമാണ് നമ്മളെ സ്വാധീനിക്കുന്നതെന്ന് നിങ്ങൾ കരുതുന്നുണ്ടോ?**

ഏറ്റവും കൂടുതൽ മതവിശ്വാസമുള്ള രാജ്യമാണ് ഇന്ത്യ, രാജ്യത്തെ 98% പേരും മതത്തോട് പ്രതികരിക്കുന്നു. ഹിന്ദുക്കളെ കപട വിശ്വാസങ്ങളിലേക്ക് സ്വാധീനിക്കാനുള്ള മാർഗമായി ബി.ജെ.പി. മതത്തെ ഉപയോഗിക്കുകയാണ്. എല്ലാവരെയും അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നതാണ് ഹിന്ദുമതം. രാഷ്ട്രീയവും മതവും കൂട്ടിക്കുഴയ്ക്കാൻ പാടില്ല.

**ഇപ്പോഴുള്ള ഗവൺമെന്റിന് ഒരു Business Continuity Plan (ബി.സി.പി.) ഉണ്ടോ?**

ബി.ജെ.പി. സുസ്ഥിരമല്ല, കാരണം അവർ ഒരു ദർശനത്തിന് പിന്നാലെയാണ്- ഒരു പദ്ധതിയല്ല.

ഇന്ത്യയെ ഒന്നിപ്പിക്കാനും "സ്വീകാര്യത" ഘടകം തിരികെ സ്വാഗതം ചെയ്യാനുമാണ് കോൺഗ്രസ് ശ്രമിക്കുന്നത്.

**ബി.ജെ.പിക്ക് ബി.സി.പി കാണില്ലെന്ന് നിങ്ങൾ പറയുന്നു; കോൺഗ്രസ് പാർട്ടിയിൽ കാണുന്നുണ്ടോ?**

കോൺഗ്രസിന് നല്ല പ്രത്യയശാസ്ത്രവും പദ്ധതിയുമുണ്ട്, അത് ഒരാളല്ല നയിക്കുന്നത്.

**"സ്ലം ഡോഗ് മില്യനയർ" , "ഔട്ട്സോഴ്സ്ഡ്" തുടങ്ങിയ നിരവധി ഇന്ത്യൻ സിനിമകൾ ഇറങ്ങുന്നുണ്ട്. ഈ സിനിമകൾ ഇന്ത്യക്കാരല്ലാത്തവരെ ഇന്ത്യയുടെ നെഗറ്റീവ് വശങ്ങൾ കാണിക്കുന്നു. നിങ്ങളെപ്പോലുള്ളവർ എപ്പോഴും ഇന്ത്യയെ പുകഴ്ത്തുകയും അതിൻറെ നീതിയെക്കുറിച്ച് സംസാരിക്കുകയും ചെയ്യുന്നു. ഉദാഹരണത്തിന്, ഓക്സ്ഫോർഡ് പ്രസംഗം... ആളുകൾക്ക് എങ്ങനെ ആ സന്ദേശം കൈമാറാൻ ശ്രമിക്കാം?**

നമ്മുടെ സംസ്കാരത്തെക്കുറിച്ച് അഭിമാനത്തോടെ ജീവിക്കണം. വിദേശത്ത് താമസിക്കുമ്പോൾ നിങ്ങളുടെ ഐഡൻറിറ്റി സൂക്ഷിക്കേണ്ടത് പ്രധാനമാണ്, മിണ്ടാതിരിക്കുകയും ലജ്ജിക്കുകയും ചെയ്യുന്നത് ആർക്കും ഒരു നേട്ടമുണ്ടാക്കില്ല.

**നിങ്ങളുടെ പ്രസംഗത്തിൽ ബ്രിട്ടീഷുകാർ ഇന്ത്യയ്ക്ക് നഷ്ടപരിഹാരം നൽകാനുണ്ടെന്ന് നിങ്ങൾ പറയുന്നു, ബ്രിട്ടീഷുകാർ ന്യൂസിലൻഡിൽ വന്ന് അവർക്ക് പണം നൽകി. ഇതിൽ നിങ്ങളുടെ കാഴ്ചപ്പാട് എന്താണ്?**

പണത്തേക്കാൾ കൂടുതൽ ധാർമ്മിക പ്രായശ്ചിത്തം ഉണ്ടാകട്ടെ! ഒരു സിമ്പിൾ സോറി മാത്രം മതി... "Moral attornment" നൽകിയാൽ മതി... നഷ്ടവും നാശനഷ്ടങ്ങളും ഒരിക്കലും മാറ്റാൻ കഴിയില്ല. ബ്രിട്ടീഷുകാർ ന്യൂസിലാൻഡിന് നഷ്ടപരിഹാരം നൽകി- ഭൂമിക്ക് വേണ്ടി. ബ്രിട്ടീഷുകാരാണ് ന്യൂസിലാൻഡിൽ വികസനം കൊണ്ടുവന്നത്.

**എന്തു കൊണ്ടാണ് വർഷങ്ങളായി വോട്ടിംഗ് എണ്ണം കുറഞ്ഞുവെന്ന് നിങ്ങൾ കരുതുന്നത്?**

വോട്ടർമാർ ഒരു മാറ്റവുമില്ലാതെ വോട്ട് ചെയ്യാൻ ആഗ്രഹിക്കാത്തവരും ക്ഷീണിതരുമാണ്.

**നിങ്ങളുടെ "ദേശീയതയുടെ ഉൽകണ്ഠ" എന്ന പുസ്തകത്തിൽ, നിങ്ങൾ ഇന്ത്യയിൽ ജനിച്ചിട്ടില്ലെന്നും എന്നാൽ ഒരു ഇന്ത്യക്കാരനായി സ്വയം ജീവിക്കുന്നുവെന്നും പരാമർശിക്കുന്നു. ഇത്ര വലിയ അഭിമാനത്തോടെ ഇന്ത്യയെ സ്നേഹിക്കാൻ നിങ്ങളെ പ്രേരിപ്പിക്കുന്നത് എന്താണ്?**

സമ്പന്നമായ ചരിത്രത്തിൻറെയും വികസനത്തിറെയും ഉദാഹരണമായാണ് പല രാജ്യങ്ങളും ഇന്ത്യയെ കാണുന്നത്. ഇന്ത്യ ലോകനന്മക്കു വേണ്ടി നൽകുന്ന സംഭാവനകൾ നിസ്തുലമാണ്. ഇന്ത്യയെ ഒരു മാതൃകയാക്കാൻ മറ്റു രാജ്യങ്ങൾ ആഗ്രഹിക്കുന്നു.

**നിങ്ങൾ മറ്റൊരിടത്തും ജീവിക്കാത്തതിൻറെ കാരണം ഇന്ത്യയോടുള്ള നിങ്ങളുടെ സ്നേഹമാണോ?**

തിരുവനന്തപുരത്തിന് പുറത്ത് എനിക്ക് സ്വന്തമായി ഒരു വീട് പോലുമില്ല. ഇന്ത്യയാണ് എൻറെ ഐഡൻറിറ്റി.

**നിങ്ങളുടെ റിട്ടയർമെമെൻറ് ജീവിതത്തിൽ നിങ്ങൾ എഴുത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുമോ? നിങ്ങൾ ഇപ്പോൾ അത്ര ഫിക് ഷൻ എഴുതുന്നില്ലെന്ന് ഞാൻ ശ്രദ്ധിച്ചു, അത് മനപ്പൂർവമാണോ?**

ഞാൻ ഒരു ഫിക് ഷൻ എഴുത്തുകാരനായാണ് ആരംഭിച്ചത്, നിങ്ങൾ സൃഷ്ടിക്കുന്ന കാൽപ്പനീക ലോകത്തു തന്നെ തുടരുവാൻ അത് ആവശ്യപ്പെടുന്നു. ഇടവേളകൾ അല്ലെങ്കിൽ നീണ്ട അഭാവങ്ങൾ ആ ബന്ധത്തെ തകർക്കും. തിരക്കുപിടിച്ച ജീവിതം അതിനു അനുയോജ്യമല്ല. നോൺ-ഫിക് ഷനിലേക്ക് തിരികെയെത്തുന്നത് എളുപ്പമാണ്; നിങ്ങൾക്ക് എല്ലായ്പ്പോഴും മുൻ അധ്യായങ്ങൾ വായിക്കാനും നിങ്ങളുടെ ചിന്തകൾ മനസ്സിലാക്കാനും, തുടരുവാനും കഴിയും.

**നിങ്ങളുടെ ജീവിതത്തിന്റെ അടിസ്ഥാന തത്വം എന്തായിരുന്നു- നിങ്ങൾ സംസ്ഥാനത്തിന് പുറത്ത് ജീവിച്ചപ്പോഴും?**

മറ്റുള്ളവരുടെ ജീവിതത്തിൽ മാറ്റം സൃഷ്ടിക്കാൻ എൻറെ ജീവിതം ഉപയോഗിക്കാൻ ശ്രമിക്കുന്നതായിരുന്നു എൻറെ തത്വം. ആർക്കെങ്കിലും ഒരു മാറ്റം വരുത്താൻ നിങ്ങൾക്ക് കഴിയുമെങ്കിൽ, നിങ്ങളുടെ ജീവിതം പൂർണ്ണമാണ്.

**നിങ്ങളുടെ തത്വങ്ങളോട് സമാനമായ സമീപനം പുലർത്താൻ നിങ്ങൾ ആളുകളെ സ്വാധീനിച്ച സന്ദർഭങ്ങളുണ്ടോ?**

എൻറെ ഔട്ടിംഗിനിടെ, അപരിചിതർ എൻറെ അടുത്ത് വന്ന് എൻറെ പ്രവർത്തനങ്ങളിൽ നിന്ന്



പ്രചോദനം ഉൾക്കൊണ്ടതായി ഏറ്റുപറയുന്നു. അവരുടെ മനസ്സിൽ ഈ ചിന്തകൾ ഉളവാക്കാൻ കഴിഞ്ഞത് എനിക്ക് സംതൃപ്തി നൽകുന്നു.

**നാളിതുവരെ നിങ്ങളെ ഒരു ഉന്നത രാഷ്ട്രീയക്കാരനായാണ് കാണുന്നത്. നിങ്ങൾ സാധാരണക്കാരെയും പ്രതിനിധീകരിക്കുന്നതായി നിങ്ങൾക്ക് തോന്നുന്നുണ്ടോ?**

ഞാൻ തുടർച്ചയായി വിജയിക്കാൻ കാരണം എൻറെ ജനങ്ങളിൽ നിന്ന് എനിക്ക് ലഭിച്ച പിന്തുണയാണ്. പ്രശ്നങ്ങൾ തിരിച്ചറിയാനും പരിഹരിക്കാനും ഞാൻ എല്ലായ്പ്പോഴും അവിടെയുണ്ട്; ഞാൻ അവരെ പ്രതിനിധീകരിക്കുന്നതായി എനിക്ക് തോന്നുന്നു

**നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ ഡോ. തരൂർ ഒരു "Piscean" നക്ഷത്രക്കാരൻ ആണ്. ഇത്തരം പുരുഷന്മാർ സാധാരണയായി സെൻസിറ്റീവ്, അവബോധജന്യങ്ങൾ, സർഗ്ഗാത്മകത എന്നിവ ഉള്ളവരായി അറിയപ്പെടുന്നു. ഈ ഗുണങ്ങൾ കൂടാതെ, മറ്റെന്തു സ്വഭാവമാണ് ഡോ തരൂരിനോട് ചേർത്തു വെക്കാവുന്നത്?**

ഞാൻ എപ്പോഴും എൻറെ സഹജവാസനയെ വിശ്വസിക്കുന്നു, എൻറെ എല്ലാ തീരുമാനങ്ങളിലും ഞാൻ എൻറെ ധൈര്യത്തെ പിന്തുടരുന്നു.

**നിങ്ങളുടെ രണ്ടാമത്തെ ഓക്‌ലാൻഡ് റൈറ്റേഴ്‌സ് ഫെസ്റ്റിവലിൽ നിങ്ങൾക്ക് വൻ പ്രേക്ഷകരുണ്ടായിരുന്നു... ഇവെന്റിലെ നിങ്ങളുടെ അനുഭവങ്ങൾ എന്തായിരുന്നു?**

ന്യൂസിലൻഡിൽ വരാൻ ഞാൻ ഇഷ്ടപ്പെടുന്നു. ന്യൂസിലൻഡുകാർ മികച്ച ശ്രോതാക്കളാണ്, അവർക്ക് എപ്പോഴും കൂടുതലറിയാനുള്ള ആഗ്രഹമുണ്ട്. ലോകത്തിലെ ഏറ്റവും മികച്ച പ്രേക്ഷകരാണ് ഇവിടുത്തെ പ്രേക്ഷകർ.

**നിങ്ങളുടെ ബക്കറ്റ് ലിസ്റ്റിൽ അടുത്തത് എന്താണ്?**

സർക്കാരിനെ മാറ്റുകയും ഇന്ത്യയെ ശരിയായ പാതയിലേക്ക് നയിക്കുകയും ചെയ്യുക എന്നതാണ് ഇപ്പോൾ എൻറെ മുൻഗണന. ഇതുവരെ കാണാത്ത സ്ഥലങ്ങൾ സന്ദർശിക്കാനും അവരുടെ സംസ്കാരം അടുത്തറിയാനും ഞാൻ വളരെ ആഗ്രഹിക്കുന്നു. കൂടുതൽ ക്രിക്കറ്റ് കാണുന്നതും ഒരു മുൻഗണനയാണ്!

നിങ്ങളുടെ ഉത്തരങ്ങൾ വളരെ തുറന്നതും സത്യസന്ധവുമായതിന് നന്ദി!

*Sindhu: Senior Business Analyst. Passionate about interviewing successful Malayalees from around the world. With husband, George Cheeran, a Customer Success Manager, lead the community radio station Malayalam FM in Auckland. Promotes the Malayalam language and nurture talent within the community through voluntary service.*

*To watch the full interview, check out https://www.youtube.com/@MalayalamFM.*



# തിരിച്ചെടുക്കാനാവുമോ ആ 21ഗ്രാം?



**ബെൻസി**

അമരനായിരിക്കുക എന്നത് മനുഷ്യന്റെ നിത്യ സ്വപ്നം ആണ്. ഈ സുന്ദര ഭൂമിയെ അത്ര പെട്ടെന്ന് വിട്ടു പോകാൻ ആർക്കും മനസുണ്ടാവില്ല. പക്ഷേ പരമമായ സത്യം, മരണം, അത് എന്നും പടിവാതിൽക്കൽ തന്നെ ഉണ്ട്. ഇന്നും മനുഷ്യർ ഉത്തരം കണ്ടുപിടിക്കാൻ ശ്രമിച്ചു കൊണ്ടിരിക്കുന്ന സമസ്യയാണ് മരണം. ഏറ്റവും മുന്തിയ മെഡിക്കൽ ട്രീറ്റ്മെന്റുകൾ കൊണ്ട് മരണത്തെ തടുത്ത് നിർത്തുവാൻ മാനവരാശി എന്നും ശ്രമിച്ചു കൊണ്ടേയിരിക്കുന്നു. അല്പം വൈകിക്കാം എന്നല്ലാതെ തീർത്തും ഒഴിവാക്കാൻ ആർക്കും പറ്റില്ല. അപ്പോൾ മുതലാണ് മരണ ശേഷം മനുഷ്യ ശരീരത്തിന് എന്തു സംഭവിക്കുമെന്നും മരിച്ച ഒരാളെ എങ്ങനെ തിരിച്ച് ജീവിപ്പിക്കാം എന്നുമുള്ള പഠനങ്ങൾ തുടങ്ങിയത്. വിത്തുകളുടെ ഉൽപാദനം മുതൽ മൃഗങ്ങളുടെ ക്ലോണിംഗ് വരെ എത്തി നിൽക്കുന്ന ശാസ്ത്രം അതിന്റെ സമസ്ത സാധ്യതകളും ഉപയോഗിച്ച് അതിനായി ശ്രമിച്ചു കൊണ്ടിരിക്കുകയാണ്. ഒരു ദിവസം ജോലി കഴിഞ്ഞ് വീട്ടിൽ തിരിച്ചെത്തുമ്പോൾ നമ്മളെ

കാത്തിരിക്കുന്നത് കാണാൻ (കാണാൻ മാത്രം) നമ്മളെ പോലെയുള്ള ക്ലോൺ ആയിരിക്കാം!

വലിയ കരിയർ വിജയം ലക്ഷ്യമാക്കി മുന്നോട്ടു നീങ്ങുന്ന സ്ത്രീകൾ അവരുടെ അണ്ഡം ക്രയോ-പ്രിസർവ്വ്(Cryo-preserve) ചെയ്തു വച്ചിട്ട് പിന്നീട് തനിക്ക് കുടുംബം വേണമെന്നു തോന്നുമ്പോൾ അത് ഉപയോഗിച്ച് കുഞ്ഞുങ്ങളെ ഗർഭം ധരിക്കുന്ന രീതി സർവ്വസാധാരണമായിക്കൊണ്ടിരിക്കുന്നു. സ്റ്റെം സെൽ (Stem cell) ട്രീറ്റ്മെന്റിനു വേണ്ടി പ്ലാസെൻറയും(Placenta) ഇതുപോലെ ക്രയോപ്രിസെർവ്വ് ചെയ്തു വയ്ക്കുന്നുണ്ട്. ജീവനുള്ള കോശങ്ങളെ പിന്നീടൊരിക്കൽ ഉപയോഗിക്കാൻ പാകത്തിൽ പൂജ്യത്തിലും താഴെയുള്ള ഊഷ്മാവിൽ സൂക്ഷിച്ചു വയ്ക്കുന്ന പ്രക്രിയ ആണ് ക്രയോ പ്രിസർവേഷൻ. പണ്ട് മഞ്ഞിനടിയിൽപെട്ടുപോയ പല ജീവജാലങ്ങളും കാലാകാലങ്ങളോളം കേടുവരാതിരുന്നതിൽ നിന്ന് ഉരുത്തിരിഞ്ഞ നൂതന സങ്കേതിക വിദ്യയാണിത്. ഈ ഭൂമി നശിച്ചു പോയാലും പിന്നീട് വീണ്ടെടുക്കാൻ കഴിയുന്ന വിധത്തിൽ ഇന്നീ ഭൂമുഖത്തുള്ള ഒട്ടു മിക്ക വിത്തുകളും ക്രയോ പ്രിസർവ്വ് ചെയ്ത് സൂക്ഷിക്കുന്ന കേന്ദ്രം നോർവെയിലെ സ്വൽബാർഡ്(Svalbard) എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്നു. മനുഷ്യരാശി നശിച്ചാലും ഭൂമിയിൽ ജീവൻ കരുപ്പിടിപ്പിക്കാൻ ആ വിത്തുകൾക്ക് സാധിക്കും. ഇത്രയധികം വിപ്ലവകരമായ സാധ്യതകളുള്ള ഒരു സാങ്കേതിക ശാഖയാണ് ക്രയോ പ്രിസർവേഷൻ.

ക്രയോ പ്രിസർവേഷന്റെ അടുത്ത ജെനറേഷൻ ആണ് ക്രയോണിക്സ്. വിത്തുകളെ സംരക്ഷിച്ച പോലെ മനുഷ്യശരീരത്തെ ശീതീകരിച്ച് സൂക്ഷിച്ചുവെച്ചിട്ട് പിന്നീട് വീണ്ടും ജീവിപ്പിക്കാൻ സാധിക്കുമോ എന്നു പഠിക്കുന്ന ശാഖയാണ് ക്രയോണിക്സ്. വസ്തുക്കളെ പൂജ്യം താപനിലയിൽ നിന്നും താഴെ എത്തിച്ചാൽ എന്താണ് സംഭവിക്കുന്നതെന്ന് പഠിക്കുന്ന ക്രയോജനിക്സും താഴ്ന്ന താപനിലയിൽ ജീവജാലങ്ങൾ എങ്ങനെ പ്രതികരിക്കും എന്നു പഠിക്കുന്ന ക്രയോ ബയോളജിയും ഇതിൽനിന്നും അമ്പേ വ്യത്യസ്തമാണ്.

ക്രയോണിക്സിൽ മരിച്ചു പോകുന്ന മനുഷ്യ ശരീരങ്ങളെ പൂജ്യത്തിലും വളരെ താഴ്ന്ന താപനിലയിൽ സൂക്ഷിച്ചു വച്ചിട്ട് സാഹചര്യങ്ങൾ അനുകൂലമാകുമ്പോൾ വീണ്ടും ജീവിപ്പിക്കുക എന്നതാണ് ലക്ഷ്യം. ഞാൻ ഏതെങ്കിലും സയൻസ് ഫിക്ഷൻ സിനിമയുടെ കഥ പറയുകയാവും എന്നു കരുതിയെങ്കിൽ തെറ്റി. വിദൂര ഭാവിയിൽ വിളിച്ചെണീപ്പിക്കപ്പെടാം എന്ന വിശ്വാസത്തിൽ ശീതീകരിക്കപ്പെട്ട നൂറുകണക്കിന് ശരീരങ്ങളും ശരീര ഭാഗങ്ങളും ഇന്ന് ഈ ലോകത്ത് ഉണ്ടെന്ന തിരിച്ചറിവിൽ "ഈ ശാസ്ത്രത്തിന്റെ ഒരു പോക്കേ!" എന്നും പറഞ്ഞ് വായും തുറന്ന് നിൽക്കുന്ന പാവം അശുക്കളാണ് നമ്മൾ. ഇന്നും പഠനത്തിന്റെ തുടക്ക പടവുകളിൽ നിൽക്കുന്ന ഒരു ശാസ്ത്ര ശാഖയാണ് ക്രയോണിക്സ്. മനുഷ്യ ശരീരത്തിലെ കോശങ്ങളെയെല്ലാം കേടുപാടുകൾ കൂടാതെ സൂക്ഷിക്കാനുള്ള വിദ്യ ശാസ്ത്രത്തിന് ഇന്നും അറിയില്ല. ഇപ്പോൾ സംരക്ഷിക്കപ്പെട്ടിട്ടുള്ള ഏറ്റവും പ്രായമുള്ള ശരീരം ഒരു 80 വയസുകാരന്റെയാണ്. പ്രായം കുറഞ്ഞത് ഒരു രണ്ടു വയസുകാരി യുടേതും. ഇവർ മരിച്ചയുടനെ തന്നെ ശരീരത്തിന്റെ താപനില 6 ഡിഗ്രിയാക്കി താഴ്ത്തി. എന്നിട്ട് ശരീരകോശങ്ങൾ നശിക്കാതിരിക്കാനുള്ള 'ആന്റി-ഫ്രീസ്' ദ്രാവകം ശരീരത്തിൽ കുത്തി വച്ചു. സ്ലീപ്പിംഗ് ബാഗ് പോലെയുള്ള ഒരു ബാഗിൽ ഡ്രൈ-ഐസ്(Dry-ice) നിറച്ച് അതിലേക്ക് ആ ശരീരം ഇറക്കി വച്ചു. അങ്ങനെ താപനില -80C വരെ ആക്കി. ശരീരത്തെ ഹോൾബ്രൂക്കിലുള്ള സ്ഥാപനത്തിൽ എത്തിച്ച് ലിക്വിഡ് നൈട്രജൻ ഉപയോഗിച്ച് താപനില വീണ്ടും താഴ്ത്തി. എന്നിട്ട് വാക്വം ആയ ഒരു കണ്ടെയ്നറിൽ തലകീഴായി സൂക്ഷിച്ചിരിക്കുന്നു. നിർഭാഗ്യവശാൽ ഇങ്ങനെ സംരക്ഷിക്കപ്പെട്ട ശവ ശരീരങ്ങളെ തിരിച്ച് ജീവിപ്പിക്കാനുള്ള സങ്കേതിക വിദ്യ ഇന്നു നിലവിൽ ഇല്ല.

1901 ൽ മക്ഡഗാൾ എന്ന ഡോക്ടർ നടത്തിയ ഒരു പഠനം 1907-ൽ അദ്ദേഹം അമേരിക്കൻ മെഡിക്കൽ ജേർണലിലും അമേരിക്കൻ സൈക്കിക്കൽ റിസർച്ച് ജേർണലിലും ന്യൂയോർക്ക് ടൈംസ് പത്രത്തിലും പബ്ലിഷ് ചെയ്തിരുന്നു. മരിക്കാറായ വ്യക്തികളെ അദ്ദേഹം ഒരു വെയിംഗ് മെഷീനിൽ കിടത്തി ആണ് പരീക്ഷണം നടത്തിയത്. പല സമയങ്ങളിൽ മരിച്ച വ്യത്യസ്ത മനുഷ്യരുടെ ശരീരത്തിൽ നിന്നും ഏകദേശം 21 ഗ്രാം ഭാരം നഷ്ടപ്പെടുന്നതായി അദ്ദേഹം കണ്ടു പിടിച്ചു. അത് അവരിൽ നിന്നും പുറത്തേക്കു പോകുന്ന ആത്മാവ് ആണെന്നാണ് അദ്ദേഹം പറഞ്ഞത്. അങ്ങനെ ആത്മാവിന്റെ ഭാരം 21 ഗ്രാം ആണെന്ന് അദ്ദേഹം സ്ഥിരീകരിച്ചു. ഈ പഠനത്തിന്റെ സാധ്യതകളെ കുറിച്ച് ഭിന്നാഭിപ്രായങ്ങൾ ഉണ്ടെങ്കിലും ശാസ്ത്രം ഭാഗികമായെങ്കിലും അത് അംഗീകരിക്കുന്നുണ്ട്.

ഈ സയൻസും ഹിസ്റ്ററിയും ഞാൻ പറഞ്ഞു വന്നത് ഒരേയൊരു ചോദ്യം ചോദിക്കാനാണ്. ക്രയോണിക്സ് വഴി സംരക്ഷിക്കപ്പെട്ട ശരീരം എന്നോ ഭാവിയിൽ ജീവിപ്പിക്കപ്പെടുമ്പോൾ മരണ സമയത്ത് നഷ്ടപ്പെട്ട ആത്മാവിന്റെ ഭാരമായ ഈ 21 ഗ്രാം തിരിച്ചെടുക്കാൻ ഏതെങ്കിലും സാങ്കേതിക വിദ്യക്ക് കഴിയുമോ?

മനുഷ്യരിലെ ദൈവീക സാന്നിധ്യമാണ് ആത്മാവ് എന്നാണ് ഇന്നിന്റെ വിശ്വാസം. ശീതീകരിക്കപ്പെട്ട



ശവശരീരം ഉയർത്തെണീപ്പിക്കപ്പെടുമ്പോൾ അവനിലെ ദൈവീകതയെ തിരിച്ചെത്തിക്കാൻ ശാസ്ത്രത്തിന് സാധിക്കുമോ? ഒരു പക്ഷേ രക്തയോട്ടമുള്ള, നാഡീ ഞരമ്പുകൾ പ്രവർത്തിക്കുന്ന ഒരു മനുഷ്യ ശരീരത്തിനെ വീണ്ടെടുക്കാൻ സാധിച്ചേക്കാം. എന്നാൽ, സ്രഷ്ടാവിന്റെ അത്യുന്നത സൃഷ്ടിയായ ഓജസും തേജസുമുള്ള മനുഷ്യന്റെ പ്രതീകമാക്കാൻ അതിനു കഴിയുമോ? ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഫിറ്റ് ചെയ്ത ഒരു റോബോട്ടിനെ സൃഷ്ടിച്ചാലും പരിപൂർണ്ണനായ ഒരു മനുഷ്യനെ ഉയിർപ്പിക്കാൻ ഒരു സാങ്കേതിക വിദ്യക്കും കഴിയില്ല!

മരിച്ച മനുഷ്യന്റെ മരണ കാരണമായ അസുഖത്തെ പൂർണമായും റിവേഴ്സ് ചെയ്യാൻ കഴിയുന്ന ടെക്നിക് കണ്ടു പിടിച്ചാൽ മാത്രമേ ഈ സൂക്ഷിക്കപ്പെടുന്ന ശരീരങ്ങൾക്ക് അന്തരീക്ഷം കാണാൻ കഴിയൂ. എന്നാലും വീണ്ടും ഉപയോഗിക്കാൻ പാകത്തിന് ശരീര കോശങ്ങൾ സംരക്ഷിക്കപ്പെട്ടിട്ടുണ്ടോ എന്നും ഉറപ്പില്ല. കൂടുതൽ നാളേക്ക് ശരീര കോശങ്ങൾ കേടാകാതെ സൂക്ഷിക്കാനുള്ള ശാസ്ത്രീയ പഠനങ്ങൾ ഇന്നും ശൈശവ ദശയിലാണ്. ചുരുക്കി പറഞ്ഞാൽ നമ്മുടെ തലമുറക്ക് അത് കാണാൻ സാധിക്കില്ല.

മരിച്ചു കഴിഞ്ഞാലല്ലേ ആത്മാവ് നഷ്ടമാവുകയുള്ളൂ... അതുകൊണ്ട് ആസന്നമരണരായവരെ ഉപയോഗിച്ച് പഠനം നടത്താൻ ക്രയോണിക്സ് ശാഖ ശ്രമിച്ചു. പക്ഷേ ധാർമ്മികമായ പ്രശ്നങ്ങളിൽ പെട്ട് അതിന് തടസം നേരിടുകയാണ്. മരിക്കാൻ മടിക്കുന്ന ഒരാൾ എങ്ങനെയാണ് ജീവനോടു കൂടെ തന്നെ ഫ്രീസ് ചെയ്യപ്പെടാൻ ആഗ്രഹിക്കുക? എന്നാലും തിയറിയിൽ അതിന്റെ അനന്ത സാധ്യതകൾ കണക്കു കൂട്ടപ്പെട്ടിട്ടുണ്ട്. അപ്പോഴും നമ്മുടെ ആത്മാവിനെ, അതായത് Human soul നെ എങ്ങനെ സൂക്ഷിക്കും എന്നതിന് ഉത്തരമില്ല. ഡിജിറ്റൽ ഡേറ്റ ആയി മാറ്റി സൂക്ഷിക്കാം എന്നാണ് തിയറി പറയുന്നത്. പല Fantasyകളും സത്യമാക്കുന്ന ടെക്നോളജി നാളെ അതും നടപ്പിലാക്കിയേക്കാം!

ഹാവൂ, എന്തായാലും ആ ചോദ്യത്തിന് ഉത്തരം കിട്ടി... "ഇല്ല, സർവേശ്വരൻ നമ്മുടെ ശരീരത്തിൽ ഘടിപ്പിച്ചു തന്ന ആത്മാവിന്റെ ഭാരമായ ആ 21 ഗ്രാം ഒരിക്കൽ നഷ്ടപ്പെട്ടാൽ പിന്നെ തിരിച്ചു തരാൻ ഇന്നത്തെ ശാസ്ത്രത്തിനു കഴിയില്ല."

ക്രയോ പ്രിസർവേഷനും ക്രയോണിക്സും ഗവേഷണം നടത്തുന്നവ രുമാണ് Alcor life extension foundation. കുറച്ച് (കുറച്ചധികം) പണം ചിലവാക്കിയാൽ നാളെ എന്നോ വിളിച്ചുണർത്തപ്പെടാം എന്ന വിശ്വാസത്തിൽ നിങ്ങളുടെ ശരീരവും ശീതീകരിച്ച് സൂക്ഷിക്കാം!

---

ബെൻസി: "Smile at all the events of life" അതാണ് എന്റെ ജീവിതത്തിന്റെ ഫിലോസഫി. ന്യൂസീലൻഡിലേക്കു കുടിയേറിയ തിരുവനന്തപുരംകാരി നേഴ്സ്. ഭർത്താവും രണ്ടു മക്കളും അടങ്ങിയ കുടുംബം. ബാലരമ മുതൽ ലോക ക്ലാസിക്കുകൾ വരെ വായിക്കാനുള്ള 'പാഷൻ' ഉണ്ട്. യാത്രകളോടും ഭക്ഷണത്തോടും പ്രിയം

# പുറത്തോ, അകത്തോ?



രമേശ് കീറ്റേഴത്ത്

അനന്തമായ വിശ്വത്തിൽ മനുഷ്യരായ നമ്മൾ എത്രയധികം തേടിയിട്ടും എത്തിപ്പെടാൻ പറ്റാത്ത എത്രയോ സ്ഥാനങ്ങൾ ഉണ്ടാകാം. വളരെ മനോഹരമായത്, രമണീയമായത്, ഭീകരവും ,ആപത്കരവുമായത്, പ്രാണവായുരഹിതമായത്, അതീവ ചൂടോ തണുപ്പോ ഉള്ളപ്രദേശങ്ങൾ, നാടുകൾ, ഭൂമികൾ ,ഉപഗ്രങ്ങൾ, ഗ്രഹങ്ങൾ, സൂര്യന്മാർ, നക്ഷത്രസമൂഹങ്ങൾ, തമോഗർത്തങ്ങൾ, അങ്ങനെ എന്തെല്ലാം. ബാഹ്യമായ ഈ അന്വേഷണങ്ങളിൽ പെട്ടു ഉഴലുന്ന ഒരാൾ ലോകാന്വേഷണ പരമയാ തൃഷ്ണയാൽ സന്തപ്തനായി തന്റെ തന്നെ ഉള്ളിലേക്ക് സഞ്ചരിച്ചു തുടങ്ങുന്ന ഘട്ടം വരുമ്പോഴാണ് അവൻ ആത്മീയമാ യപ്രയാണം ആരംഭിക്കാൻ ഒരുക്കമാകുന്നത്. ആഗ്രഹ പൂർത്തി ഹേതുവായി, പലപ്പോഴും ചെയ്യുന്ന കർമങ്ങൾ സമാസിച്ചു, സംയുക്തീകരിച്ചു, നമ്മൾ പലതും നേടുകയോ, വിശ്വത്തിന്റെ പല അതിർ വരമ്പുകൾ മറി കടക്കുകയോ ചെയ്തേക്കാം, പക്ഷെ നമ്മുടെ കർമ-ചിന്ത-മനനാദികൾക്ക് അതീതമായ ഒരു മഹാശക്തി നിർവിശേഷം നിർവ്യാജം പ്രോജ്വലിക്കുന്നു എന്ന തിരിച്ചറിവിലേക്ക് എത്താൻ നമ്മൾ കർമ ഗ്രാഹിത്വ ചിന്തകൾ എല്ലാം ത്യജിക്കേണ്ടിയിരിക്കുന്നു.

എന്തും നേടിയെടുക്കേണ്ടതാണെന്നുള്ള മിഥ്യാധരണ നിമിത്തം പലപ്പോഴും അലഞ്ഞ്, അലിഞ്ഞ്, പരിശ്രമ കൊടുമുടികൾ താണ്ടി, കലഹങ്ങൾ ജയിച്ച്, ഗ്രാഹ്യമായതെല്ലാം നേടിയിട്ടും, പ്രസവാനന്തര സമയത്ത് അൽപ്പ വസ്ത്രധാരിയായ കുട്ടിയുടെ സ്വാതന്ത്ര്യഘോഷത്തിന്റെ ഒരുകണിക പോലും അവനിൽ നിഴലിക്കുന്നില്ല എന്നുള്ളത് പരിതാപകരമാണ് അപ്പോഴാണ് അറിവിന്റെ മഹാശൈലങ്ങൾ തഴുകിയ മഹത്തുക്കൾ പറയുന്ന നമ്മൾ കേൾക്കാൻ ഇടയാവേണ്ടത്:"ചുമ്മായിരി". മരുഭൂമിയിൽ നട്ടുച്ച നേരം വേനൽക്കാല ദിവാകരനുടെ തീക്ഷ്ണ രശ്മികളാൽ തളർന്ന ഒരുവന്മരുപ്പച്ചയേകുന്ന കുളിർമ്മയായി , ആ വാക്കുകൾ മാറുന്നു. തന്റെ ജന്മജന്മാന്തരങ്ങളായുള്ള അന്വേഷണത്തിന് ഉത്തരം എന്നപോലെ, രോഗാതുരനായ ഒരാൾക്ക് ഭിഷഗ്വര കരങ്ങൾ നൽകുന്ന ശാന്തിപോലെ, ഗുരു ഉപദേശം, ഒരു മന്ദ മാരുതനായി അവന്റെ ഹൃദയത്തിൽ എത്തുന്നു.

നേടേണ്ടതായി ഒന്നുമില്ലെന്നും, തന്റെ സ്വരൂപം പൂർണമാണെന്നുമുള്ള തിരിച്ചറിവിലേക്ക് അതു അവനെ നയിക്കുന്നു. മല വിക്ഷേപാവരണങ്ങൾ നീങ്ങി, നിത്യ പൂർണ്ണ തൃപ്ത ആനന്ദ പൂർണ്ണമായ തന്നെ താൻ, അവനെ, അവൻ അറിയുന്നു.

ഇനി എന്ത് പറയാൻ ഉള്ളൂ,
ഇനി എന്ത് ചെയ്യാൻ ഉള്ളൂ,
ഇനി എന്ത്, ഇനി എന്ത്?
അറിവിതിൻ പരമെന്ത്?

*Ramesh: An Electronics Engineer by profession. Volunteer for causes like Culture, Education, Environment and Human Rights. Loves reading and having good conversations about arts, politics, science, spirituality, and technology. Passionate about travelling and photography.*



# പ്രയാണം



**സാം മത്തായി**

രാവിലെ അഞ്ചേ മുക്കാൽ മണി ആയപ്പോൾ മൊബൈൽ ഫോണിൽ കോൾ വന്നു. കോഴിക്കോട്-തിരുവന്തപുരം സ്വിഫ്റ്റ് ബസ്സിലെ കണ്ടക്ടർ ആണ് വിളിക്കുന്നത്. "ബസ് ചാലക്കുടിയിൽ എത്തിയിരിക്കുന്നു; 40 മിനിറ്റിൽ പെരുമ്പാവൂർ എത്തും". വീണ്ടും ആറ് മണി കഴിഞ്ഞപ്പോൾ അടുത്ത കോൾ വന്നു. "ബസ് ഇപ്പോൾ അങ്കമാലി വിട്ടു കഴിഞ്ഞിരിക്കുന്നു;15 മിനിറ്റിനുള്ളിൽ പെരുമ്പാവൂർ ബസ് സ്റ്റേഷനിൽ എത്തും".

പറഞ്ഞപോലെ തന്നെ രാവിലെ കൃത്യം ആറ് ഇരുപത്തഞ്ചിന് "KSRTC ലോ ഫ്ലോർ സ്വിഫ്റ്റ് A.C. ബസ്" പെരുമ്പാവൂർ സ്റ്റാൻഡിൽ എത്തി. ബസ്സിന്റെ കൃത്യനിഷ്ഠയും സ്റ്റാഫിന്റെ സേവനത്തിൽ വന്ന മാറ്റവും അപാരം തന്നെ... വെറുതെയല്ലാ ആളുകൾ KSRTC ബസ്സിനെ "ചങ്ക്" എന്നു വിളിക്കാൻ തുടങ്ങിയത്! പണ്ട് കോളേജിൽ പഠിച്ചിരുന്ന കാലത്ത്, നിർദിഷ്ട ബസ്റ്റോപ്പിൽ നിന്നും നൂറു മീറ്റർ അകലെ നിർത്തി, ആളെ കയറ്റാതെ പോകുമായിരുന്ന ഓർഡിനറി ബസ്സിന്റെ പിറകെ ഓടി ഷൂവിന്റെ ഹീൽ ഇളകിപ്പോയ ചരിത്രവും എനിക്കുണ്ട്.

പെരുമ്പാവൂരിൽ നിന്ന് തിരുവനന്തപുരം വരെ 220 km യാത്ര ചെയ്യാൻ രണ്ടു പേർക്ക് 847 രൂപ ബസ് ചാർജ് ആകുമെങ്കിലും ബസ്സിനകത്തെ സീറ്റുകളും ലഗേജ് വെക്കാനുള്ള സൗകര്യങ്ങളും കാണുമ്പോൾ ആർക്കും ഇഷ്ടപ്പെട്ടു പോകും. ടിക്കറ്റ് ഓൺലൈൻ ആയി ബുക്ക് ചെയ്യാനുള്ള സൗകര്യവും ഉണ്ട്. അനുദിനമുള്ള നാടിൻറെ പുരോഗതി നേരിട്ട് മനസ്സിലാക്കാൻ പ്രവാസിയയായ എനിക്ക് ട്രെയിൻ യാത്രകളേക്കാൾ ബസ്സ് യാത്രകളോടാണ് പ്രിയം.

ഡ്രൈവറുടെ തൊട്ടു പിറകിൽ മുഖത്തോടു മുഖം നോക്കിയിരിക്കാവുന്ന തരത്തിൽ ക്രമീകരിച്ചിരിക്കുന്ന രണ്ടു സീറ്റുകളിൽ ഒന്നിൽ ഞാനും ഭാര്യയും സ്ഥലം പിടിച്ചു. അഭിമുഖമായിട്ടുള്ള സീറ്റ് മിക്കപ്പോഴും കാലിയായിരുന്നു. എം.സി. റോഡിലെ പ്രകൃതിമനോഹരമായ വഴിയോര കാഴ്ചകൾ കണ്ടു അടൂരിൽ എത്തിയത് അറിഞ്ഞതേയില്ല. അവിടെ

നിന്ന് പ്രഭാതഭക്ഷണശേഷം വീണ്ടും യാത്ര തുടർന്നു. ഒരു മയക്കം കഴിഞ്ഞു ചുറ്റും നോക്കിയപ്പോൾ ബസ് ആയൂർ എന്ന സ്ഥലത്ത് ആളെ കയറ്റാൻ നിർത്തിയിരിക്കുകയാണ്. നിർത്തിയിട്ട ബസ്സിലേക്ക് ഡ്രൈവറുടെ എതിരെയുള്ള വാതിലിലൂടെ കയറുന്ന, മുടിയല്പം നരച്ച, ഒരു യാത്രക്കാരൻറെ സംസാരം അൽപ്പം ഉച്ചത്തിലായിരുന്നു... മൂണ്ടും ഷർട്ടും വേഷം... കയ്യിലൊരു ക്യാരി ബാഗും അതിനുള്ളിൽ പുറത്തേക്കു തള്ളി നിൽക്കുന്ന കുടയും കാണാം... രാവിലെ മാർക്കറ്റിൽ പോയി വരുന്നത് പോലുണ്ട്. കണ്ടക്ടർ തത്സമയം പിറകിൽ എവിടെയോ ആയിരുന്നു.

"എങ്ങോട്ടാണ്"? ഡ്രൈവർ

"കിളിമാനൂർക്ക്"- യാത്രക്കാരൻ.

"ഈ ബസ്സിൽ മിനിമം ചാർജ് 26 രൂപയാണ്".

ഇത് കേട്ടതോടെയാണ് യാത്രക്കാരൻ ഡ്രൈവറോട് തട്ടിക്കയറുന്നത്...

"What do you think? I am a retired Senior Officer from the Central Government service. Do you think that I don't carry enough money for a ticket?"

ഇംഗ്ലീഷിലുള്ള യാത്രക്കാരൻറെ ഡയലോഗ് കേട്ട് ഡ്രൈവർ അമ്പരന്നു പോയിക്കാണണം! അതോടെ പിന്നിൽ നിന്നും കണ്ടക്ടർ പാഞ്ഞെത്തി യാത്രക്കാരനെ സാന്ത്വനിപ്പിക്കാൻ ശ്രമിച്ചു.

എന്തൊക്കെയോ വീണ്ടും പിറുപിറുത്തു കൊണ്ട് അയാൾ ഞങ്ങളുടെ എതിരെയുള്ള സീറ്റിൽ വന്നിരുന്നു. പിന്നെ ബാക്കി ഡയലോഗ് ഞങ്ങളോടായി. "ഇവരൊക്കെ എന്താ വിചാരിച്ചിരിക്കുന്നത്"?

അല്പ സമയത്തിനുള്ളിൽ അയാൾ "കൂൾ" ആയി.

അടുത്ത ക്ഷണം അയാൾ എന്റെ മുഖത്തേക്ക് നോക്കി ഒരു ഭാവഭേദവുമില്ലാതെ പറയുകയാണ്- "സാം മത്തായി"!

ഇതോടെ പാതി ഉറക്കത്തിലായിരുന്ന ഭാര്യയും ഞെട്ടി ഉണർന്നു.

ഒരു നിമിഷം ഞാൻ സ്തബ്ധനായിപ്പോയി! പിറകോട്ടും സൈഡിലേക്കും നോക്കി... ഞാൻ അല്ലാതെ ഈ ബസ്സിൽ വേറൊരു "സാം മത്തായി" ഉണ്ടോ എന്നായി എൻറെ സംശയം.

"സാമിന് എന്നെ മനസ്സിലായോ"? അയാൾ ചോദിച്ചു.

ഒരു പിടിയും കിട്ടുന്നില്ല... ഉടൻ, 27 വർഷം മുമ്പുള്ള ഭൂതകാലത്തിലേക്ക് അയാളെന്നെ ആനയിച്ചു കൊണ്ട് പോയി. "സാമിന് ഓർമ്മയുണ്ടോ, നമ്മൾ റാഞ്ചിയിലെ "തസർ റിസർച്ച് ആൻഡ് ട്രെയിനിങ് ഇൻസ്റ്റിട്യൂട്ടിൽ" ഒന്നിച്ച് ജോലി ചെയ്തിരുന്ന കാലം"?

*************

അൽപ്പം ഫ്ലാഷ് ബാക്ക്!

വർഷം 1996. സെൻട്രൽ ഗവണ്മെന്റ് ഉദ്യോഗസ്ഥനായിരുന്ന എനിക്ക് മധുര ഓഫീസിൽ നിന്ന് കിട്ടിയ ട്രാൻസ്ഫർ, ബീഹാറിലെ (ഇപ്പോൾ ജാർഖണ്ഡ്) റാഞ്ചിയിലേക്ക് ആയിരുന്നു. ഞാൻ റാഞ്ചിയിൽ ചെന്ന് റിപ്പോർട്ട് ചെയ്ത് ഏതാനും മാസം കഴിഞ്ഞാണ് രമേശ് എന്ന "മോളിക്കുലാർ ബയോളജിസ്റ്റ്" അവിടെ എത്തിയത്. ഉത്തരേന്ത്യയിലേക്കുള്ള സ്ഥലംമാറ്റം ആയതിനാൽ ഞാൻ തൽക്കാലം കുടുംബത്തെ കൂടെ കൂട്ടിയിട്ടില്ല. ചുരുക്കി പറഞ്ഞാൽ ഒരു ബാച്ചിലർ ലൈഫ്. രമേശ് അന്ന് എന്നേക്കാൾ നന്നേ ചെറുപ്പമാണ്; വിവാഹിതനുമല്ല. അതു കൊണ്ടു തന്നെ ആകാം, എന്റെ താമസ സ്ഥലത്തു സ്ഥിരമായി വരുവാനും ഞങ്ങൾ രണ്ടുപേരും നല്ല സുഹൃത്തുക്കൾ ആകുവാനും കാരണം. റാഞ്ചി സിറ്റിയിൽ നിന്നും ഏകദേശം 23 കി.മി. അകലെയുള്ള 'നഗരി' എന്ന ഗ്രാമത്തിലാണ് തസർ സിൽക്ക് ഗവേഷണ കേന്ദ്രം സ്ഥിതി ചെയ്യുന്നത്. രാവിലെയും വൈകിട്ടും സ്ഥാപനത്തിൻറെ ബസ്സിൽ എന്നും ഒരുമിച്ചായിരുന്നു ഞങ്ങളുടെ യാത്ര. റാഞ്ചിയിൽ നിന്നാണ് ഞാൻ ന്യൂസീലാൻഡിലേക്ക് കുടിയേറുന്നത്. ന്യൂസിലൻഡിലേക്കുള്ള ഇമ്മിഗ്രേഷന് അപേക്ഷ കൊടുത്തു ചുരുങ്ങിയ സമയത്തിനുള്ളിൽ P.R വിസ അടിച്ചു വന്നപ്പോൾ ഞാൻ സന്തോഷം ആദ്യം പങ്കിട്ടത് പ്രിയ സുഹൃത്ത് രമേശിനോടായിരുന്നു!

"ചേച്ചിക്ക് എന്നെ ഓർമ്മയില്ലായിരിക്കാം... മൂന്നാറിൽ നിന്ന് വന്നപ്പോൾ ചേച്ചി കൊണ്ടുവന്ന ഗോൾഡൻ പാക്കറ്റ് ചായയുടെ രുചി ഇപ്പോഴും എന്റെ നാവിൽ നിന്നും പോയിട്ടില്ല"! അന്ന് ഭാര്യയ്ക്ക് മൂന്നാറിലായിരുന്നു ജോലി. അവധിക്കു വന്നപ്പോൾ കൊണ്ടുവന്നു കൊടുത്തതാണ് TATA TEA യുടെ 'പെരിയവരെ' ഡിവിഷനിലെ മുന്തിയ ഇനം ചായ.

"തന്റെ ഓർമശക്തി ഞാൻ സമ്മതിച്ചിരിക്കുന്നു"! കാലം രമേശിൽ വരുത്തിയ മാറ്റങ്ങൾ മനസ്സിലാക്കാൻ കഴിയാതെ പോയതിലുള്ള ജാള്യത ഒളിപ്പിച്ചുവെച്ച് ഞാൻ തടിതപ്പി.

യാത്ര തുടരുമ്പോൾ ഞങ്ങൾ കുടുംബവിശേഷമെല്ലാം പങ്കുവെച്ചു. ന്യൂസീലൻഡിലേക്ക് ഞങ്ങൾ കുടിയേറിയ ശേഷം അധികം താമസിയാതെ രമേശും റാഞ്ചി വിട്ടു പോന്നിരുന്നു. തെക്കേ ഇന്ത്യയിൽ സിൽക്ക് ബോർഡിൻറെ പല ഓഫീസുകളിലും ജോലി ചെയ്ത്, പടിപടിയായി ഉയർന്ന്, ജോയിന്റ് ഡയറക്ടറായി

റിട്ടയർ ചെയ്തിരിക്കുകയാണ്. രമേശിന്റെ ഭാര്യയും കോളേജിലെ പ്രൊഫസർ ആയിരുന്നു. മക്കൾ രണ്ടുപേരും ഉയർന്ന ജോലിക്കാരാണ്. പൊതുവേ സന്തുഷ്ടമായ റിട്ടയേർഡ് ജീവിതം.

"ഞാൻ പറയാൻ മറന്നു പോയല്ലോ...നമ്മുടെ പഴയ സഹപ്രവർത്തകർ ആലപ്പുഴയിലെ ശ്രീകുമാറിനേയും, തിരുവന്തപുരത്തുള്ള തുളസീധരനെയും മിക്കവാറും കാണാറുണ്ട്; അവരും സാമിനെക്കുറിച്ചൊക്കെ പറയാറുണ്ട്" രമേശ് തുടർന്നു.

"കുറച്ചു സമയത്തിനുള്ളിൽ ഞാൻ കിളിമാനൂർ ഇറങ്ങും. നിങ്ങൾ എൻറെ വീട്ടിൽ കയറിയിട്ട് പോകുന്നോ"?

"ഇത്തവണത്തെ ഞങ്ങളുടെ ട്രിപ്പ് വളരെ തിരക്കുള്ളതാണ്. അടുത്ത പ്രാവശ്യം അവധിക്കു വരുമ്പോൾ തീർച്ചയായും വരാം".

"അത് എപ്പോഴായിരിക്കും"? രമേശ്.

"ഞങ്ങൾ എല്ലാ വർഷവും നാട്ടിൽ വരാറുണ്ട്. ന്യൂസിലാൻഡിൽ ആണെങ്കിലും ഞങ്ങളുടെ മനസ്സ് ഇവിടെത്തന്നെയല്ലേ"?

എന്റെ മറുപടിയിൽ തൃപ്തി വരാഞ്ഞിട്ടു എന്നവണ്ണം കിളിമാനൂർ എത്തുന്നതിനു മുമ്പ് രമേശ് വീണ്ടുംഎൻറെ നേരെ ഒരു ചോദ്യം തൊടുത്തു.

"സാം ന്യൂസിലാൻഡിൽ നിന്ന് എന്നാണ് കേരളത്തിലേക്ക് തിരിച്ചു പോരുന്നത്? എനിക്ക് കിളിമാനൂരും തിരുവനന്തപുരത്തുമായി രണ്ട് വീടുകൾ ഉണ്ട്. അതിൽ ഒന്ന് കാലിയാണ്. സാം അതിൽ താമസിച്ചോ. വെറുതെ എന്തിനാണ് അന്യ നാട്ടിൽ കഴിയുന്നത്? നമുക്ക് ഇവിടെ അടിച്ചു പൊളിച്ച് കഴിയാം".

ആത്മാർത്ഥതയുടെ പൊന്നോളങ്ങൾ ആ കണ്ണിൽ അലയടിച്ചിരുന്നു!

അത് കേട്ട നിമിഷം എൻറെ മനസ്സ് ഒന്ന് ചാഞ്ചാടിയോ?

എന്തായാലും ഒരു ചെറു ചിരിയായിരുന്നു എൻറെ ഉത്തരം.

ബസ്സിൽ നിന്നും ഇറങ്ങാൻ നേരം രമേശിൻറെ വക ഒരു കോംപ്ലിമെൻറ്... "സാം 1996 ൽ കണ്ട അതേ പോലെ തന്നെ ഇരിക്കുന്നു. അതേ സംസാരം, അതേ പെരുമാറ്റം"!

ഞങ്ങളോട് വിട പറഞ്ഞു രമേശ് കിളിമാനൂരിൽ ഇറങ്ങിപ്പോയപ്പോഴാണ് ഡ്രൈവർക്ക് സമാധാനമായത്. ഞങ്ങളുടെ ആവേശത്തിലുള്ള സംസാരം കേട്ട് കണ്ടക്ടർ പല പ്രാവശ്യം എത്തി നോക്കിയിരുന്നു.

***********************

തിരുവനന്തപുരത്തിന് അടുത്ത് കേശവദാസപുരത്തുള്ള റിക്വസ്റ്റ് സ്റ്റോപ്പിൽ ആണ് ഞങ്ങൾക്ക് ഇറങ്ങേണ്ടിയിരുന്നത്. രമേശിനോടുള്ള ഈർഷ്യ കാരണം ഇനി ബസ് എങ്ങാനും അവിടെ നിർത്താതെ പോകുമോ എന്നായി എൻറെ അടുത്ത ശങ്ക. പക്ഷേ ഡ്രൈവർ തികച്ചും ഒരു മാന്യനായിരുന്നു. പരിചയമില്ലാത്ത ഇടമാണെങ്കിലും കറക്റ്റ് "സ്പോട്ടി" ൽ തന്നെ അയാൾ ഞങ്ങളെ ഇറക്കി വിട്ടു. കൂട്ടിക്കൊണ്ടുപോകാൻ ബന്ധുക്കൾ അവിടെ കാത്തു നിൽക്കുന്നുമുണ്ടായിരുന്നു.

അന്ന് രാത്രി ബന്ധു വീട്ടിൽ നിശയുടെ നിശ്ശബ്ദതയിൽ എൻറെ മനസ്സു ഒരു അപഗ്രഥനത്തിനു തുനിഞ്ഞു...രമേശ് കേരളത്തിൽ എത്ര ഹാപ്പിയാണ്... രണ്ടു പേരുടെയും പെൻഷൻ കൊണ്ട് അല്ലലില്ലാതെയുള്ള ജീവിതം!

ഇവിടെ, ന്യൂസിലാൻഡ് എന്ന "സമാധാനമുള്ള" രാജ്യം വന്നണഞ്ഞിട്ടും തൃപ്തി വരാതെ, വീണ്ടും ഓസ്ട്രേലിയയെ സ്വപനം കണ്ടു കഴിയുന്നവരാണ് കൂട്ടുകാരിൽ പലരും! യൂണിവേഴ്സിറ്റി പഠനവും കഴിഞ്ഞു "ഓവർസീസ് എക്സ്പീരിയൻസ്" എന്ന ലേബലിൽ വിദേശരാജ്യങ്ങളിലേക്ക് ചേക്കേറാൻ വെമ്പി നിൽക്കുകയാണ് പുതിയ തലമുറയിൽ നല്ലൊരു പങ്കും! ജൂതർ കഴിഞ്ഞാൽ ലോകത്തിലെ ഏറ്റവുമധികം ചിതറപ്പെട്ട ജനതയാണ് മലയാളികൾ എന്നാണ് എഴുത്തുകാരൻ സക്കറിയയുടെ നിരീക്ഷണം. അതേ മലയാളിയുടെ പ്രയാണം ഒരു തുടർക്കഥ തന്നെ!

പ്രവാസം മതിയാക്കി സ്വന്തം നാട്ടിലേക്ക് മടങ്ങിവരാൻ മാടി വിളിക്കുകയാണ് കൂട്ടുകാരൻ...

അൽപ സമയത്തിനുള്ളിൽ മനസ്സ് സമചിത്തത വീണ്ടെടുത്തു! ഇല്ല... വെള്ളിമേഘങ്ങളുടെ മനോഹരമായ ഈ നാട്ടിൽ നിന്നും ഇനിയൊരു തിരിച്ചുപോക്കില്ല! പെറ്റമ്മയെപ്പോലെയോ, അതിലുപരിയായോ, രണ്ടര പതിറ്റാണ്ടിലേറെ കരുതി സംരക്ഷിച്ച ഈ തീരം വിട്ടു എങ്ങോട്ടുമില്ല!!

പ്രിയ സുഹൃത്തേ, നിൻറെ "വലിയ" മനസ്സിന് നന്ദി! ഇടക്കെല്ലാം ഞാൻ നിന്നെ വന്നു കണ്ടുകൊള്ളാം!!

ഡോ. സാം മത്തായി: ഇന്ത്യയിൽ കേന്ദ്ര ഗവ: സ്ഥാപനത്തിൽ സീനിയർ റിസേർച് ഓഫീസർ ആയും, പിന്നീട് ഓക്‌ലാൻഡ് യൂണിവേഴ്‌സിറ്റിയിൽ റിസേർച്ച് സയന്റിസ്റ്റ്/ റിസേർച്ച് ഫെലോ ആയും ഏറെക്കാലം പ്രവർത്തിച്ചു. സമാജത്തിന്റെ സ്ഥാപക മെമ്പർമാരിൽ ഒരാൾ. ദർപ്പണം മാഗസിന്റെ 2018 മുതൽ 2022 വരെ വർഷങ്ങളിൽ ചീഫ് എഡിറ്റർ ആയിരുന്നു.

# മഴയും നീയും

മഴയും നീയും ഒരുപോലാണ്, ഓർക്കാപ്പുറത്താണ് പെയ്ത്ത്
ഒടുവിൽ കുത്തിയൊലിച്ച്കലങ്ങി മറിഞ്ഞ്
പിന്നെ നേർത്തു നേർത്തു വിതുമ്പി
പെയ്ത് തോർന്നാലും തോരാതെ വീണ്ടും
മരം പെയ്യും പോലെ എങ്ങലടിച്ചും ചിണുങ്ങിയും..

മെല്ലെ മറന്നു നിന്റെ നനവും കുളിരുപൊങ്ങിയ
നനഞ്ഞ മേൽച്ചുണ്ടും ഒഴുകിയിറങ്ങുന്ന കുങ്കുമക്കുറിയും
കലങ്ങിയ കണ്മഷിക്കിടയിലെ പിടയുന്ന നേത്രവും
നനഞ്ഞ പാവാടയും എന്നെ കൊതിയേറ്റിയ
വെളുത്ത കാലിലെ വെള്ളിക്കൊലുസ്സുകളും...

ചെളി തേകി എന്നെ കുളിപ്പിച്ച്, പുസ്തകക്കെട്ടു നനച്ച്
ചുവന്ന പൊട്ടെന്റെ കവിളിലുരുമ്മി ചിരിച്ചൊരു മഴ
പോലെ പോയെങ്കിലും ഒരാശ്വാസമേയുള്ളൂ കടമെടുക്കാൻ..
നോവിക്കാനെങ്കിലും നീയെന്നെ പ്രണയിക്കുന്നുണ്ടല്ലോ.....

# ചിത

മാറാല തൊങ്ങുന്ന കാതുകളിൽ
നരിച്ചീറുകൾ തലകീഴായ്
നീലച്ച ദേഹം നോക്കി അയാൾ
വിഷം കേറിയതെന്ന്...

വിണ്ടു കീറിയ ചുണ്ടുകളിൽ തേച്ച
ചായം നക്കിയ നാവിന്റെ ആരുചി മനസ്സിന്,
കണ്ണിലൊരായിരം അമാവാസികൾ
ഒന്നിച്ചു പൊട്ടിയൊലിച്ചു..

വഴിതെറ്റി വന്ന കാറ്റു പോലും
ഉമ്മറത്തിരിക്കാതെ വിളക്കണച്ചു
തിരിയേറ്റി വച്ചിട്ടും
കയ്യോണ്ടു മറച്ചിട്ടും

നേരമായെന്ന്, തൊടിയിൽ
വിറകുകൾ തൂർന്നു
വേണ്ടെന്നെത്ര അലറിയിട്ടും
അവരെന്നെ തീ കൂട്ടി കത്തിച്ചു!

**ഷൈൻ കൃഷ്ണ**





# മാനസികാരോഗ്യ സംരക്ഷണം



Caroline France

ഒക്ടോബർ 10 ലോകമെമ്പാടും മാനസികാരോഗ്യ ദിനമായി ആചരിക്കുകയാണ്. ചിന്തകൾ, വികാരങ്ങൾ, ധാരണകൾ, വിശ്വാസങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന ഒരു വ്യക്തിയുടെ അവബോധത്തിൻറെ സങ്കീർണവും ബഹുമുഖവുമായ വശമാണ് മനസ്സ്. ഒരു വ്യക്തിക്ക് സ്വന്തം കഴിവുകൾ തിരിച്ചറിയുവാനും, സാധാരണ ജീവിതത്തിലെ വെല്ലുവിളികളെ ഫലപ്രദമായി നേരിടാനും, താൻ ഉൾപ്പെടെ സമൂഹത്തിന് പ്രയോജനപരമായ രീതിയിൽ പ്രവർത്തിക്കുന്നതിനും വേണ്ടിയ ഘടകമാണ് മാനസിക ആരോഗ്യം. എല്ലാവരുടെയും ജീവിതത്തിൽ മാനസിക ആരോഗ്യത്തിന് വളരെ പ്രാധാന്യമുണ്ട്. മാനസിക ആരോഗ്യം സംരക്ഷിക്കുന്നതിനുള്ള ചില പ്രയോഗിക മാർഗങ്ങൾ ചുവടെ ചേർക്കുന്നു.

**1. നല്ല ബന്ധങ്ങൾ**

കേൾക്കാൻ ഒരാൾ ഉണ്ടാവുക എന്നത്

ഏതൊരു വ്യക്തിയെ സംബന്ധിച്ചും വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഉത്കണ്ഠകളും, മാനസിക സമ്മർദ്ദങ്ങളും വ്യക്തിയുടെ മാനസീക നിലയെ ദുർബലമാക്കിയേക്കാം. ഇത്തരം അവസരങ്ങളിൽ വിഷമങ്ങൾ പങ്കുവയ്ക്കാനും, വികാരങ്ങൾ വെളിപ്പെടുത്താനും, വിശ്വാസമർപ്പിക്കാനും ഒക്കെ സഹമനുഷ്യർ ഉണ്ടെങ്കിൽ അവർക്ക് അതിനെ എളുപ്പത്തിൽ നേരിടാൻ കഴിയും. നാടും വീടും പ്രിയപ്പെട്ടവരേയും ഒക്കെ വിട്ട് പ്രവാസികളായി ജീവിക്കുമ്പോൾ സന്തോഷകരമായ ജീവിതത്തിന് സാമൂഹിക പിന്തുണ അത്യന്താപേക്ഷിതമാണ്. നാം സ്നേഹിക്കുകയും, നമ്മെ സ്നേഹിക്കുകയും ചെയ്യുന്നവരുടെ കൂടെ സമയം പങ്കുവയ്ക്കുമ്പോൾ മനസ്സിൽ സന്തോഷം നിറയുന്നു.

**2.സെൽഫ് കെയർ അഥവാ സ്വയം പരിചരണം**

ദൈനംദിന ജോലികൾ ചെയ്യുന്ന അതേ കൃത്യതയോടെ തന്നെ ചെയ്യേണ്ട ഒന്നാണ് സ്വയം പരിചരണം. തിരക്കേറിയതും ഉത്തരവാദിത്വങ്ങൾ നിറഞ്ഞതുമായ ദിനചര്യയിൽ സ്വയം പരിചരണം ചെയ്യുക എന്നത് ഒരു വെല്ലുവിളിയാണ്. എങ്കിൽ തന്നെയും, ഒരല്പം സമയം അവനവനു വേണ്ടി മാറ്റിവയ്ക്കാൻ പറ്റാത്തവരായി ആരാണുള്ളത്? ഏതെങ്കിലും ഒരു വ്യായാമം ശീലമാക്കുക, പ്രിയപ്പെട്ട സംഗീതം കേൾക്കുക, ഇഷ്ടപ്പെട്ട പുസ്തകങ്ങൾ വായിക്കുക, വാരാന്ത്യത്തിൽ ഒരു യാത്ര പോകുക, സ്വയം ഒരു സമ്മാനം വാങ്ങുക, അല്പം നടക്കാൻ പോവുക, പഴയ ഫോട്ടോകൾ മറിച്ചു നോക്കുക, ഏതെങ്കിലും ഒരു തമാശ വീഡിയോ കാണുക തുടങ്ങിയവയൊക്കെ സ്വയം പരിചരണത്തിൽ ഉൾപ്പെടുത്താവുന്നതാണ്.

**3. സ്വയം കരുണ (Self Compassion)**

മറ്റുള്ളവരോട് കാണിക്കുന്ന കരുണ സ്വയം കൊടുക്കാൻ ശ്രമിക്കുക നമുക്ക് ക്ലേശങ്ങളും, പരാജയങ്ങളും, താൻ അപൂർണ്ണൻ ആണെന്ന തോന്നലുകളും ഉണ്ടാവുമ്പോൾ നാം സ്വയം മനസ്സിലാക്കാനും നമ്മോട് തന്നെ ക്ഷമിക്കാനും, സഹിഷ്ണുത കാണിക്കാനും ശ്രമിക്കുക.

**4. ആത്മീയത**

ഏതെങ്കിലും മതത്തിലുള്ള ഉയർന്ന വിശ്വാസം ദൈനംദിന ജീവിതത്തിലെ വെല്ലുവിളികളെ നേരിടാൻ സഹായകമാണെന്ന് വിദഗ്ധാഭിപ്രായം. ഭയവും, ഉത്കണ്ഠയും ഒക്കെ അനുഭവപ്പെടുമ്പോൾ അവരവർ തങ്ങളുടെ വിശ്വാസങ്ങളിലേക്കും ചിന്തകളിലേക്കും തിരിയുകയും സ്വയം ആശ്വാസം കണ്ടെത്തുകയും ചെയ്യുന്നു.

**5. ജോലിയോടുള്ള സമീപനം**

കഷ്ടപ്പെട്ട് ജോലി ചെയ്യുന്നതിന് പകരം ഇഷ്ടപ്പെട്ട് ജോലി ചെയ്യുന്നവരാകുവാൻ ശ്രമിക്കുക. ജോലിസമയത്ത് അമിതമായ സമ്മർദ്ദം അനുഭവപ്പെട്ടാൽ മാനേജ്മെന്റിനെ അറിയിക്കുകയും ആവശ്യമെങ്കിൽ പ്രൊഫഷണൽ സഹായം തേടുകയും ചെയ്യുക. അവധി ദിവസങ്ങളിൽ ജന്മദിന പാർട്ടികളും മറ്റുമായി നാം പ്രിയപ്പെട്ടവരോടൊത്ത് ചിലവഴിക്കുവാൻ ശ്രമിക്കുക. ജോലി മാത്രമാണ് എല്ലാം എന്ന ചിന്ത മാറ്റിവയ്ക്കുകയും അവധി ദിവസങ്ങളിൽ ജോലിക്ക് അല്ല പ്രാധാന്യം നൽകേണ്ടത് എന്ന കാര്യം ഓർക്കുകയും ചെയ്യുക.

**6. മൈൻഡ്ഫുൾനെസ് ധ്യാനം.**

ബുദ്ധിസ്റ്റ് ഫിലോസഫിയെ അടിസ്ഥാനമാക്കിയുള്ള ഒന്നാണ് “മൈൻഡ് ഫുൾനെസ്” ധ്യാനം. ഏത് അവസ്ഥയിലാണ് താനുള്ളതെന്ന് തിരിച്ചറിയുകയും എന്താണ് ചെയ്യുന്നതെന്ന് ഉൾക്കൊള്ളുകയും ചെയ്യുന്ന മനുഷ്യൻറെ അടിസ്ഥാനപരമായ കഴിവാണ് മൈൻഡ്ഫുൾനെസ്. നമുക്കും നമ്മളുടെ പ്രതികരണങ്ങൾക്കും ഇടയിൽ അല്പം ഇടം നൽകാനും, വാക്കുകൾക്ക് മുമ്പേ ചിന്തിക്കാനും, പ്രവർത്തിക്കുന്നതിനു മുൻപേ മനസ്സിലാക്കാനും മൈൻഡ് ഫുൾനെസ് സഹായിക്കുന്നു.

മാനസിക ആരോഗ്യത്തിന്റെ പ്രാധാന്യം മനസ്സിലാക്കി അതിന്റെ സംരക്ഷണത്തിന് വേണ്ട കരുതലുകൾ സ്വീകരിച്ച് മുൻപോട്ടു പോകാം. എല്ലാവർക്കും സന്തോഷവും സമാധാനവും നേരുന്നു.

Caroline France: “മെന്റൽ ഹെൽത്ത് ആൻഡ് അഡിക്ഷൻ കൗൺസിലിങ്ങിൽ” ബിരുദാനന്തര ബിരുദധാരിയാണ്. Waitemata DHB യിൽ രജിസ്റ്റേഡ് നേഴ്സ് ആയി ജോലി ചെയ്യുന്നു.

UNICORN ACCOUNTING LIMITED

# EMPOWERING YOUR FINANCIAL FUTURE WITH PRECISION AND TRUST

At Unicorn Accounting, we offer expert accounting services. From tax preparation to financial planning, our team ensures accuracy, compliance, and valuable insights for growth.

## SERVICES

- INCOME TAX
- PAYROLL
- GST
- RENTAL PROPERTY
- CASHFLOW FORECAST
- COMPANY FORMATION
- ACCOUNTING SOFTWARE SUPPORT

2/27D Waipareira avenue,
Henderson, Auckland – 0610

022-546-0143
021-0821-9080
09-835-1423

Info@uca.co.nz

ACCA The global body for professional accountants

myob

xero

atainz





WWW.UCA.CO.NZ

# കേരളാ പ്രിമീയർ ലീഗിൽ ചരിത്ര വിജയവുമായി കോട്ടയം വാരിയേഴ്സ്...








കൃപ ഫിനാൻഷ്യൽ സൊല്യൂഷൻസ് കേരളാ പ്രീമിയർ ലീഗ് സീസൺ 4ൽ പുതുചരിതം രചിച്ചുകൊണ്ട് കോട്ടയം വാരിയേഴ്സ് ഹാട്രിക് വിജയം നേടി . ഫൈനൽ മത്സരത്തിൽ ആലപ്പുഴ ട്രോജൻസിനെ 7 വിക്കറ്റിന് പരാജയപ്പെടുത്തി. ടോസ് നേടി ഫീൽഡിങ്ങ് തെരഞ്ഞെടുത്ത കോട്ടയത്തിന്റെ ശരത് മുരളീധരൻ, എബിൻ പി. കെ., സെബു എബ്രഹാം, റെനീഷ് ജോയി, ബിനാഷ് നമ്പ്യാർ എന്നിവരുടെ ഉജ്ജ്വല ബൗളിങ്ങിന് മുൻമ്പിൽ 142 റൺസ് എടുക്കാനേ ആലപ്പുഴയ്ക്ക് സാധിച്ചുള്ളൂ.
.

രഞ്ജിത്ത് രവീന്ദ്രൻ മുന്നിൽ നിന്ന് നയിച്ച കേരളാ വാരിയേഴ്സ് -ൽ ബിനാഷ് നമ്പ്യാർ, ഷെറിൻ തോമസ്, റെനീഷ് ജോയ്, എബിൻ പി.കെ. ബിബിൻ അലക്സ് , ശരത് മുരളീധരൻ, ജോസ് മോൻ ജേക്കബ്, ആനന്ദ് എൻ.കെ, സെബു എബ്രഹാം, സുബിൻ പോൾ, സജിത്ത് കണ്ണിയൊത്ത്, എൽവിൻ ജോഷി, അർജ്ജുൻ സുരേന്ദ്രബാബു എന്നിവരാണ് മറ്റു താരങ്ങൾ

കേരളാ വാരിയേഴ്സിന്റെ ഉടമകളായ സബി തൊട്ടിയിൽ, ജോബിറ്റ് കിഴക്കേക്കുറ്റ്, ജിമ്മി പുളിക്കൽ, എബിൻ പഴക്കായിൽ, ജോബി എറികാട്ട്, ബിജോമോൻ ചേന്നാത്ത് എന്നിവരാണ് ടീമിന്റെ പ്രവർത്തനങ്ങളുടെ ചുക്കാൻ പിടിക്കുന്നത്.

# രാമായണ സന്ദേശം



**ശങ്കുണ്ണി മോഹൻ കരുപ്പായിൽ**

രാമായണം എന്നാൽ രാമന്റെ അയനം അല്ലെങ്കിൽ യാത്ര എന്നാണ് അർത്ഥം. രാമൻറെ യാത്ര അല്ലെങ്കിൽ സീതയുടെ യാത്ര എന്ന് ഒരു വ്യാഖ്യാനം കൂടിയുണ്ട്. രാമായണം ഒട്ടനവധി മനുഷ്യരുടെ കൂടി കഥയാണ്. ധർമ്മാചരണത്തിന്റെ ഉദാത്തമായ ഉദാഹരണമാണത്. ധർമ്മസങ്കടങ്ങളുടെ കൂടെ കഥയാണത്! ധർമ്മാചരണം വളരെ ബുദ്ധിമുട്ടുള്ള ഒരു കാര്യമാണ്. എന്താണ് ധർമ്മം, എങ്ങനെയാണ് ധർമ്മം ആചരിക്കേണ്ടത്, ധർമ്മം ആചരിക്കുമ്പോൾ എന്തെല്ലാം പ്രതിബന്ധങ്ങൾ വരുന്നു എന്നിങ്ങനെ പലതും ഉദാഹരണങ്ങൾ വഴി വിസ്തരിക്കുന്നുണ്ട് രാമായണത്തിൽ.

രാമന് മാത്രം ധർമ്മസങ്കടം വരുന്നില്ല. കാരണം, "രാമോ വിഗ്രഹവാൻ ധർമ്മ"! ധർമ്മത്തിന്റെ മൂർത്തിമത് ഭാവമാണ് രാമൻ എന്ന് വാത്മീകി പറയുന്നു. ശരിക്കും അത് പറയുന്നത് മാരീചനാണ്. രാവണൻ ഒരു ദിവസം മാരീചനെ കാണാൻ വരുന്നു. ഉദ്ദേശം സീതയെ അപഹരിച്ചുകൊണ്ട് പോകൽ തന്നെ. അതിന് മാരീചനോട് സഹായം അഭ്യർത്ഥിക്കുകയാണ് രാവണൻ. രാവണനും മാരീചനും രാക്ഷസരാണ്, ഇന്ദ്രജാലക്കാരുമാണ്. മാരീചൻ ഒരിക്കൽ രാമനിൽ നിന്ന് പരാജയം നേരിട്ട് തൽക്കാലം നല്ല കുട്ടി ചമഞ്ഞ്, പർണ്ണശാല കെട്ടി, തപസ് അനുഷ്ഠിക്കുന്ന വ്യക്തി കൂടിയാണ്. രാവണന്റെ ഉദ്ദേശം അറിഞ്ഞപ്പോൾ മാരീചൻ ചോദിക്കുന്നു- ആരാണ് നിനക്ക് ഈ വിനാശകരമായ ഉപദേശം തന്നത്? ആരാണ് രാമൻ എന്ന് നിനക്കറിയാമോ?

"രാമോ വിഗ്രഹവാൻ ധർമ്മ
സാധു സത്യ പരാക്രമവാ
രാജാ സർവസ്യ ദേവസ്യ
ദേവാൻ വാസവ"

ധർമ്മത്തിന്റെ മൂർത്തിമത് ഭാവമാണ് രാമൻ, രാമനോട് ഏറ്റുമുട്ടിയാൽ നിനക്ക് നാശം വരും!

മാരീചൻ പറഞ്ഞത് പോലെ ധർമ്മ വിഗ്രഹമാണ് രാമൻ. നിരവധി സന്ദർഭങ്ങളിലൂടെ രാമൻറെ ധർമ്മ പ്രതിബദ്ധത വ്യക്തമാക്കുന്നുണ്ട് രാമായണത്തിൽ. എപ്പോഴെല്ലാം കർമ്മങ്ങൾ ധർമ്മവിരുദ്ധമായി തീരുന്നുവോ അപ്പോൾ അത് ദുഃഖത്തെ തരുന്നു. വളരെയധികം ഉദാഹരണങ്ങളിലൂടെ അത് നമുക്ക് കാണാം.

ഉദാഹരണമായി, ദശരഥന്റെ ദുഃഖം, കൈകേയിയുടെ ദുഃഖം, രാവ ണന്റെ ദുഃഖം, ശൂർപണഖയുടെ ദുഃഖം. ഇവരുടെ കാര്യത്തിൽ ധർമ്മവിരുദ്ധമായ കാമം എത്ര വലിയ ദുഃഖമാണ് ഉണ്ടാക്കുന്നത്!

ധർമ്മാചരണം രാമൻറെ കാര്യത്തിൽ പാരമ്പര്യമായി കിട്ടിയതല്ല. ദശരഥ രാജാവ്



അത്ര വലിയ ധർമ്മിഷ്ഠൻ അല്ല എന്ന് ചില ചെറിയ കാര്യങ്ങളിൽ നിന്ന് നമുക്ക് മനസ്സിലാകും. ദശരഥ രാജാവിന് 350 ഓളം പത്നിമാരുണ്ട്. അതിൽ മൂന്നു പേരെ മാത്രമേ നമുക്ക് അറിയുകയുള്ളൂ കൗസല്യ, സുമിത്ര, കൈകേയി. രാമ പട്ടാഭിഷേകത്തിന്റെ തലേദിവസം കോപിഷ്ഠയായ കൈകേയിയെ കണ്ടു പരിഭ്രാന്തനായ ദശരഥ മഹാരാജാവ് അവരോട് ചോദിക്കുന്ന ചില ചോദ്യങ്ങൾ രാജാവിൻറെ ധർമ്മബോധത്തെപ്പറ്റി നമ്മോട് പറയുന്നുണ്ട്.

1) കുറ്റം ചെയ്ത് തടവറയിൽഇട്ടിരിക്കുന്നവരെ വിട്ടയക്കണമോ?
2) ഒരു തെറ്റും ചെയ്യാത്തവരെ തടവറയിൽ അടയ്ക്കണമോ?
3) വധശിക്ഷയ്ക്ക് വിധിച്ചവരെ വെറുതെ വിടണമോ?
4) ഒരു തെറ്റും ചെയ്യാത്തവനെ വധിക്കണമോ?

ഭവതി ആവശ്യപ്പെടുകയാണെങ്കിൽ താൻ ഇതെല്ലാം ചെയ്യാമെന്ന് പറയുന്നുണ്ട്, ദശരഥമ മഹാരാജാവ്!

കൈകേയിയുടെ ആവശ്യം കേട്ട് ധർമ്മസങ്കടത്തിൽ ആവുകയാണ് ദശരഥൻ. പുത്രനോടുള്ള സ്നേഹവും സത്യപരിപാലനത്തിനുള്ള പ്രതിബദ്ധതയും തമ്മിലുള്ള സംഘർഷത്തിൽ ദശരഥൻ മോഹാലസ്യപ്പെട്ട് വീഴുന്നു. രാമനാകട്ടേ, യാതൊരു ധർമ്മസങ്കടവും അനുഭവിക്കുന്നുമില്ല. അച്ഛൻറെ ആജ്ഞ സന്തോഷത്തോടെ ശിരസാവഹിക്കുകയാണ് രാമൻ.

പിതൃ, മാതൃഭക്തിയുടെയും രാജധർമ്മത്തിന്റെയും ഏറ്റവും നല്ല ഉദാഹരണമാണ് രാമൻ. രാമൻറെ വ്യക്തിത്വത്തിന്റെ മഹത്വത്തെക്കുറിച്ച് നമുക്ക് ഋഷിവര്യന്മാരുടെ വാക്കുകളിലൂടെ നിരവധി സന്ദർഭങ്ങളിൽ മനസ്സിലാവുന്നുണ്ട്. പല സന്ദർഭങ്ങളിൽ നൽകുന്ന ഉപദേശങ്ങളിലൂടെ രാമൻ മഹാവിഷ്ണുവിൻറെ അവതാരമാണെന്നതിനുള്ള തെളിവുകൾ നമുക്ക് കിട്ടുന്നുമുണ്ട്. ഉദാഹരണം- ലക്ഷ്മണ സാന്ത്വനത്തിൽ മനോഹരമായി രാമൻ ഉപനിഷത് തത്വങ്ങളെ ലളിതമായി പ്രതിപാദിക്കുന്നു.

"ചക്ഷു ശ്രവണ ഗളസ്ഥമാം
ദർദുരം ഭക്ഷണത്തിന് അപേക്ഷിക്കുന്നത് പോലെ
കാലാഹിനാ പരിഗ്രസ്ഥമാം ലോകവും
ആലോല ചേതസാ ഭോഗങ്ങൾ തേടുന്നു"!



(പാമ്പിന്റെ വായിലിരിക്കുന്ന തവള ഭക്ഷണം ചോദിക്കുന്നതുപോലെ, കാലമാകുന്ന പാമ്പിന്റെ വായിൽ അകപ്പെട്ട ലോകവും ഭോഗസുഖങ്ങളെ തേടുന്നു!)

ദശരഥൻറെ ആജ്ഞയിൽ കുപിതനാകുന്ന ലക്ഷ്മണനെ, ധർമ്മത്തിന്റെ മാർഗ്ഗത്തിലേക്ക് നയിക്കുന്നു രാമൻ, "ലക്ഷ്മണ സാന്ത്വന"ത്തിലൂടെ.

സുഖങ്ങളിലും ഭോഗങ്ങളിലുമല്ല ജീവിതം; മറിച്ച് ത്യാഗങ്ങളിലും ധർമ്മത്തിലുമാണെന്ന് രാമായണം ആവർത്തിച്ചു പറയുന്നു.

കുമാരനാശാൻറെ "ചിന്താവിഷ്ടയായ സീത" യിൽ രാമനെപ്പറ്റി കൃത്യമായി പറയുന്നുണ്ട്:

"പ്രസ്തുത കാല ദേശസ്ഥിതിയാൽ
നീതി വിഭിന്നമാകിലും, ക്ഷിതിനാഥ
പരാർത്ഥ ജീവികൾക്ക് എതിരില്ലാത്ത നിദർശനം
ഭവാൻ".

"മറ്റുള്ളവർക്ക് വേണ്ടി ജീവിക്കുന്ന വ്യക്തിയാണ് രാമൻ". ഉത്തമയായ ഒരു അമ്മയാണ് സുമിത്ര; മകൻ ലക്ഷ്മണൻ ആകട്ടേ, ഉത്തമനായ മകനും.

സുമിത്രയുടെ ആനന്ദത്തെ വർദ്ധിപ്പിക്കുന്നവൻ എന്ന് അർഥം വരുന്ന സുമിത്രാനന്ദ വർദ്ധനൻ എന്ന മറ്റൊരു പേരുമുണ്ട് ലക്ഷ്മണന്. ലക്ഷ്മണൻ രാമന്റെയും സീതയുടെയും കൂടെ കാനനത്തിലേക്ക് പോകുമ്പോൾ സുമിത്ര കൊടുക്കുന്ന ഉപദേശം വളരെ ശ്രദ്ധേയമാണ്.

"രാമനെ അച്ഛനായി കരുതു! സീതയെ ഞാനായും കരുതു! കാടിനെ അയോദ്ധ്യയായി കരുതു! സുഖമായി പോയി വരൂ"!

ഈ ഉപദേശം 14 സംവത്സരവും ശിരസാവഹിക്കുകയാണ് സുമിത്രാനന്ദനനായ ലക്ഷ്മണൻ. ലക്ഷ്മണന്റെ സ്വഭാവത്തെ ചിത്രീകരിക്കുന്ന മറ്റൊരു ഉദാഹരണവും ഉണ്ട് രാമായണത്തിൽ. സീതാപഹരണ സമയത്ത് രാവണൻ സീതയെ വിമാനത്തിൽ കൊണ്ടുപോകുന്നു

സീത തൻറെ ആഭരണങ്ങളിൽ ഒരു കഷ്ണം ചേലയിൽ കെട്ടി താഴേക്ക് ഇടുന്നു. ഇത് വാനരന്മാരിൽ ഒരാൾക്ക് കിട്ടുന്നു. ആ വാനരൻ അത് രാമന്റെ കയ്യിൽ കൊടുത്തു. രാമനാകട്ടേ അത് ലക്ഷ്മണന്റെ കൈയിൽ കൊടുത്തു പറയുന്നു: ലക്ഷ്മണാ, എനിക്ക് കണ്ണുനീർ വന്ന് ഒന്നും കാണാൻ കഴിയുന്നില്ല... ഇത് ഏട്ടത്തിയമ്മയുടെ ആഭരണമാണോ എന്ന് നോക്കുക.

ലക്ഷ്മണൻ ആഭരണങ്ങളെ നോക്കി പറയുന്നു:

"നാഹം ജാനാമി കേയൂരെ
നാഹം ജാനാമി കുണ്ഡലേ
നൂപുരേ ത്വഭി ജാനാമി
നിത്യം പാദാര വന്ദനാതു്".

(ഞാൻ ഈ തോൾ വളകളെ കണ്ടിട്ടില്ല; ഞാൻ ഈ കർണാഭരണങ്ങളും കണ്ടിട്ടില്ല. പക്ഷേ ഈ പാദസരങ്ങൾ എനിക്ക് അറിയാം അത് ഞാൻ ദിവസവും പാദനമസ്കാരം ചെയ്യുമ്പോൾ കാണുന്നതാണ്)!

എത്ര മഹാനാണ് സുമിത്രാനന്ദനൻ ലക്ഷ്മണൻ എന്ന് വ്യക്തമാകുന്ന വരികൾ!

ചുരുക്കിപ്പറഞ്ഞാൽ, സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും ധർമ്മത്തിന്റെയും കഥകൾ കൊണ്ട് സമൃദ്ധമാണ് രാമായണം.

"രാമായണം ശ്രദ്ധയോടെ വായിക്കുക! ജീവിതത്തിൽ പകർത്തുക".

Dr. Sankunny Mohan Karuppayil: Former Director and Professor at the School of BioSciences. Author of the book "Vasu Meets a Tadpole", published by National Book Trust, India, which is translated into many Indian languages, German, French and Mandarin. Email: prof.karuppayil@gmail.com

ഗദ്യ കവിതകൾ

# വൃദ്ധ

ഉറക്കച്ചടവിൽ കനംതൂങ്ങിയ കണ്ണുകൾക്കും,
മറവിക്കപ്പുറം ചിതറിക്കിടക്കുന്ന
ചിലയോർമകൾക്കുമിടയിൽ,
ബോധത്തിൻറെ ഒരു നേർത്ത മിന്നൽപ്പിണർ!
അതിൽ തെളിയുന്ന നേരിയവെട്ടത്തിൽ
നിന്നെ പ്രണയിക്കുന്ന എന്നെ എനിക്ക് കാണാം.

കാലുകൾ വേച്ചുപോകുന്നെങ്കിലും,
പല്ലുകളേറെക്കൊഴിഞ്ഞെങ്കിലും,
സ്നേഹത്തിൻറെ വേരുകൾ വിണ്ടുണക്കിയ ചുണ്ടുകൾ
നിന്നെ ചുംബിക്കുവാൻ മാത്രമുള്ളതെന്ന്
ഇരുട്ടിനെ കീറിമുറിച്ചൊരു വെള്ളിവെളിച്ചം
എന്നോട് പറയാറുണ്ട്.
ചുംബിക്കാനോങ്ങുമ്പോൾ
ഞാനതുപോലും മറന്നുപോകുന്നെങ്കിലും!

ഒറ്റപ്പെടലിൻറെ അഗ്നിയെന്നെ പൊള്ളിക്കുമ്പോൾ,
പേടിച്ചരണ്ടൊരു മുട്ടത്തോടിൽ
ഞാൻ ഒളിക്കാനൊരുങ്ങുമ്പോൾ,
മെടഞ്ഞൊരു കുരുത്തോലപോലെ
ചുളിവാർന്ന നിന്റെ കൈകളെയൊന്ന്
ചേർത്ത് പിടിച്ചാൽ മാത്രം മതിയെന്ന്
ആ വെള്ളിവെളിച്ചം പിന്നെയുമെന്നോട് പറയാറുണ്ട്!



# കിളിയും പെണ്ണും

നീയും ഞാനും ഒരേ കൂടിന്റെ
രണ്ടറ്റങ്ങളിൽ ബന്ധിക്കപ്പെട്ടവർ!
നീ, കറുത്ത ചായം തേച്ച
കമ്പിയഴികൾ കൊണ്ടും,
ഞാൻ, എനിക്കുതന്നെ
താങ്ങാൻ കഴിയാത്തത്ര
കനമുള്ള ചില സ്വപ്നങ്ങളുടെ
അഴിയാ ഭാണ്ഡങ്ങൾ കൊണ്ടും.

ഉയരത്തിലേക്ക് പറക്കുവാൻ വയ്യാതെ
ചിറകടിച്ചും, തൂവൽ കൊഴിച്ചും,
ചാഞ്ഞ മരക്കൊമ്പുകൾ തേടി താണ്പറന്നും,
നാം ആകാശത്തിലേക്ക് തുറന്നിട്ടൊരു വാതിൽ
സ്വപ്നം കാണുന്നു.

കഴിഞ്ഞ ജന്മം ഞാനൊരു കിളിയും,
നീയൊരു പെണ്ണുമായിരുന്നെങ്കിലോ?
കർമബന്ധങ്ങളുടെ ജനലഴികളിൽ
ചേക്കേറുവാൻ ചില്ലകൾ തേടിപ്പറന്ന്,
ചിറകുകൾ കുഴഞ്ഞ്,
പൊള്ളുന്ന വേനലിന്റെ ഇടവേളകളിലെവിടെയോ,
അപ്പൊഴും നാം കണ്ടുമുട്ടിയിട്ടുണ്ടാവാം!



സൗമ്യ സിമിസ്

*Soumya Simis: Registered Nurse who loves language and literature*



# വായനയുടെ പ്രാധാന്യം



ജോർദാൻ ഡോൺ ജോൺസ്

ആധുനിക സാങ്കേതിക യുഗത്തിൽ അഥവാ ഡിജിറ്റൽ യുഗത്തിൽ എന്താണ് വായനയുടെ പ്രസക്തി? ഇൻറർനെറ്റും, കമ്പ്യൂട്ടറും, "ടിക് ടോക്കും", "യൂട്യൂബ് റീൽസും" പകർന്നാടുന്ന ഈ കാലത്ത് പുസ്തകം വായിച്ചില്ലെങ്കിലും എന്താണ് കുഴപ്പം?

ശാസ്ത്ര സാങ്കേതികവിദ്യ പുരോഗമിച്ചാലും വായിക്കുമ്പോൾ കിട്ടുന്ന സുഖം നമുക്ക് ഒരിക്കലും കിട്ടുകയില്ല. നമ്മൾ ഒരു വീഡിയോ കാണുമ്പോൾ, അത് ഉണ്ടാക്കിയവരുടെ ഭാവന, അവരുടെ ആശയം അതാണ് നമ്മൾ കാണുന്നത്. പക്ഷേ ഒരു പുസ്തകം വായിക്കുമ്പോൾ അതിലെ വർണ്ണനകൾ, വായനക്കാരന്റെ മനസ്സിൻറെ അനന്തസാധ്യതകൾ തുറക്കുകയാണ് ചെയ്യുന്നത്.

അന്ധനായവൻ ആനയെ കാണുന്ന കഥയാണ് എനിക്കിപ്പോൾ ഓർമ്മ വരുന്നത്. ഒരിക്കൽ അഞ്ച് അന്ധന്മാർ ആനയെ കാണാൻ പോയി. അഞ്ച് പേർക്കും ആനയെ അഞ്ചു രീതിയിലാണ് മനസ്സിലായത്. അതുപോലെ തന്നെയാണ് വായനയും. വായിക്കുന്ന ആളിന്റെ പ്രായം, വിജ്ഞാനം, അഭിരുചി എന്നിവയ്ക്ക് അനുസരിച്ച് പരിധികളില്ലാത്ത ഭാവനയുടെ ലോകത്തേക്ക് അവർ ചേക്കേറുകയാണ്! പുതിയ ആശയങ്ങളും, വാക്കുകളും, സംസ്കാരങ്ങളും പഠിക്കാൻ വായന നമ്മളെ സഹായിക്കുന്നു.

ആസ്വാദകരുടെ ഏകാഗ്രതയും സൂക്ഷ്മതയും വർധിപ്പിക്കാൻ വായന സഹായിക്കുന്നു. വായിച്ചു വളരുന്ന കുട്ടികൾ കൂടുതൽ സമർത്ഥരും കാര്യക്ഷമത ഉള്ളവരും ആണെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. അവരുടെ "കംഫർട് സോണി" ൽ നിന്ന് പുറത്തു വരുവാനും പുതിയ ചിന്താരീതികൾ



പരിശീലിക്കാനും പുസ്തകങ്ങൾ കുട്ടികളെ പ്രാപ്തരാക്കുന്നു. വ്യായാമം ശരീരത്തെ എത്രത്തോളം പുഷ്പ്പെടുത്തുന്നുവോ അത്രത്തോളം തന്നെ വായന തലച്ചോറിനെ പുഷ്പ്പെടുത്തുകയാണ്! നമ്മളുടെ മനസ്സിൻറെ ആഹാരമാണ് വായന എന്നു വേണമെങ്കിൽ പറയാം!

ഒരു നല്ല എഴുത്തുകാരൻ ആകണമെങ്കിൽ ആദ്യം നല്ല ഒരു വായനക്കാരൻ കൂടി ആയിരിക്കണം. തുടർച്ചയായ വായനയിലൂടെയാണ് പുതിയ പുതിയ അറിവിൻറെ വിത്തുകൾ നമ്മുടെ ഉള്ളിൽ നിക്ഷേപിക്കപ്പെടുന്നത്. സാങ്കേതികവിദ്യയിൽ മുഴുകിയിരിക്കുന്ന കുട്ടികൾക്ക് ഏകാഗ്രതക്കുറവ്, മാനസിക സമ്മർദ്ദം, ശ്രദ്ധയില്ലായ്മ, പഠനത്തിൽ പിന്നോക്കം പോകുക തുടങ്ങിയ പോരായ്മകൾ കണ്ടുവരാറുണ്ട്. ദിവസത്തിൻറെ മിക്കവാറും സമയവും ഓൺലൈൻ ഗെയിമിലും വീഡിയോയിലും മുഴുകിയിരിക്കുന്ന കുട്ടികൾ പൊതുവേ അലസന്മാരും ശല്യക്കാരും ആണ്. അവരെ അടക്കി നിർത്താൻ പിന്നെ ഈ മാധ്യമങ്ങൾ കൂടിയേ തീരൂ.

നമ്മൾ ഒരിക്കലും സഞ്ചരിക്കാത്ത നാടുകളിലേക്ക്, കാണാത്ത കാഴ്ചകളിലേക്ക്, നമുക്ക് മുന്നേ കടന്നുപോയ മനുഷ്യരുടെ അനുഭവങ്ങളിലേക്ക് ഒക്കെ കൊണ്ടുപോകാൻ ഉപയോഗപ്പെടുന്നതാണ് പുസ്തകങ്ങൾ. ചെറിയ പ്രായത്തിൽ പുസ്തകങ്ങളോട് കൂട്ടുകൂടുന്നവരുടെ ഭാഷാശുദ്ധി, ഭാവന, ബുദ്ധി, ഏകാഗ്രത, പൊതുവിജ്ഞാനം എന്നിവ പൊതുവേ മെച്ചപ്പെട്ടിരിക്കും. ഇവർ പ്രസംഗകലയിലും ഉപന്യാസ മത്സരങ്ങളിലും സംവാദ മത്സരങ്ങളിലും എഴുത്തിലും ഒക്കെ നന്നായി ശോഭിക്കുകയും ചെയ്യും.

കുഞ്ഞുണ്ണി മാഷ് പറഞ്ഞതുപോലെ "വായിച്ചാൽ വളരും, വായിച്ചില്ലെങ്കിലും വളരും; വായിച്ചാൽ വിളയും, വായിച്ചില്ലെങ്കിൽ വളയും!!

---

*Jordan Dawn Johns: Year 6 student at The Gardens School. Keen interest in Reading, Swimming and Football*



# വ്യാസോക്തി



**മംഗളകുമാരി**

സൂതരും മഗധരും പാണ്ഡവരുടെ വീരകഥകളെ പാടി പുകഴ്ത്തുകയും കൗരവരെ നിന്ദിക്കുന്ന വിധം കഥകൾ പ്രചരിപ്പിക്കുകയും ചെയ്യുന്നത് ഹസ്തിനാപുരിയിലെ സാധാരണ സംഭവം ആയി മാറിക്കഴിഞ്ഞു. പുതിയ തലമുറ അത് വിശ്വസിക്കുകയും ഏറ്റുപാടുകയും ചെയ്തുകൊണ്ടിരുന്നു. അതങ്ങനെയാണ്- ചരിത്രം വിജയിക്കൊപ്പം സഞ്ചരിക്കുന്നു! ധർമ്മത്തിന്റെ വിജയമായി ഘോഷിക്കുന്ന കുരുക്ഷേത്രയുദ്ധത്തിൽ വിജയിച്ചു രാജ്യം ഭരിക്കുന്ന രാജാവിനെയും പാടി പുകഴ്ത്തുക എന്നത് പ്രജാധർമ്മമാണ്. മുൻപ് ദുര്യോധനാദികളെയും പാടി പുകഴ്ത്തിയവരാണിവർ. കുരുവംശജർ എന്നഭിമാനിക്കുന്ന ഈ രണ്ടു കൂട്ടരും സത്യത്തിൽ കുരുവംശജരല്ല. ഭീഷ്മരുടെ, ഭീഷ്മപ്രതിജ്ഞയോടെ കുരുവംശം അവസാനിച്ചു. ബ്രഹ്മപൗത്രനായ പരാശരന്റെ പുത്രനായ "എന്റെ" "വ്യാസന്റെ" അഥവാ "കൃഷ്ണദ്വൈപായനന്റെ" പൗത്രന്മാരാണ് പാണ്ഡവരും കൗരവരും. അതുകൊണ്ടു തന്നെ അവർ രണ്ടു കൂട്ടരും എനിക്ക് ഒരുപോലെ തന്നെ പ്രാധാന്യം അർഹിക്കുന്നവരാണ്. അവരുടെ ജീവിത കഥ, അതായത് ഭാരത കഥ, വരും തലമുറകൾ അവരവരുടെ യുക്തിക്കു ഒത്തവണ്ണം

വ്യാഖാനിച്ചും, ധർമ്മാധർമ്മങ്ങളെ, നന്മ- തിന്മകളെ, വേർതിരിച്ച്, നന്മകളെ അനുകരിക്കുവാനും തിന്മകളെ നിരാകരിക്കുവാനും, അവരാൽ കഴിയുംവിധം ശ്രേയസ്സുണ്ടാക്കാൻ ശ്രമിക്കട്ടെ എന്ന ഉദ്ദേശത്തോടുകൂടി ഞാൻ ഭാരതകഥ എഴുതുവാൻ തീരുമാനിച്ചു.

വിജയികൾ ശ്രേയസ്കരമെന്ന് വ്യാഖാനിക്കുമെങ്കിലും യുദ്ധം ഒരിക്കലും ശ്രേയസ്കരമല്ല. ധർമ്മ വിജയം പാണ്ഡവ പക്ഷത്താണെന്നും അതിനാൽ പാണ്ഡവ വിജയം മുൻകൂട്ടി പ്രവചിച്ചിരുന്ന മുനിജനങ്ങൾക്ക് ഇഴപിരിയാതെ കെട്ടുപിണഞ്ഞു കിടക്കുന്ന ധർമ്മാധർമ്മങ്ങളെ വേർതിരിക്കുന്നതിൽ പിഴവുകൾ സംഭവിച്ചു എന്നതോ, പ്രഗത്ഭരുടെ അഭിപ്രായത്തിന്റെ പക്ഷത്താണോ ധർമ്മം എന്നതോ ചിന്തനീയമായ വിഷയങ്ങളാണ്.

ധർമ്മവും അധർമ്മവും, നീതിയും അനീതിയും, സുഖവും ദുഃഖവും എല്ലാം തന്നെ ഒന്നിനോടൊന്നു വേർതിരിക്കാൻ കഴിയാത്തവയാണ്. ഒരാളുടെ ധർമ്മം മറ്റൊരാളുടെ ധർമ്മം ആകണമെന്നില്ല. ഒരു സമയത്തെ ധർമ്മം മറ്റൊരു സമയത്തു അധർമ്മവുമാകാം. ഓരോ വ്യക്തികളും അവരവരുടെ യുക്തിക്കനുസരിച്ചു ധർമ്മത്തെ വ്യാഖ്യാനിക്കുന്നു. അവരവരുടെ ധർമ്മപരിപാലനമാണ് അവരുടെ ലക്ഷ്യം. ധർമ്മപരിപാലനത്തിനായി പലപ്പോഴും അധർമ്മത്തെ കൂട്ടുപിടിക്കേണ്ടിവരുന്നു എന്നത് അറിയുമ്പോൾ യുക്തികൊണ്ട് അധർമ്മത്തെ, ധർമ്മത്തിന്റെ പുതപ്പണിയിക്കുവാനും ബുദ്ധിശാലികൾ ശ്രമിക്കുന്നു. ബാല്യകാലത്തെ അന്തരീക്ഷവും അനുഭവങ്ങളും മറ്റുമാണ് ഒരുവനിൽ ധർമ്മബോധം ജനിപ്പിക്കുന്നത്. ആ ധർമ്മത്തെ പരിപാലിക്കലാണ് അവന്റെ ജീവിതധർമ്മം!

**ഭീഷ്മർ**

പിതൃധർമ്മം പരിപാലിക്കുവാൻ വേണ്ടി ഭീഷ്മർ രാജ്യം നിരാകരിച്ചതും, നിത്യബ്രഹ്മചര്യം സ്വീകരിച്ചതും, അന്ധനായ പൗത്രനുവേണ്ടി ഗാന്ധാര രാജകുമാരിയെ അവരുടെ അനുവാദം ഇല്ലാതെതന്നെ കൊണ്ടുവന്നതിനെയും ധർമ്മത്തിന്റെ പരിവേഷം നൽകി എങ്കിലും, യൗവനത്തിലുള്ള അവരുടെ വനവാസവും, അംബയുടെ ശാപവും, ഗാന്ധാരിയുടെ അന്ധത്വം സ്വീകരിക്കലും അധർമ്മത്തിന് എതിരെയുള്ള അവരുടെ പ്രതിഷേധം ആയിരുന്നു.,

നൂറു കൗരവ പുത്രന്മാർ, അവരുടെ നൂറു ആശയങ്ങൾ, രാജ്യ നാശത്തിനു കാരണമാകും എന്ന വിശ്വാസത്താൽ അവരെ ഇല്ലാതാക്കാൻ ധൃതരാഷ്ട്രരെ ഉപദേശിച്ചതും, അയാളുടെ പുത്രധർമ്മം അനുവദിക്കാത്തതിനാൽ നൂറു പുത്രന്മാർക്കും



കൂടി ഒരു പൊതുശത്രുവിനെ സൃഷ്ടിക്കുക എന്ന താൽപര്യത്തിൽ, രാജ്യം ത്യജിച്ച പാണ്ഡുവിന്റെ പുത്രന്മാരെ വീണ്ടും രാജ്യത്തിലേക്ക് കൊണ്ടുവന്നതും, അവരെ പ്രകീർത്തിച്ചതും, പ്രത്യേക താല്പര്യത്തോടെ സംരക്ഷിച്ചതും, കൗരവർക്ക് പാണ്ഡവരോട് ശത്രുത തോന്നുവാൻ ഇടയാക്കിയതും, അറിഞ്ഞോ അറിയാതയോ ഭീഷ്മർ ചെയ്ത അധർമ്മം ആയി ഭവിച്ചു. ആ ശത്രുത യുദ്ധം വരെ എത്തുന്നതിന് കാരണമായി. പല അവസരങ്ങളിലും ഭീഷ്മരുടെ ധർമ്മനിഷ്ഠ അതിന്റെ അതിർവരമ്പുകൾ ലംഘിക്കുന്നത്, അധർമ്മത്തോടുകൂടി മാത്രമേ ധർമ്മത്തിന് നിലനിൽപ്പുള്ളു എന്നതുകൊണ്ട് മാത്രം ആണ്.

**ധൃതരാഷ്ട്രർ**

പാണ്ഡു അന്ധനായതുമൂലം സ്വന്തം രാജ്യാവകാശം നിഷേധിക്കപ്പെട്ടത് അദ്ദേഹത്തിന്റെ



നിസ്സഹായാവസ്ഥ കൊണ്ടാണെങ്കിലും, രാജ്യസ്നേഹം, സഹോദരസ്നേഹം എന്നൊക്കെ വ്യാഖാനിക്കപ്പെട്ടു. പാണ്ഡുവിനാൽ ത്യജിക്കപ്പെട്ട രാജ്യത്തിലെ രാജാവാണെങ്കിലും, തന്റെ പുത്രന്മാർക്കു തന്നെ ആ രാജ്യം ലഭിക്കേണമെന്നത് ധൃതരാഷ്ട്രരുടെ പുത്രധർമ്മം ആയിരുന്നു. അത് നിഷേധിച്ചവരോട് "ദുർബലന് അധർമ്മ മാർഗ്ഗത്തിലൂടെയും ധർമ്മം സംരക്ഷിക്കാം" എന്ന മഹത് വചനം നടപ്പാക്കേണ്ടി വന്നു എന്ന് മാത്രം. ധൃതരാഷ്ട്രർക്ക് ഗുരുജനങ്ങളോടും, ഭീഷ്മപിതാമഹനോടും, അനുജൻ വിദുരരോടും സ്നേഹബഹുമാനങ്ങൾ ഉണ്ടായിരുന്നുവെങ്കിലും, തന്റെ പുത്രന്മാർക്ക് രാജ്യലാഭം നിഷേധിക്കപ്പെടുന്ന ഒരു ഉപദേശവും കൈക്കൊള്ളാൻ തയ്യാറാകാതിരുന്നത്, പിതൃധർമ്മം പരിപാലിക്കപ്പെടണം എന്നതുകൊണ്ടാണ്.

**വിദുരർ**

ജ്ഞാനത്തിനും പാണ്ഡിത്യത്തിനും ശൂദ്രത കല്പിക്കപ്പെട്ട വിദുരർ, ഭീഷ്മരുടെയും ധൃതരാഷ്ട്രരുടെയും ആജ്ഞ അനുസരിക്കുകയല്ലാതെ, ധർമ്മാധർമ്മങ്ങളുടെ കെട്ടുപാടുകളെ ചൂണ്ടിക്കാണിക്കാൻ പോലും അനർഹനായതു ധർമ്മച്യുതിയല്ലാതെ മറ്റെന്താണ്?

അനാഥരായതിനാൽ കൂടുതൽ സ്നേഹവും കരുതലും പാണ്ഡവർക്ക് നൽകിയത്, ദുര്യോധനാദികൾക്കു പാണ്ഡവരോടുള്ള ശത്രുത വർദ്ധിപ്പിക്കുവാനും അതുമൂലം പാണ്ഡവർക്ക് കൂടുതൽ ദുരിതങ്ങൾ നൽകുവാനും മാത്രമേ ഉതകിയുള്ളൂ. വിദുരരുടെ ധർമ്മബോധവും പാണ്ഡിത്യവും ജലരേഖ പോലെ, ആരാലും സ്വീകരിക്കപ്പെടാതെ നിഷ്പ്രഭമായി എന്നതിൽ പരിഭവപ്പെടാൻ പോലും അയാൾക്ക് അവകാശമില്ലല്ലോ!



**ദുര്യോധനൻ**

ദുര്യോധനൻ ഒരു നല്ല രാജാവ് ആയിരുന്നു. യുധിഷ്ഠിരൻ രാജ്യഭാരം ഏറ്റപ്പോൾ, പ്രജകൾ ഒന്നടങ്കം ആശംസിച്ചത് "ദുര്യോധനനെ പോലെ നല്ല  രാജാവായി" ഇരിക്കുക എന്നാണ്. ദുര്യോധനൻ ഒരു നല്ല പുത്രൻ ആയിരുന്നു. ഓരോ ദിവസവും യുദ്ധത്തിന് പുറപ്പെടുമ്പോൾ ആശിർവാദത്തിനായി എത്തുന്ന പുത്രനോട് ഗാന്ധാരി ആശിർവദിച്ചത് "യതോ ധർമ്മ സ്തതോ ജയാ" എന്നാണ്. എന്നാലും അവസാന ദിവസം വരെ അമ്മയെ കാണുന്നത്  ദുര്യോധനൻ മുടക്കിയില്ല. ഏതു കാര്യവും അച്ഛന്റെ അനുവാദത്തോടുകൂടി മാത്രമേ പ്രവർത്തിച്ചിരുന്നൊള്ളു.

ദുര്യോധനൻ നല്ലൊരു ഭർത്താവ് കൂടി ആയിരുന്നു. അയാൾക്ക് ഒരേ ഒരു ഭാര്യ മാത്രമേ ഉണ്ടായിരുന്നുള്ളൂ. നല്ലൊരു അച്ഛനും, നല്ലൊരു സുഹൃത്തും കൂടി ആയിരുന്ന ദുര്യോധനന് ഒരേ ഒരു ശത്രു മാത്രമേ ഉണ്ടായിരുന്നുള്ളൂ, 'പാണ്ഡവർ'. സ്വന്തം നിലനിൽപ്പിനു ഭംഗം വരുത്തുന്ന ശത്രുവിനെ നിഗ്രഹിക്കുക എന്നത് ഏതൊരു വ്യക്തിയുടെയും ധർമ്മമാണ്. ഭീഷ്മ ദ്രോണാദികൾക്കു പാണ്ഡവരോടുള്ള പ്രത്യേക സ്നേഹവും, ദുര്യോധനന് സ്വന്തം കരുത്തിൽ ഉള്ള വിശ്വാസക്കുറവും കാരണം അയാൾക്ക് അധമമായ പല മാർഗങ്ങളും സ്വീകരിക്കേണ്ടി വന്നു. കർണ്ണനെ പോലെ ശക്തനായ ഒരു സുഹൃത്തിന്റെ ബലം സ്വന്തമാക്കിയതുകൊണ്ടു മാത്രമാണ് പാണ്ഡവരെ എതിരിടാം എന്ന തോന്നൽ ഉണ്ടായത്. ഭീഷ്മ, ദ്രോണാദി തുടങ്ങി അതിശക്തരായ ഗുരുക്കന്മാരെ സ്വന്തം വരുതിയിലാക്കിയതും, രാജ്യത്തിന്റെ ധനം വിനിയോഗിച്ചു ധാരാളം ബന്ധുരാജ്യങ്ങളെ സ്വന്തം പക്ഷത്താക്കിയതും, വിജയം ഉറപ്പാക്കുക എന്ന വിശ്വാസത്തിൽ ആയിരുന്നു.

രാജാവായ ദുര്യോധനനോടുള്ള കൂറ് നിലനിൽക്കെ, ശത്രുവിന് (പാണ്ഡവർക്ക്) വിജയം ആശംസിച്ചുകൊണ്ട്, ദുര്യോധനന് വേണ്ടി യുദ്ധം ചെയ്ത ഭീഷ്മർ, ദ്രോണൻ, കൃപർ, കർണ്ണൻ ഉൾപ്പടെയുള്ളവർ ദുര്യോധനോട് വിശ്വാസ വഞ്ചന ചെയ്തതിൽ ധർമ്മം എന്നതിനെന്തർത്ഥം?

രാജ്യത്തെക്കുറിച്ചോ രാജ്യകാര്യങ്ങളെക്കുറിച്ചോ യാതൊരു അറിവും ഇല്ലാതെ ആശ്രമജീവിതത്തിൽ സന്തുഷ്ടരായിരുന്ന പാണ്ഡവരിൽ രാജ്യലാഭം എന്ന



മോഹം വളർത്തി, അതിനു പ്രാപ്തരാക്കത്തക്കവണ്ണം ധർമ്മജ്ഞാനവും  ആയോധനകലകളും അഭ്യസിപ്പിക്കുന്നതിൽ ഭീഷ്മരുടെ ആജ്ഞ പ്രകാരം  ദ്രോണരും, വിദുരരും കൃപരും  ശ്രദ്ധിച്ചു. ചെറുപ്പത്തിലേ കിട്ടുന്ന ശിക്ഷണം (അറിവ്) ആജീവനാന്തം അവനോടൊപ്പം ഉണ്ടാകും എന്നതുകൊണ്ട്, ചെറുപ്പത്തിൽ ആശ്രമവാസം ശീലിച്ച പാണ്ഡുപുത്രന്മാർ സൽഗുണസമ്പന്നരും ധർമ്മാധർമ്മ പരിജ്ഞാനത്തിന്റെ ബീജം വഹിക്കുന്നവരും, അതുമൂലം ബുദ്ധിയും, പ്രാഗല്ഭ്യവും ഏറെയുള്ളവരുമാണെന്ന് മനസിലാക്കിയ ഭീഷ്മർ, പാണ്ഡവർക്ക് രാജ്യം നൽകുന്നതാണ് ശ്രേയസ്കരം എന്ന് നിശ്ചയിച്ചു. ഭീഷ്മരുടെ ആ രാജ ധർമ്മം    പ്രാവർത്തികമാക്കുവാനുള്ള ശ്രമം യുദ്ധം വരെ എത്തിച്ചു. ആഗ്രഹസഫലീകരണത്തിനു ജീവിതാന്ത്യം വരെ കാത്തിരിക്കേണ്ടിവന്നു. അധർമ്മത്തെ അധർമ്മം കൊണ്ട് നേരിടുക എന്നത് പാണ്ഡുപുത്രരാൽ പ്രാവർത്തികമാക്കപ്പെടുകയും ചെയ്തു.

വനത്തിലെ ജീവിതത്തിൽ അതൃപ്തി ഒന്നും തന്നെ ഇല്ലാത്തതുകൊണ്ടും, കൗരവർക്കു അനിഷ്ടം ഉണ്ടെന്നറിഞ്ഞതുകൊണ്ടും പാണ്ഡവർ കൗരവരുടെ രാജ്യം ആഗ്രഹിച്ചിരുന്നില്ല. എങ്കിലും, ശ്രീകൃഷ്ണന്റെ സൗഹൃദമാണ് പാതി രാജ്യം എന്ന ആശയത്തിലേക്ക് നയിച്ചത്. രാജ്യവിഭജനം യുദ്ധത്തിലേ കലാശിക്കൂ എന്ന് എല്ലാവർക്കും അറിയാമായിരുന്നു.

അനുജന്മാരുടെ ശക്തികൊണ്ട് നേടിയ ശ്രേയസ്സും, പ്രശസ്തിയും, ധനവും എല്ലാം നിമിഷം കൊണ്ട് ചൂതാട്ടത്തിൽ നശിപ്പിച്ച യുധിഷ്ഠിരൻ അനുജന്മാരോടും പാഞ്ചാലിയോടും നീതി പുലർത്തുക എന്ന ധർമ്മത്തിന് വേണ്ടിയാണ് യുദ്ധം എന്ന ആശയത്തിലേക്കു നയിക്കപ്പെടുന്നത്. പുത്രന്മാരിൽ ഐക്യമത്യം ഉറപ്പിക്കുക എന്ന മാതൃധർമ്മ പരിപാലനത്തിനായി കുന്തിദേവി തന്റെ അഞ്ചുപുത്രന്മാരുടെയും ഭാര്യയായി ഇരിക്കുക എന്ന അധർമ്മത്തെ പാഞ്ചാലിക്ക് വിധിച്ചു.

രാജ്യലാഭത്തിൽ തെല്ലും ആഗ്രഹം ഇല്ലാതിരുന്ന പാണ്ഡവരിൽ ധർമ്മ- സംസ്ഥാപനാർദ്ധം യുദ്ധം ചെയ്തു രാജ്യം നേടുക എന്ന ആശയം ഉരുവായത്  ശ്രീകൃഷ്ണൻ എന്ന സുഹൃത്തിന്റെ ഉപദേശപ്രകാരമായിരുന്നു. ആ ധർമ്മം പാലിക്കുവാനായി അധർമ്മത്തിന്റെ മാർഗ്ഗമല്ലാതെ മറ്റൊന്നും ഇല്ലായിരുന്നു. അച്ഛനും, മക്കളും, ബന്ധുജനങ്ങളും, ധനവും, സന്തോഷവും അങ്ങനെ സർവവും നഷ്ട്ടപ്പെട്ട രാജ്യത്തു ധർമ്മം പുനഃസ്ഥാപിക്കാൻ പാണ്ഡവർക്ക് സാധിച്ചോ എന്നതും ചിന്ത്യമാണ്.

ശ്രീകൃഷ്ണന്റെയോ, ഭീഷ്മരുടെയോ, ധർമ്മപുത്രനായ യുധിഷ്ഠിരൻറെയോ ധർമ്മ ചിന്തകളുടെ പോരായ്മയോ വൈകല്യമോ കൊണ്ടല്ല, മറിച്ച് ധർമ്മം അങ്ങനെയാണ്! ധർമ്മം, അധർമ്മം എന്ന് വേറിട്ടൊന്നില്ല- ഒരേ വസ്തുവിനെ പലഭാഗത്തുനിന്നും വീക്ഷിക്കുന്നതിന്റെ വത്യാസമാണുള്ളത്. ധർമ്മവും അധർമ്മവും, നന്മയും തിന്മയും, സത്യവും അസത്യവും, സുഖവും ദുഖവുമെല്ലാം വേർതിരിക്കാൻ പറ്റാതെ വിധം ഇഴുകിച്ചേർന്നിരിക്കുന്നു. ഇവകൾ യുക്തിക്കനുസരിച്ചു വ്യാഖാനിക്കപ്പെടാവുന്നതാണ്. പ്രബലന്മാരുടെ ധർമ്മത്തെ ധർമ്മമായി ജനം ഉൾക്കൊള്ളുന്നു!

മേൽപ്പറഞ്ഞ ഓരോ വ്യക്തികളുടെയും ശരികൾ തമ്മിലുള്ള വ്യത്യാസം, ഒരിക്കലും ശ്രേയസ്കരമല്ലാത്ത കുരുക്ഷേത്രയുദ്ധം എന്ന സർവ്വനാശത്തിലേക്കു നയിച്ചു.  അവയെല്ലാം കോർത്തിണക്കി ഞാൻ രചിച്ച 'ഭാരതകഥ' വരും തലമുറകളുടെ ശ്രേയസ്കരമായ യുക്തിചിന്തക്കു വേണ്ടി വിട്ടുനൽകുന്നു-

ഞാൻ, വേദവ്യാസൻ

മംഗളകുമാരി: കോട്ടയം കുമാരനല്ലൂർ സ്വദേശിനി. ബാങ്ക് ജോലിയിൽ നിന്നും വിരമിച്ചശേഷം മക്കളോടൊത്തു ഓക്ലൻഡിൽ താമസം. വായനയിലും, എഴുത്തിലും, സംഗീതത്തിലും താൽപര്യം. 2015ലെ "ദർപ്പണ"ത്തിന്റെ ചീഫ് എഡിറ്റർ ആയിരുന്നു.



# സരസ്വതി



റോയ് ഫ്രാൻസിസ്

പെരിയാർ താളത്തിൽ ഒഴുകുകയാണ്. ചെവിയോർത്തു ശ്രദ്ധിച്ചാൽ തീരം തട്ടുന്ന കുഞ്ഞോളങ്ങളുടെ മെലഡിയും ഹാർമണിയും കേൾക്കാം. ഈ തീരം അണയുന്ന ഓളങ്ങളുടെ സിംഫണിയെ കാതോർത്തു ഇരിക്കുകയാണ് പൗലോ.

പൗലോയുടെ യഥാർത്ഥ പേര് പോൾ എന്നാണ്, അതു മാമോദീസക്ക് പള്ളിയിൽ ഇട്ട പേരാണ്. വീട്ടിൽ പൗലോസൂട്ടി എന്നും, സ്കൂളിൽ പൗലോസ് എന്നും നാട്ടിൽ പൗലോ എന്നും ഉള്ള വിളി കേൾക്കുമ്പോൾ അവൻ ഉള്ളിൽ പറയും "എന്റെ പേര് പോൾ എന്നാണ്".

ചെമ്മാട് ഗ്രാമത്തിന്റെ ഹൃദയത്തിലൂടെയാണ് പെരിയാറിന്റെ രാജകീയമായ ഒഴുക്ക്. ഒരു കര മയ്യാടും മറുകര ചേലാടും. മയ്യാടും ചേലാടും ചേർന്ന ചെമ്മാട് എന്ന വലിയ ഗ്രാമം. ഇരു ഗ്രാമങ്ങളിലൂടെ ഒഴുകുന്ന പെരിയാറിനു വീതി കുറവാണ്. ഒന്ന് വിളിച്ചാൽ വിളികേട്ട് അത്യാവശ്യ കാര്യങ്ങൾ നേരിൽ പറയാവുന്ന വീതി മാത്രം. ചേലാട് പ്രദേശം പൊതുവേ സുരക്ഷിതം എന്നാണ് കരുതി പോരുന്നത്. കാരണം, പുഴയുടെ തീരത്തിൽ നിന്നും വളരെ ഉയർന്ന ഒരു പ്രദേശം ആകുന്നത് കൊണ്ട്. തൊണ്ണൂറ്റി ഒൻപതിലെ വെള്ളപൊക്കത്തിൽ പോലും ചേലാട് പ്രളയ കെടുതികൾ തൊടാത്ത സുരക്ഷിത വാസസ്ഥലമായി നിലകൊണ്ടു.

മയ്യാട്, സുന്ദരമെങ്കിലും പ്രളയഭീതി ഉള്ളിൽ ഒതുക്കി ജീവിച്ചു പോരുന്ന ഒരു കൂട്ടം ജനങ്ങളുടെ പ്രദേശമാണ്. പുഴയുടെ കിതപ്പും മിടിപ്പും തന്നെയാണ് ഇരു കരയിലെ ജനങ്ങളുടെയും ഹൃദയമിടിപ്പും കിതപ്പും.

പുലർകാല സുന്ദര സ്വപ്നത്തിൽ നിന്നും പൗലോയെ ഉണർത്തിയത്

ഒരു കിതപ്പിൻറെയും വെപ്രാളത്തിൻറെയും ശബ്ദമായിരുന്നു. അഴിഞ്ഞ കൈലിമുണ്ട് വാരിവലിച്ചു കുത്തി ഓടിവരുന്ന റോബിനെ കണ്ട് പൗലോ പകച്ചില്ലെങ്കിലും ഒരു ചോദ്യം പൗലോയുടെ മനസ്സിൽ ഉയർന്നു പൊങ്ങി. 'സാധാരണയിൽ നിന്നും മാറി എന്തോ ഉണ്ടല്ലോ'. റോബിൻറെ സ്വഭാവം പൗലോയ്ക്ക് നന്നേ അറിയാം. വെപ്രാളവും, പരവേശവും എന്നതിൻറെ പര്യായം ആണ് റോബിൻ. ആശാൻ പള്ളിക്കൂടം മുതൽ ഒന്നിച്ചു പഠിച്ചവരാണ് പൗലോയും റോബിനും. ഉറ്റ ചങ്ങാതികൾ, അയൽവാസികൾ, ഒരേ ഇടവകക്കാർ, ചേലാടുള്ള അലൂമിനിയം കമ്പനിയിലെ ജോലിക്കാരാണ് ഇരുവരും.

കിതപ്പ് നിയന്ത്രിച്ചു റോബിൻ പറഞ്ഞു

"ഫ്രാൻസിയും ലൂക്കായും സെക്കന്റ്ഷിഫ്റ്റ് കഴിഞ്ഞു വരുമ്പോൾ ചിറ്റാഴം കവലക്ക് സമീപം ഒരു പ്രേതത്തെ കണ്ട് പേടിച്ചു, ഇപ്പോൾ വീട്ടിൽ പനിയായി കിടക്കുന്നു എന്നറിഞ്ഞു. എന്തായാലും ഞാൻ അവിടം വരെ ഒന്ന് പോകുവാണ്; നീ വരുന്നോ?"പൗലോയുടെ പ്രതികരണം പോലും കേൾക്കാതെ റോബിൻ അപ്രത്യക്ഷനായി.

വീട്ടിലേക്ക് മന്ദം നടക്കുമ്പോൾ പൗലോയുടെ ചുണ്ടിൽ ഒരു ചിരി പടർന്നിരുന്നു. അവന്റെ മനസ്സ് പറഞ്ഞു "ഈ പ്രേത കഥകൾ എത്രയോ കേട്ടിരിക്കുന്നു"!

രസകരമായ പലവിധ ചിന്തകളിൽ അറിയാതെ ചിരിച്ചുപോയ പൗലോയെ നോക്കി പള്ളി കഴിഞ്ഞു വന്നിരുന്ന ജാസ്മിൻ ചോദിച്ചു "പൗലോച്ചായൻ എന്തിനാ ഒറ്റയ്ക്ക് ചിരിക്കുന്നെ"? ജാസ്മിനെ കണ്ട് ഗൗരവത്തിൽ നിന്നിരുന്ന പൗലോയോട് അവൾ വീണ്ടും ചോദിച്ചു

"എന്താ അമ്മയുടെ ചോദ്യത്തിന് മറുപടി പറയാത്തെ"?

ജാസ്മിനെ ഒഴിവാക്കാൻ "കുറച്ചു തിരക്കുണ്ട് എനിക്ക്" എന്ന് പറഞ്ഞു പൗലോ ധൃതിയിൽ വഴിതിരിഞ്ഞു നടക്കുമ്പോൾ ജാസ്മിൻ അവനെ സാകൂതം നോക്കി നിന്നു.

ജാസ്മിനും പൗലോയും ഒരേ ഇടവകയിൽ ഉള്ളവരാണ്. പൗലോയുടെ സ്കൂളിൽ താഴെ ക്ലാസ്സിൽ പഠിച്ച കുട്ടിയായിരുന്നു ജാസ്മിൻ. പൗലോയുടെ അമ്മ പറയും "ജാസ്മിൻ സുന്ദരിയാണ്...പൗലോസൂട്ടിക്ക് എന്തുകൊണ്ടും ചേരും".

അത്താഴത്തിനു ശേഷം അപ്പൻറെ ചാരുകസേരയിൽ ഇരുന്നു വിശ്രമിക്കയായിരുന്ന പൗലോയോട് അമ്മ വന്നു പറഞ്ഞു "മോനെ ദേവാസ്ത വിളി തുടങ്ങി എന്ന് തോന്നുന്നു". മാർഗരീതാമ്മ മുട്ടിൽ നിന്ന് കുരിശു വരയ്ക്കുന്നത് കണ്ട് പൗലോ അവരുടെ അടുത്തു ഒരു പായിൽ ചെന്ന് ഇരുന്നു. ലൗഡ്സ്പീക്കർ അന്തോണിയുടെ ദേവാസ്ത വിളി ചേലാട് നിന്നും പുഴകടന്നു മയ്യാട് വന്നു...

ഉറങ്ങാൻ കിടന്നപ്പോൾ പൗലോയുടെ മനസ്സിൽ ഒരു ചോദ്യം തേടി വന്നു. വർഷങ്ങൾ മുൻപ് ചോദിച്ച ഒരു ചോദ്യം. "നിങ്ങളുടെ മതത്തിൽപെട്ട കുറച്ചു പേർ വളരെ രാത്രിയിൽ എന്തിന് പുറത്തിറങ്ങി ഉറക്കെ പ്രാർത്ഥിക്കുന്നു?". ചോദ്യം ഉന്നയിച്ച കുട്ടി സരസ്വതി എന്ന് പൗലോയ്ക്ക് അർദ്ധശങ്കയില്ലാതെ ഓർമ്മ വന്നു. അവൻ അന്ന് പറഞ്ഞിരുന്ന മറുപടിയും അവന് ഓർമവന്നു- "രാത്രിയിൽ പ്രേതങ്ങളെ ഓടിക്കുവാൻ"!

ആശ്ചര്യം നിറഞ്ഞ അവളുടെ മുഖവും കണ്ണുകളും അവന്റെ മനതാരിൽ തെളിഞ്ഞപ്പോൾ അവൻ സ്വന്തമായി ചോദിച്ചു "സരസ്വതി ഇന്ന് എവിടെയാണ്"? ടീച്ചർമാരും ക്ലാസ്സിലെ കുട്ടികളും പൗലോസ് എന്ന് വിളിച്ചപ്പോൾ, പോൾ എന്ന് തന്നെ വിളിച്ചിരുന്നത് സരസ്വതി മാത്രമായിരുന്നു. ചെറിയ ക്ലാസ്സിൽ വെച്ച് സ്കൂൾ മാറി പോയിരുന്ന സരസ്വതിയെ ഓർത്തെടുക്കാൻ പൗലോയ്ക്ക് അവളുടെ മുഖലാവണ്യം മാത്രം മതിയായിരുന്നു. ഇടവേളയിൽ ക്ലാസ്സ്മുറിയിൽ വെച്ച് ഒരു തുണ്ടുകടലാസ്സിൽ സരസ്വതിയുടെ മുഖലാവണ്യം തന്റെ സർഗശക്തിയുടെ വരയും കുറിയും ഇട്ട് ജീവൻ തുടിപ്പിച്ചപ്പോൾ പൗലോ എന്ന കൊച്ചു ചിത്രകാരൻ അവളുടെ മാൻമിഴിയിൽ പൂത്തു നിന്ന ദീപങ്ങളെ മങ്ങാതെ ഒപ്പിയെടിത്തിരുന്നു.

സ്കൂളിലെ അവളുടെ അവസാന ദിവസത്തെ സാന്നിധ്യത്തിൽ "അവൻ എന്ന കുട്ടി" "അവൾ എന്ന കുട്ടി"യോട് പറഞ്ഞു "ആ ഇംഗ്ലീഷ് നോട്ട് ബുക്ക് തരുവോ"? അവൾ നീട്ടിയ ആ നോട്ട് ബുക്കിലേക്ക് താൻ പകർത്തിയ ചിത്രം ബുക്കിൻറെ താളുകൾക്കിടയിൽ വെക്കുമ്പോൾ അവൻ അവളുടെ മുഖത്ത് നോക്കിയിരുന്നില്ല. കണ്ണിലെ നീരുറവ നിറഞ്ഞു കവിയും എന്നായപ്പോൾ അവൻ തിരിഞ്ഞു നടന്നു.

ആ വർഷം മുഴുവൻ സരസ്വതിയെ അവൻ എല്ലാ ദിവസവും ഓർത്തു... പിന്നെ ഓർമ്മകൾ പല കൈവഴിയായി തിരിഞ്ഞു ഒഴുകിയപ്പോഴും അവളെ അവൻ മറന്നില്ല. സരസ്വതി എന്ന കൈവഴിയിലൂടെ ഇടയ്ക്കിടയ്ക്ക് അവൻ സഞ്ചരിച്ചു പോന്നു. വർഷം മുന്നോട്ട് പോയി. അച്ഛൻറെയും അമ്മയുടെയും മുടിയിൽ നര വീണു; പെരിയാറിന്റെ വീതി കുറഞ്ഞു; ആഴം കൂടി...എന്നാലും അവൻ അവളെ മറന്നില്ല.

അവനെന്ന കൗമാരക്കാരന് മീശ മുളച്ചപ്പോൾ സരസ്വതിയെ അവൻ എപ്പോഴും ഓർത്തു. കണ്ണാടിയിൽ മുഖം മിനുക്കിയപ്പോൾ അവളുടെ ഓർമ്മ വന്നു... പാഠപുസ്തകം തുറന്നപ്പോൾ അവൻ മനസ്സിൽ വരച്ച ഹാഫ് സാരി ചുറ്റിയ ആ കൗമാരക്കാരിയുടെ രേഖാ ചിത്രം താളുകളിൽ തെളിഞ്ഞു വന്നു..."ഇത്



സരസ്വതി അല്ലേ" എന്ന മനഃചോദ്യത്തിന് അവന് മറുപടി ഇല്ലായിരുന്നു...

റോബിൻറെ അപ്പന് ചീനവലയുണ്ട്. അന്ത്രോസിൻറെ ചീനവല നാട്ടിൽ പ്രസിദ്ധമാണ്. അലൂമിനിയം കമ്പനിയിൽ നിന്നും വിരമിച്ചശേഷം സ്വന്തമായി വരുമാനം ഉണ്ടാവണം എന്നയാൾ ആഗ്രഹിച്ചു. പെരിയാറിലെ മത്സ്യ സമ്പത്ത് അയാൾക്ക് അറിയുന്നതാണ്. നേരം പരപരാ വെളുക്കുന്നതിനു മുൻപേ അന്ത്രോസ് പിടിച്ച മത്സ്യം വിറ്റ കാശുമായി വീട്ടിൽ വരും. പിന്നെ കുളിച്ചു തയ്യാറായി പള്ളിയിലേക്ക് ഓടും, 7 മണിയുടെ കുർബാന എന്ത് പ്രതിബന്ധം ഉണ്ടായാലും അയാൾ കൂടിയിരിക്കും. വലയിലെ സമ്പാദ്യത്തിൽ നിന്നും അന്ത്രോസ് ഒരു കൊച്ചു യാത്രാ ബോട്ട് വാടകയ്ക്കെടുത്തു ചേലാട്-മയ്യാട് ബോട്ട് സർവീസ് നടത്തി പോരുന്നു. ബോട്ടിലെ വരുമാനം തെറ്റില്ലാതെ വന്നിട്ടും അന്ത്രോസ് വല അഴിക്കാൻ സമ്മതിക്കുന്നില്ല എന്നാണ് റോബിൻറെ പരാതി.

റോബിൻ പൗലോയെ പള്ളി കഴിഞ്ഞു കണ്ടപ്പോൾ പറഞ്ഞു. "അപ്പനോട് പറഞ്ഞാൽ കേൾക്കില്ല, ഈ ഇരുട്ടിലും മഴയിലും ഒക്കെ ആര് വല ഇറക്കും. അപ്പന് ഒരാഴ്ചയായി പനി പിടിച്ചിരിക്കയാണ്, ഇപ്പോൾ വല ഇറക്കുന്നില്ല".

"നീ വരുമെങ്കിൽ ഞാൻ വല ഇറക്കാം, അപ്പനും സമാധാനമാകും".

റോബിൻറെ ചോദ്യത്തിന് പൗലോ മറുപടി പറഞ്ഞില്ല. മറിച്ച് അവൻ റോബിനോട് ചോദിച്ചു "നിനക്ക് ഓർമ്മയുണ്ടോ റോബി, നമ്മുടെ കൂടെ സ്കൂളിൽ പഠിച്ചിരുന്ന സരസ്വതിയെ"?. റോബിൻ പറഞ്ഞു "ഉണ്ട് നല്ല ഓർമ്മയുണ്ട്, ചേലാടുള്ള എൻറെ അമ്മായിയുടെ വീടിന് അടുത്ത് ആയിരുന്നു അവർ താമസിച്ചിരുന്നത്. പക്ഷെ ഡീറ്റെയിൽസ് ഞാൻ പിന്നെ പറയാം. നീ നാളെ വലക്കൽ വരൂ".

സൈക്കിൾ വട്ടം കറക്കി മണി അടിച്ചു ധൃതി കാട്ടി റോബിൻ പൗലോയെ ഓർമിപ്പിച്ചു "ഞാൻ പോകുന്നു, നീ വെളുക്കുന്നതിനു മുന്നേ വരിക. ടോർച്ച് കരുതിക്കൊള്ളുക".

രാത്രി കിടക്കുന്നതിനു മുൻപ് ടൈംപീസിലെ സ്പ്രിംഗ് ലിവർ കറക്കി വെയ്ക്കുന്ന പൗലോയോട് മർഗരീതാമ്മ ചോദിച്ചു "എന്താ അലാറം വെക്കുന്നെ"?

"റോബിന് വലയിറക്കാൻ ഒരു കൂട്ട് വേണം" പൗലോയുടെ ശ്രദ്ധ അപ്പോഴും തെന്നിമാറുന്ന ടൈംപീസ് സ്പ്രിംഗിൽ തന്നെയായിരുന്നു.

അവർ സ്നേഹത്തോടെ പൗലോയെ നോക്കി പറഞ്ഞു 'മോനെ ജാസ്മിന് എന്താ കുറവ്? നീ എന്താ ഇതിന് മറുപടി പറയാതിരിക്കുന്നെ?'.

"എനിക്കു ഉറക്കം വരുന്നു, അമ്മ എന്നെ

നാലുമണിക്ക് വിളിക്കണം". പൗലോ തലവഴി പുതപ്പിട്ടു കിടക്കുന്നത് കണ്ട് മർഗരീതാമ്മ നെടുവീർപ്പിട്ടു, പിന്നെ അടുത്ത മുറിയിലേക്ക് പോകുമ്പോൾ നേർത്ത ശബ്ദത്തിൽ അവർ പറഞ്ഞു 'ദൈവം തമ്പുരാൻ എല്ലാം നിശ്ചയിക്കട്ടെ'!

പുഴവക്കിലെ പാതയിൽ നിലാവ് മങ്ങിയ വെളിച്ചം തൂകിയിരുന്നു. കാറ്റ് നിശ്ചലാവസ്ഥയിൽ ആയിരുന്നതിനാൽ ഇലകിലുക്കം ഇല്ലാത്ത പാതസഞ്ചാരം പൗലോയ്ക്ക് ഏതോ ഉൾഭീതി ഉണർത്തി. ദൂരെ ഇരുണ്ട ചീനവല പൊങ്ങി നിൽക്കുന്നതും റാന്തൽ വിളക്ക് ചീനവലയുടെ ഒരു കമ്പിൽ തൂക്കി ഇട്ടിരിക്കുന്നതും പൊട്ടുപോലെ കാണാം... പെട്ടെന്ന് വാകമരത്തിൻറെ ചുവട്ടിൽ തൂവെള്ള സാരിയിൽ പ്രത്യക്ഷമായ സ്ത്രീ രൂപം കണ്ട് പൗലോ തരിച്ചു നിന്നു. രക്തം കട്ടപിടിച്ചതുപോലെ നിന്നിരുന്ന പൗലോ എവിടെന്നോ ധൈര്യം സംഭരിച്ചു ഒരു മരത്തിന്റെ മറവിലേക്കു മാറി നിന്നു ഒളിഞ്ഞു നോക്കിയപ്പോൾ അൽപ്പനിമിഷം മുൻപ് കണ്ടിരുന്ന ആ സ്ത്രീ രൂപം അപ്രത്യക്ഷമായിരിക്കുന്നു!. ശ്വാസഗതി സാധാരണ ആകുന്നതുവരെ പൗലോ നിന്നു. കണ്ണിൽ ഇരുട്ട് കയറിയതോ, നിലാവ് മറഞ്ഞതോ എന്ന അവസ്ഥയിൽ പൗലോ പാതയിലേക്ക് ഇറങ്ങി നടന്നു... ഇരുട്ടിൽ ലക്ഷ്യമില്ലാതെ നടന്നിരുന്ന പൗലോയുടെ ദൃഷ്ടിയിൽ റാന്തൽ വിളക്കിൻറെ തരിവെട്ടം പതിഞ്ഞു, വേഗതയിൽ വല ലക്ഷ്യം വെച്ചു അവൻ നടന്നു.

റാന്തലിൻറെ മങ്ങിയ വെട്ടത്തിൽ വലയിൽ കുടുങ്ങിയ മീനുകളെ കോരിയെടുക്കുന്ന റോബിനോട് പൗലോ ചോദിച്ചു "നീ അധികം ആയോ വന്നിട്ട്"?

"ഇല്ല, ഇത് പതിവിലും നേരത്തേയുള്ള ആദ്യ വലയാണ്, നീ ആ കോരു വല എടുക്കൂ, പിന്നെ ആ ചരിവവും" റോബിൻ ചെയ്യുന്ന ജോലിയിൽ ശ്രദ്ധവിടാതെ പറഞ്ഞു.

പിടക്കുന്ന മീനുകളുമായി അലൂമിനിയം ചരുവങ്ങൾ നിറഞ്ഞു. ഉഷസ്സിന്റെ ഇതളുകൾ വിടർന്നത് റോബിനും പൗലോയും അറിഞ്ഞില്ല. വല ചുവട്ടിൽ ആളുകൾ നിറഞ്ഞു, ലേലംവിളിയും വാക്ധോരണിയും കൊണ്ട് അന്തരീക്ഷം മുഖരിതമായി. ആളൊഴിഞ്ഞപ്പോൾ കയ്യിൽ കിട്ടിയ നോട്ടുകൾ വിടർത്തി റോബിൻ ചിരിച്ചു

"ഗംഭീരമായി ഇന്നത്തെ കച്ചവടം, ഇന്നത്തെ ലാഭത്തിന് ഒരു നിയോഗം ഉണ്ട്"

പൗലോ ആംഗ്യത്തിൽ മുഖമുയർത്തി ചോദിച്ചു "എന്ത് നിയോഗം?"

"അതൊക്കെ സമയം ആകുമ്പോൾ പറയാം, ഇന്നത്തെ പോലെ കുറച്ചു ദിവസം കൂടി മീൻ ഇതുപോലെ ലഭിച്ചാൽ ലക്ഷ്യത്തിൽ എത്തും".

ചരുവങ്ങളും, കോരുവലകളും, റാന്തൽ വിളക്കുമായി അവർ നടന്നു നീങ്ങുമ്പോൾ റോബിൻ ചോദിച്ചു "പൗലോ, നിനക്ക് സരസ്വതിയെക്കുറിച്ച് അറിയണമല്ലേ?"

പൗലോയുടെ വിടർന്ന കണ്ണുകളിലെ കൗതുകം കണ്ട് റോബിൻ വീണ്ടും പറഞ്ഞു "ഇപ്പോൾ സമയം ഇല്ലല്ലോ. ഇന്ന് വൈകിട്ട് ജോലിക്ക് ശേഷം നീ കടവിൽ വാ, അപ്പോൾ പറയാം വിശദമായി"

സമയം സായംസന്ധ്യയായി, കടവത്ത് ഒരു ചരൽ കൂനയിൽ അലസമായി ഇരിക്കയാണ് പൗലോ. വെട്ടം മങ്ങുന്നതിന് മുന്നേ കരയ്ക്കടുത്ത തോണിയിൽ നിന്നും യാത്രക്കാർ ഇറങ്ങുന്ന തും ശ്രദ്ധിച്ച്. സൈക്കിൾ മണി മുഴങ്ങിയപ്പോൾ പൗലോ തിരിഞ്ഞു നോക്കി. റോബിൻ സൈക്കിൾ ഹെഡ് ലൈറ്റ് തെളിച്ചെത്തി.

കടവിൻറെ കൽകെട്ടിനോട് ചേർന്നിരിക്കുന്ന ചുമ്മാർ ചേട്ടൻറെ ചായപീടികയിൽ നിന്നും രണ്ട് കടുപ്പമുള്ള ചായ പൗലോ വാങ്ങി വരുമ്പോൾ റോബിൻ വാചാലനായി. അവൻ പറഞ്ഞു.

"എൻറെ അമ്മായിയുടെ വീടിന്റെ കുറച്ചു അടുത്ത വീട്ടിൽ ആയിരുന്നു സരസ്വതിയും കുടുംബവും താമസിച്ചിരുന്നത്. അവളുടെ അച്ഛൻ അലൂമിനിയം കമ്പനിയിൽ തന്നെ ജോലിയായിരുന്നു എന്നാ പറഞ്ഞു കേട്ടത്. ഹമ്മ്...നിന്നോട് എന്തിനും ഏതിനും ആ കുട്ടി മിണ്ടിയിരുന്നത് ഞാൻ ഓർക്കുന്നു. നീ ഹീറോ ആയിരുന്നല്ലോ മിസ്റ്റർ മൈക്കൾ അഞ്ചേലോ!"

"ഹൃദയത്തിൽ പതിഞ്ഞ വർണ്ണങ്ങൾ വരച്ചിരുന്നു, അല്ലാതെ ഒന്നും അല്ല" പൗലോയുടെ പ്രതികരണം കേട്ട് റോബിൻ പൗലോയുടെ ഇടം നെഞ്ചിൽ തൊട്ട് ചോദിച്ചു

"എന്തുകൊണ്ട് ജാസ്മിൻറെ ചിത്രം ഈ കാൻവസിൽ വരയ്ക്കുന്നില്ല?".

പൗലോ ഗൗവരവത്തോടെ പറഞ്ഞു തുടങ്ങി "ജാസ്മിൻറെ കാര്യം അവിടെ നിൽക്കട്ടെ. ഞാൻ അത് പറഞ്ഞു കഴിഞ്ഞതാണ്. നീ സരസ്വതിയുടെ കാര്യം പറയൂ"

റോബിൻ പൗലോയുടെ അടുത്തേക്ക് ചേർന്നിരുന്നു പറഞ്ഞു..."നീ എന്താ ഈ സരസ്വതിയെ വിടാതെ ഓർത്തിരിക്കുന്നത്. നാലം ക്ലാസ്സിൽ വെച്ചല്ലേ അവൾ സ്കൂൾ വിട്ട് പോയത്?"

റോബിൻറെ ചോദ്യങ്ങൾക്ക് പൗലോയിൽ നിന്നും മൗനമായിരുന്നു മറുപടി.

പീടിക കടവിലേക്കുള്ള അവസാന തോണിയിൽ നിന്നും ഇറങ്ങിയ വ്യക്തിയെ കണ്ട് കട പൂട്ടി നിന്ന ചുമ്മാർ ചേട്ടൻ പൗലോയുടെയും റോബിൻറെയും അടുത്തേക്ക് വേഗം നീങ്ങി നിന്നു. ഇരുട്ടിലേക്കു കയ്യിലെ ടോർച്ചുമായി നടന്നു നീങ്ങിയ സുന്ദരിയായ ആ സ്ത്രീയെ നോക്കി ചുമ്മാർ ചേട്ടനും, പൗലോയും,

റോബിനും, തുഴക്കാരൻ വർക്കിയും തരിച്ചു നിന്നു.
വർക്കി മൗനത്തിനു വിരാമമിട്ടു പറഞ്ഞു.
“തുഴയുമ്പോൾ ഞാൻ ചോദിച്ചിരുന്നു, എവിടേക്ക് പോകുന്നു എന്ന്, പക്ഷെ ഒന്നും പറഞ്ഞില്ല... എന്തായാലും അസാദ്ധ്യ ധൈര്യം തന്നെ... സ്ത്രീകൾ ഇങ്ങനെ രാത്രി ഒറ്റയ്ക്ക് നടന്ന് കാണുന്നത് ഇത് ആദ്യമാണ്”.

ചുമ്മാർ ചേട്ടൻ വർക്കിയോട് പറഞ്ഞു “നിൻറെ കയ്യിൽ വിളക്കുണ്ടല്ലോ, എന്നെ ഒന്ന് വീട്ടിൽ ആക്കൂ”. ചുമ്മാർ ചേട്ടനും വർക്കിയും ഇരുട്ടിൽ മറഞ്ഞപ്പോൾ റോബിൻ പറഞ്ഞു, “പൗലോ നീ സൈക്കിളിൻറെ പിന്നിൽ കയറൂ, ഞാൻ നിന്നെ വീട്ടിൽ ഇറക്കാം”.

റോബിൻ സൈക്കിൾ എടുത്തപ്പോൾ പൗലോ പിന്നിലെ കാരിയറിൽ ചാടിക്കയറി ഇരുന്നു. “എടാ പൗലോ, നിനക്ക് ഒരു സന്തോഷത്തിന് വകയുണ്ട്, നിൻറെ ആരാധനാപാത്രം കവിയത്രി ബീന ടൗൺഹാളിൽ വരുന്നുണ്ട്. പുതിയ സിനിമയിൽ അവർ രചിച്ച ഗാനങ്ങളുടെ കാസ്സെറ്റിൻറെ ഉൽഘാടനം നിർവഹിക്കാൻ ആണ് ഈ വരവ്. പ്രശസ്ത സിനിമ താരങ്ങളും, സിനിമ അണിയറ പ്രവർത്തകരും വരുന്നുണ്ട്. ഇതാണ് ഞാൻ പറയാമെന്ന് പറഞ്ഞ സർപ്രൈസ്”. സന്തോഷത്താൽ ഉള്ളം തുള്ളി റോബിൻറെ മുതുകിൽ അടിച്ചു പൗലോ പറഞ്ഞു “ഞാൻ ബീനയുടെ പുതിയ ഗാനം കഴിഞ്ഞ ഞായറാഴ്ചയിലെ രഞ്ജിനിയിൽ കേട്ടിരുന്നു... നമ്മൾക്ക് എങ്ങനെയെങ്കിലും പരിപാടിക്ക് പോണം, റോബിൻ”.

“ബീനയുടെ ഒരു ഓട്ടോഗ്രാഫ് എൻറെ സ്വപ്നമാണ്” പൗലോയുടെ വാക്കുകളിലെ ആശനിരാശകൾ തിരിച്ചറിഞ്ഞു റോബിൻ പറഞ്ഞു. “നീ സമാധാനിക്കൂ, ഇനി എത്ര പണം ആയാലും ഞാൻ പാസ്സ് സംഘടിപ്പിക്കും”.

“ഇന്നലെ തോണിയിൽ ഒറ്റയ്ക്ക് വന്ന ആ സ്ത്രീയിൽ ഒരു നിഗൂഢത ഒളിഞ്ഞിരിക്കുന്നില്ലേ എന്ന ഒരു ചിന്ത എനിക്ക് ഇല്ലാതില്ല.” പൗലോയുടെ വാക്കുകൾ മുഴുമിപ്പിക്കാതെ മുറിഞ്ഞു നിന്നപ്പോൾ റോബിൻ ആശ്ചര്യം വിടാതെ പറഞ്ഞു...”ഫ്രാൻസിയുടെയും ലൂക്കായുടെയും അനുഭവങ്ങൾ കേട്ട് നീ കളിയാക്കിയിരുന്നു...ഇപ്പോൾ നിനക്ക് ഒരു അനുഭവം വന്നപ്പോൾ നീ പതറുന്നു”. റോബിന്റെ പരിഹാസച്ചുവ നിറഞ്ഞ വാക്കുകൾ ഇഷ്ടപ്പെടാതെ പൗലോ പറഞ്ഞു. “എനിക്ക് വിശ്വാസമില്ല, പക്ഷെ അസാധാരണ സംഭവങ്ങൾ കണ്ടത് സത്യം തന്നെയാണ്”. പൗലോയുടെ നെടുവീർപ്പിൻറെ ശ്വാസഗതിക്ക് അതിവേഗതയുള്ളതായി റോബിനു തോന്നി..

പിറ്റേന്ന് പുഴക്കരയിലിരുന്ന് പൗലോ അങ്ങ് അകലെ സൈക്കിൾ മണി മുഴങ്ങിയപ്പോൾ പാതയിലേക്ക് നോക്കി. അസാമാന്യ വേഗതയിൽ സൈക്കിളിൽ പാഞ്ഞു വന്നു. സ്റ്റാൻഡിൽ വെച്ച സൈക്കിൾ മണ്ണിലേക്ക് മറിഞ്ഞു വീണത് ശ്രദ്ധിക്കാതെ റോബിൻ പറഞ്ഞു-

“ഇന്നലെ കടവിൽ ഒറ്റയ്ക്ക് വന്നിറങ്ങിയ സുന്ദരിയായ സ്ത്രീയെ കുറിച്ച് അറിവ് കിട്ടി. ചെമ്മാട് ഗ്രാമിത്തിന്റെയും അടുത്തു കിടക്കുന്ന പ്രദേശങ്ങളുടെയും ചാർജ്ജെടുക്കുന്ന പുതിയ സർക്കിൾ ഇൻസ്പെക്ടറാണ് ആ സ്ത്രീ. ഇന്നലെ അവർ കടവിൽ വന്നിറങ്ങി ഇരുളിലേക്ക് ടോർച്ചുമായി മറഞ്ഞപ്പോൾ അവരെ കാത്ത് ഇരുളിൽ ഒരു സംഘം പോലീസുകാർ ജീപ്പുമായി നിൽക്കുന്നുണ്ടായിരുന്നു”!

“നീ ഇതു എങ്ങനെ അറിഞ്ഞു റോബിൻ”? പൗലോ ആകാംക്ഷയോടെ ചോദിച്ചു.

“കടക്കാരൻ ചുമ്മാർ ചേട്ടൻ പറഞ്ഞതാണ്. ഇന്നലെ കട പൂട്ടി ചുമ്മാർ ചേട്ടനും വർക്കി ചേട്ടനും വീട്ടിലേക്ക് മടങ്ങുമ്പോൾ അവരെ പോലീസ് സംഘം തടഞ്ഞു നിറുത്തി കുറേ ചോദ്യങ്ങൾ ചോദിച്ചു. അപ്പോൾ പോലീസ് ജീപ്പിൻറെ മുൻസീറ്റിൽ ആ സ്ത്രീ ഉണ്ടായിരുന്നു. പിന്നീട് ചുമ്മാർ ചേട്ടൻ അന്വേഷിച്ചറിഞ്ഞതാണ് ആ സ്ത്രീ പുതിയ സർക്കിൾ ഇൻസ്പെക്ടർ ആണെന്ന്”.

“ഹാവൂ, ഞാൻ വിചാരിച്ചു ആ സുന്ദരി സ്ത്രീ പ്രേതമോ മറ്റോ ആണെന്ന്. എന്തായാലും ഇനി പേടിക്കേണ്ടല്ലോ?”.

പരിഹാസം കലർന്ന പൗലോയുടെ വാക്കുകൾ കേട്ട് റോബിൻ പറഞ്ഞു “ഇനി ഞാൻ പറയുന്നത് കേട്ടാൽ നീ ഞെട്ടും”!

മനപ്പൂർവമായ ഒരു മൗനത്തിനു ശേഷം റോബിൻ പൗലോയുടെ ജിജ്ഞാസാഭരിതമായ കണ്ണുകളെ നോക്കി പറഞ്ഞു “ആ സ്ത്രീയുടെ പേർ സരസ്വതി എന്നാണ്”!.

പൗലോയുടെ കണ്ണുകളിലെ കൗതുകം മനസ്സിലാക്കി റോബിൻ പറഞ്ഞു- “അവർക്ക് ഇവിടമായി എന്തോ ബന്ധം ഉള്ളതുപോലെ എനിക്ക് തോന്നുന്നു. ഇന്ന് രാവിലെ മുതൽ ഇവർ പോലീസ് ജീപ്പിൽ എല്ലായിടത്തും കറങ്ങുന്നുണ്ട്. പലരെയും സ്റ്റേഷനിലേക്ക് വിളിപ്പിച്ചു കുറെയേറെ കാര്യങ്ങൾ തിരക്കുന്നുണ്ട് എന്നറിയാൻ കഴിഞ്ഞു. നമ്മുടെ നാടിനെക്കുറിച്ചു നല്ല പരിചയം ഉള്ളതുപോലെ ആണ് അവരുടെ സംസാരം എന്നും ചിലർ പറയുന്നുണ്ട്”...

“ഇനി ഇവർ നമ്മുടെ കൂടെ പഠിച്ചിരുന്ന സരസ്വതി ആണോ?”. റോബിന്റെ ചോദ്യം കേട്ട് പൗലോ യഥാർഥത്തിൽ ഒന്ന് ഞെട്ടി... അവൻ മുറിഞ്ഞ വാക്കുകളാൽ അവ്യക്തമായി പറഞ്ഞു. “ഇന്നലെ വഴിവിളക്കിന്റെ മങ്ങിയ വെളിച്ചത്തിൽ അവരുടെ മുഖം കണ്ട് എനിക്ക് അങ്ങനെ തോന്നിയോ?”.




നേരം ഇരുട്ടി, ഇനി വീട്ടിലേക്ക് പോകാം. റോബിൻ സൈക്കിളുമായി നടന്നു, പൗലോ റോബിന്റെ ചാരെ ഓരോ കാര്യങ്ങൾ പറഞ്ഞു നടന്നു. അവർ പാതയുടെ കയറ്റം കയറി ഇറക്കം ഇറങ്ങിയപ്പോൾ പാർക്ക് ലൈറ്റ് ഇട്ട ഒരു വാഹനത്തിന്റെ മുന്നിലാണ് വന്ന് നിന്നത്. മങ്ങിയ വെട്ടത്തിൽ പോലീസ് യൂണിഫോം ധാരികളെ കണ്ട് പൗലോയും റോബിനും ഞെട്ടി. മുഖം വ്യക്തമല്ലാതിരുന്ന സ്ത്രീ ഗൗരവസ്വരത്തിൽ ചോദിച്ചു.

"എവിടെ പോകുന്നു?".

വിറയാർന്ന ശബ്ദത്തിൽ റോബിൻ പറഞ്ഞു... "പുഴകടവിൽ നിന്നും വരുന്നു, ഇപ്പോൾ വീട്ടിലേക്ക് പോകുന്നു".

"കോൺസ്റ്റബിൾ, ഇവരുടെ പേരും അഡ്രെസ്സും എടുക്കൂ, നാളെ 10 മണിക്ക് സ്റ്റേഷനിൽ വരാൻ പറയൂ". പേരും മേൽവിലാസവും ടോർച്ചിന്റെ വെളിച്ചത്തിൽ എഴുതുമ്പോൾ പോലീസ്കാരനോട് റോബിൻ ചോദിച്ചു.

"എന്തിനാ സാറെ, ഞങ്ങളെ സ്റ്റേഷനിൽ വിളിപ്പിക്കുന്നെ?". "അറിഞ്ഞാലേ നീ വരുമെന്നുണ്ടോ" എന്ന പോലീസ്കാരന്റെ ശാസന നിറഞ്ഞ മറുചോദ്യം ഭയന്ന് "തീർച്ചയായും വരും സാർ" എന്ന് പറഞ്ഞ് വേഗം റോബിനും പൗലോയും സ്ഥലം വിട്ടു. അവർ ഇരുട്ടിൽ കുറേ നടന്നു, പിന്നെ സൈക്കിളിന്റെ പിന്നിൽ പൗലോ കയറി ഇരുന്നു. വളഞ്ഞു ഒഴുകി കിടന്ന പാതയിൽ റോബിൻ സൈക്കിളിനെ അസാധ്യ വേഗത്തിൽ പായിച്ചു മുന്നോട്ട് പോയി.

"ഉറങ്ങാൻ കിടന്നപ്പോൾ ഒരുപോള കണ്ണടയ്ക്കാൻ പൗലോയ്ക്ക് സാധിച്ചില്ല. അവൻ ഇരുട്ടിൽ കണ്ണുകൾ മലർക്കെ തുറന്ന് പലതും ചിന്തിച്ചു കിടന്നു.അവൻറെ ചിന്ത പുറകോട്ട് സഞ്ചരിച്ചു ബാല്യത്തിൽ എത്തി നിന്നു. പല പരിചിത മുഖങ്ങൾക്കിടയിൽ നിന്നും സരസ്വതിയുടെ മുഖം ചികഞ്ഞെടുക്കുവാൻ അവന് നിമിഷനേരം മതിയായിരുന്നു. അവളുടെ ആ മുഖലാവണ്യവും കണ്ണുകളിലെ ആശ്ചര്യവും തെളിമയിൽ തന്നെ നിന്നു. അവൻറെ മനസ്സ് ചോദിച്ചു, "നീ തിരയുന്ന നിൻറെ ബാല്യകാല സുഹൃത്ത് സരസ്വതി ഈ പോലീസ് ഓഫീസർ തന്നെയോ? മനസ്സിന്റെ ഭാരം താങ്ങാനാവതെ അവൻ ഉറങ്ങിപ്പോയി. പിറ്റേന്ന് പോലീസ് സ്റ്റേഷനിലേക്കുള്ള സൈക്കിൾ യാത്രയിൽ റോബിൻ അവന്റെ ഭയത്തെക്കുറിച്ച് പൗലോയോട് പറഞ്ഞു.

"ഇത് ജീവിതത്തിൽ ആദ്യമായാണ് ഞാൻ ഒരു പോലീസ് സ്റ്റേഷനിൽ പോകുന്നത്. അതിന്റെ ഭയം നന്നായി എനിക്ക് ഉണ്ട്. പൗലോ, നിനക്ക് ഭയമുണ്ടോ?" റോബിന്റെ ചോദ്യം കേട്ട് ഏതോ ചിന്തയിൽ നിന്നുണർന്ന പൗലോ പറഞ്ഞു

"എനിക്ക് ഭയമില്ല, പക്ഷെ ആകാംക്ഷ ഉണ്ട്. ആ സർക്കിൾ ഇൻസ്പെക്ടറെ നേരിൽ കാണുന്നത് വരെ. അവർ സരസ്വതി ആണോ എന്ന് അറിയും വരെ"!

പത്തു മണിക്ക് മുൻപേതന്നെ പോലീസ് സ്റ്റേഷൻ വളപ്പിൽ പൗലോയും റോബിനും എത്തിച്ചേർന്നു. കാവാടത്തിൽ നീളൻ തോക്ക് പിടിച്ചിരുന്ന പാറാവുകാരനെ താഴ്ന്ന് വണങ്ങി അകത്തെ മുറിയിൽ റൈറ്ററുടെ മേശക്കരുകിൽ നിൽകുമ്പോൾ റോബിൻ ഭയത്താൽ വിറച്ചിരുന്നു.

ഏറെ സമയത്തിനു ശേഷം ഒരു പോലീസുകാരൻ അവരെ സബ്ബ് ഇൻസ്പെക്ടറുടെ മുന്നിൽ ഹാജരാക്കി. നിരപരാധികൾ എന്ന് മനസ്സിലാക്കി റോബിനെയും പൗലോയെയും വിട്ടയച്ചപ്പോൾ ഭയഭക്തി ബഹുമാനത്തോടെ സബ്ബ് ഇൻസ്പെക്ടറോട് പൗലോ ചോദിച്ചു "സാർ, സർക്കിൾ ഇൻസ്പെക്ടർ മാഡത്തെ

ഒന്ന് കാണുവാൻ പറ്റുമോ?" പൗലോയുടെ ചോദ്യം കേട്ട് ആശ്ചര്യപ്പെട്ടു; പിന്നെ രോഷത്തിൽ അയാളുടെ മറുപടി വന്നു.. "നിന്നോടൊക്കെ ഇവിടെ വരാൻ പറഞ്ഞ സരസ്വതി മാഡം സർക്കിൾ ഇൻസ്‌പെക്ടർ ഒന്നും അല്ല. ഒരു കൊലക്കേസിൻറെ സ്പെഷ്യൽ ഇൻവെസ്റ്റിഗേറ്റിംഗ് ഓഫീസർ ആണ്. അവർക്ക് നിന്നെയൊക്കെ കണ്ടിട്ട് ഒരു കാര്യവും ഇല്ല. രാത്രി കാലങ്ങളിൽ കറങ്ങി നടക്കുന്ന പൂവാലന്മാർ എന്ന് തോന്നിയത് കൊണ്ടാണ് നിന്നെയൊക്കെ വിളിപ്പിച്ചത്. ഇനി ഇവിടെ അധികം നിന്നു ചോദ്യം ചോദിച്ചാൽ അകത്തിടും...വേഗം സ്ഥലം വിട്ടോളൂ...". സബ്ബ്ഇൻസ്‌പെക്ടറുടെ കണ്ണ് ചുവന്നുവരുന്നത് കണ്ട് റോബിനും പൗലോയും വേഗം പോലീസ് സ്റ്റേഷനു പുറത്തിറങ്ങി.

ചുമ്മാർ ചേട്ടൻറെ ചായപീടികയിലെ സംഭാഷണം രണ്ട് വ്യാഴവട്ട കാലത്തിനു മുൻപ് ചേലാട് ചിറ്റാഴം കവലയിൽ നടന്ന ഒരു കൊലപാതകത്തെ കുറിച്ചായിരുന്നു. "ഇത് ഇരുപത്തിയഞ്ചു വർഷം മുൻപ് നടന്ന കേസല്ലേ?"

"അന്നേ കേട്ടിരുന്നല്ലോ ഇതിന്റെ പിന്നിൽ ഒരു പ്രേതം ഉണ്ടെന്ന്"

"ആ കേസ്സ് അന്നേ കെട്ടിപൂട്ടിയതാണ്, ഇപ്പോൾ ഇതെന്താ ഒരു പുനർ അന്വേഷണം"?

"ബാലകൃഷ്ണൻ നല്ലവനായിരുന്നു" പാൽ ചായ ചില്ലു ഗ്ലാസ്സിലേക്ക് ആറ്റിയടിക്കുമ്പോൾ നെടുവീർപ്പിട്ടു ചുമ്മാർ ചേട്ടൻ പറഞ്ഞു.

ചായ പീടികയിലെ ഒഴിഞ്ഞ കോണിൽ ചൂട് ചായ ഊതി കുടിച്ചിരുന്ന റോബിനും പൗലോയും നാട്ടുകാരുടെ സംഭക്ഷണങ്ങൾ കേട്ട് മൗനമായിരുന്നു. അവരുടെ ചിന്തകളിൽ ഉത്തരമില്ലാത്ത പല ചോദ്യങ്ങളുടെ കൊള്ളിയാനുകൾ മിന്നി പടർന്നു.

ചായ പീടികയിൽ നിന്നിറങ്ങുമ്പോൾ റോബിൻ ദൃഢതയോടെ പറഞ്ഞു "ഇത് നമ്മുടെ സരസ്വതി തന്നെയാണ്. നീ ഓർക്കുന്നില്ലേ നമ്മുടെ മുകളിലെ ക്ലാസ്സിൽ പഠിച്ചിരുന്ന രേവതിയെ"?. സരസ്വതിയും രേവതിയും അയൽക്കാർ ആയിരുന്നു. രേവതിയുടെ അച്ഛനാണ്, കൊല്ലപ്പെട്ട ബാലകൃഷ്ണൻ. സരസ്വതി അവളുടെ ഉറ്റ കൂട്ടുകാരിയുടെ അച്ഛൻറെ മരണത്തിന് കാരണക്കാരെ തേടി വന്നിരിക്കയാണ്".

അന്ന് രാവിലെ മുതൽ ചാറ്റൽ മഴയായിരുന്നു. ചുമ്മാർ ചേട്ടന്റെ ചായപീടികയിലെ മർഫി വാൽവ് റേഡിയോയിൽ നിന്നും അവ്യക്തമായി വന്നിരുന്ന പ്രതിദിന വാർത്താ വായന ചെവികൂർപ്പിച്ചു പിടിച്ചു കേൾക്കുകയാണ് കടത്തുകാരൻ വർക്കി. അയാൾ ചൂട് ചായ ഊതികുടിച്ചു പറഞ്ഞു- "മലയിൽ മഴപെയ്യുന്നു" കേട്ട പാതി, കേൾക്കാത്ത പാതി പലരും കുടിച്ചുകൊണ്ടിരുന്ന ചായ ഒറ്റ വലിക്ക് അകത്താക്കി സ്ഥലം വിട്ടു. മലയിൽ മഴപെയ്യുന്നു എന്ന് കേൾക്കുമ്പോൾ മയ്യാട് വാസികളുടെ രക്തസമ്മർദ്ദം ക്രമാതീതമായി ഉയരുന്നത് അസാധാരണമായ ഒരു കാര്യം അല്ല.

മലയിൽ വെള്ളിമിന്നൽ മിന്നി, കരിമേഘങ്ങൾക്ക് മാലചാർത്തി. കാറ്റ് വീശി കൊടുങ്കാറ്റായി. കരിമേഘം ഈറൻ മേഘമായി, നിലയ്ക്കാത്ത പെരുമഴയായി പെരിയാറിലേക്ക് വന്നൊഴുകി. മയ്യാട് തീരം കരകവിഞ്ഞു ഒഴുകയാണ്. താണ പ്രദേശങ്ങളിൽ താമസിക്കുന്ന ആളുകളെ സ്കൂളുകളിലേക്ക് മാറ്റി പാർപ്പിച്ചു. കണ്ണീർ മുത്തായിരുന്ന പെരിയാർ വെള്ളം പൂഴിയിൽ കലങ്ങി ഒഴുകുകയാണ്. മഴയുടെ സംഹാരതണ്ഡവം വന്യമൃഗങ്ങളെ മാത്രമല്ലാ, വളർത്തു മൃഗങ്ങളെയും വെള്ളത്തിൽ മുക്കികൊന്നു. ശാഠ്യത്തോടെ തകർത്തു പെയ്ത മഴ ഏഴ് ദിനം നിന്നുപെയ്തു. പ്രളയ കെടുതി സംഘത്തോടൊപ്പം പ്രവർത്തിച്ചിരുന്ന റോബിനും, പൗലോയ്ക്കും, ഫ്രാൻസിക്കും, ലൂക്കായ്ക്കും ചുമ്മാർ ചേട്ടൻറെ ഒലിച്ചുപോയ ചായപീടികയുടെ പുറകിലെ തൂണിൽ ചേർന്നു കിടന്നൊരു വാകെട്ടിയ വലിയ ഡീസൽ വീപ്പ കിട്ടി. നിരവധി ആളുകളുടെ സാന്നിധ്യത്തിൽ വീപ്പയുടെ വാവട്ടം തല്ലിതുറന്നപ്പോൾ ഏവരും ഞെട്ടിപ്പോയി. വീപ്പയിൽ നിന്നും നിരവധി മുഖമൂടികളും, ബ്രെസ്സിയറുകളും, വെള്ള നിറത്തിലുള്ള സാരികളും, അടിപാവാടകളും, ബ്ലൗസുകളും, നീളത്തിലുള്ള വെപ്പുമുടികളും വെള്ളത്തിൽ കുതിർന്നിരുന്നു.

'ചെമ്മാട് ഗ്രാമത്തിലെ പ്രേതങ്ങളെ വെള്ളപൊക്കം ചതിച്ചു' എന്ന് പൗലോ ഉച്ചത്തിൽ പറഞ്ഞപ്പോൾ എല്ലാവരും ചിരിച്ചു മണ്ണുകപ്പി.

ഫ്രാൻസിയും ലൂക്കയും ഇരുട്ടുന്നതിനു മുമ്പേ അവരുടെ വീടുകളിലേക്ക് പോയി. പൗലോ എന്തോ ആലോചിച്ചു ഇരിക്കുന്നത് കണ്ട് റോബിൻ പറഞ്ഞു..."എന്നാലും സരസ്വതി നമ്മളെ തിരിച്ചറിഞ്ഞില്ലാലോ?".

പൗലോ ഇരുളിലേക്ക് നോക്കി പറഞ്ഞു- "അത്, അന്ന് നമ്മളെ സരസ്വതി കണ്ടത് മങ്ങിയ വെട്ടത്തിൽ ആയിരുന്നല്ലോ. നമ്മൾ സരസ്വതിയെയും തിരിച്ചറിഞ്ഞില്ലല്ലോ".

ദിവസങ്ങൾ കൂടി വന്ന് ആഴ്ചകളായി, ആഴ്ചകൾ മാസങ്ങളായി. പ്രളയാനന്തരമുള്ള മയ്യാടിലെ ജനജീവിതം സാധാരണയിലേക്ക് വന്നു എന്ന് പറയാം. റോബിനും പൗലോയും സരസ്വതിയെക്കുറിച്ചുള്ള വിവരങ്ങൾ അറിയുവാൻ കിണഞ്ഞു ശ്രമിച്ചു. പക്ഷെ, അവരുടെ കഷ്ടപാടുകൾ വൃഥാ ആവുകയായിരുന്നു. പോലീസും പോലീസ് സ്റ്റേഷനും റോബിനും പൗലോയ്ക്കും വിവരങ്ങൾ ശേഖരിച്ചെടുക്കാൻ ഒരു ബാലികേറാ മലയായി നിലകൊണ്ടു. അന്നൊരു



ഞായറാഴ്ച ആയിരുന്നു, പൗലോ വീട്ടിൽ വിശ്രമിക്കയായിരുന്നു. റോബിന്റെ പെട്ടെന്നുള്ള വരവ് കണ്ട് അന്ധാളിച്ചു നിന്ന പൗലോയുടെ കയ്യിലേക്ക് രണ്ട് നീല നിറത്തിലുള്ള ഗേറ്റ് പാസ്സ് ഏല്പിച്ചു റോബിൻ പറഞ്ഞു- "ബീനയെ കാണുന്നതിനുള്ള പാസ്സാണ് ഇത്. അടുത്ത ഞായറാഴ്ചയാണ് പരിപാടി". പൗലോ സന്തോഷം കൊണ്ട് റോബിനെ കെട്ടിപിടിച്ചു പറഞ്ഞു "ഇത് എനിക്ക് വിശ്വസിക്കാൻ പറ്റുന്നില്ല".

ടൌൺ ഹാളിലെ ചടങ്ങുകൾ ഒന്നും പൗലോ ശ്രദ്ധിച്ചതേ ഇല്ല. അവൻറെ കണ്ണും മനസ്സും വേദിയിൽ ഇരുന്ന ബീനയിൽ ആയിരുന്നു. അവൻറെ മനസ്സ് പറഞ്ഞു. "ബീനയുടെ കവിതകൾ പോലെ തന്നെ ബീനയും സുന്ദരിയാണ്...ഒരിക്കൽ പോലും ഇവരുടെ ഒരു ചിത്രം എനിക്ക്  കാണുവാൻ സാധിച്ചില്ലല്ലോ"!

പരിപാടികൾക്ക് ശേഷം ബീനയുടെ ഓട്ടോഗ്രാഫിനായി നീണ്ട ഒരു ക്യൂ തന്നെ ആയിരുന്നു. ക്യൂവിന്റെ ഏറ്റവും പുറകിൽ നിന്നിരുന്ന പൗലോ ഏതോ സ്വപ്നലോകത്തായിരുന്നു. തൻറെ ഊഴം എത്തിയപ്പോൾ ധിറുതിയിൽ ഓട്ടോഗ്രാഫ് പോക്കറ്റിൽ നിന്നെടുത്തു ബീനയ്ക്ക് നീട്ടിയപ്പോൾ പൗലോയുടെ മനസ്സ് തുള്ളിച്ചാടി. ബീന പൗലോയുടെ ഓട്ടോഗ്രാഫ് പേജിൽ  എഴുതിയ വാക്കുകൾ ഇങ്ങനെയായിരുന്നു.

"എന്റെ പ്രിയമുള്ള പോൾ, നിന്നെ ഞാൻ മറന്നില്ല.... നീ എന്നെ മറന്നുവോ? സ്നേഹത്തോടെ, നിന്റെ സ്കൂൾ കൂട്ടുകാരി സരസ്വതി". പൗലോയുടെ കണ്ണുകളിലെ അതിശയ അലകൾ കൗതുകത്തോടെ നോക്കി നിന്ന സരസ്വതി അവന്റെ കൈകളിലേക്ക് ഓട്ടോഗ്രാഫ് തിരിച്ചു നൽകിയ ശേഷം പറഞ്ഞു "എന്റെ തൂലികാ നാമം ആണ് ബീന...ഞാൻ പഴയ സരസ്വതി തന്നെയാണ്, നീ എന്നെ തിരിച്ചറിഞ്ഞില്ലല്ലോ"!.

ഹാൻഡ്ബാഗിൽ നിന്നെടുത്ത ഒരു ഡയറിയുടെ ആദ്യ താളിൽ പതിപ്പിച്ചിരുന്ന ചിത്രം സരസ്വതി പൗലോയെ കാണിച്ചു പറഞ്ഞു- "നീ വരച്ച  എന്റെ ആ കുട്ടികാലത്തെ ചിത്രം,  ഇന്നും ഞാൻ പവിത്രമായി സൂക്ഷിക്കുന്നു"! തിരക്കിലേക്ക് നീങ്ങും മുൻപ് സരസ്വതി പൗലോയോട് രാഗത്തിൽ പറഞ്ഞു. "നമ്മൾ ഇനിയും കാണും"... അവളുടെ കണ്ണുകളിൽ പൂത്തിരുന്ന തരി നക്ഷത്രങ്ങളെ, ഈറൻ കണ്ണുകൾ തുടയ്ക്കുമ്പോഴും വ്യക്തതയോടെ പൗലോ കണ്ടിരുന്നു... ഊഷ്മളമായി അവൾ മുറുകെ പിടിച്ചിരുന്ന അവൻറെ കരം വിട്ട് ദൂരേക്ക് പോകുമ്പോൾ അവൻ കണ്ഠം ഇടറി പറഞ്ഞു

"തിരിച്ചറിയാത്തതിൽ മാപ്പ്, പക്ഷെ ഞാൻ നിന്നെ മറന്നില്ല!"

റോയ് ഫ്രാൻസിസ്: ഫാർമസി മേഖലയിൽ ജോലി. ഓക്‌ലാൻഡ് മലയാളി സമാജം എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം (2008, 2010, 2013). ദർപ്പണം മാഗസിന്റെ ചീഫ് എഡിറ്റർ (2015), ഓക്‌ലാൻഡ് മലയാളി സമാജത്തിന്റെ സംഗീത സന്ധ്യ പ്രോഗ്രാം കോർഡിനേറ്റർ (2011-2016) എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്..



# സംശയം ഷേണായി



നീനു മരിയ

ഗ്രാമത്തിലെ ഏറ്റവും വലിയ ധനികനാണ് ഷേണായി- "സംശയം ഷേണായി". ഈ സംശയം എന്ന് പറയുമ്പോൾ അവിഹിതമായി ഒന്നും ചിന്തിക്കേണ്ട. ഒരു കുടുംബത്തിൽ സംശയം എന്നു പറയുമ്പോൾ ഭാര്യയെ സംശയിക്കുന്ന ഭർത്താവ്, ഭർത്താവിനെ സംശയിക്കുന്ന ഭാര്യ, കാമുകിയെ സംശയിക്കുന്ന കാമുകൻ, കാമുകനെ സംശയിക്കുന്ന കാമുകി, ഇങ്ങനെ തിരിച്ചും മറിച്ചും എങ്ങനെയും ചിന്തിക്കാം. എന്നാൽ ഇവിടെ പറയുന്ന സംശയം അങ്ങനെയല്ല. നമ്മുടെ നായകൻ "സംശയം ഷേണായി" അങ്ങനെയുള്ള ഒരാളല്ല. ഗ്രാമത്തിലെ പ്രമാണിയാണ് അയാൾ. ഒട്ടുമിക്ക പാവങ്ങൾക്കും ഷേണായി സഹായിയാണ്, കാണപ്പെടുന്ന ദൈവമാണ്! ഇയാൾ ശരിക്കും ഒരു ജന്മിയാണ്, എന്ന് പറഞ്ഞാൽ അയാൾക്ക് ഇല്ലാത്ത ഒരു ഇടപാടുമില്ല. പ്രധാനമായും നെൽകൃഷിയാണ്. ധാരാളം ഏക്കർ സ്ഥലമുണ്ട്. ഗ്രാമത്തിലെ ഏറ്റവും വലിയ സൂപ്പർമാർക്കറ്റ് അയാളുടേതാണ്. ബസ് സർവീസ്, വർക്ക് ഷോപ്പ്, സ്വർണ്ണക്കട, തുണിക്കട, അങ്ങനെ പോകുന്നു ബിസിനസ് സാമ്രാജ്യം. ഇതുകൊണ്ട് ഗ്രാമത്തിലെ ധാരാളം പേർക്ക് ജോലി ചെയ്യാനും ജീവിക്കാനും സാധിക്കുന്നു. അതുകൊണ്ടുതന്നെയാണ് അയാൾ അവർക്ക് ദൈവതുല്യനായതും. ഗ്രാമത്തിലെ ഒരാളും തൊഴിലില്ലാതെ നടക്കുന്നത് കാണാൻ അയാൾക്ക് ഇഷ്ടമില്ല. അവരവരുടെ കഴിവിന് അനുസരിച്ചിട്ടുള്ള ജോലി അവർക്ക് ലഭിക്കുന്നു.

ഗ്രാമത്തിൽ പുതുതായി ഒരാൾ കാലുകുത്തിയാൽ ഉടനെ ഷേണായിക്ക് സംശയമായി. വന്നയാൾ തനിക്ക് ഒരു എതിരാളിയാകുമോ, 'പാര'യാകുമോ- ഇതാണ് കക്ഷിയുടെ പ്രധാന സംശയം. ഇങ്ങനെ വിപുലമായ രീതിയിൽ ഷേണായി വളർന്നുകൊണ്ടിരിക്കുമ്പോൾ ഒരു പ്രവാസി മലയാളി താമസക്കാരനായി ഗ്രാമത്തിലെത്തി. അയാൾ വിദേശ പരിപാടികളൊക്കെ മതിയാക്കി ഗ്രാമത്തിലേക്ക് വന്നിരിക്കുകയാണ്.

വില കൂടിയതും ആർഭാടവുമായ കാറിലാണ് പ്രവാസി ഭാര്യാ സമേതം

ഗ്രാമത്തിൽ എത്തിയിരിക്കുന്നത്. ഇത് ഷേണായിയുടെ നെഞ്ചിടിപ്പ് കൂട്ടി. ഇവിടെ തുടങ്ങുന്നു ഷേണായിയുടെ സംശയങ്ങൾ. ഭാര്യയും മൂന്ന് ആൺമക്കളും അവരുടെ ഭാര്യമാരും കുഞ്ഞു കുട്ടികളും അടങ്ങിയ വലിയൊരു കുടുംബമാണ് ഷേണായിയുടെത്. അവരെല്ലാം ഷേണായിയുടെ ബിസിനസ്സിൽ പങ്കാളികളും സഹായികളും ആണ്. ഈ ഒത്തൊരുമ തന്നെയാണ് അയാളുടെ വിജയവും. എന്തുകൊണ്ടോ വീട്ടുകാരെ അയാൾക്ക് സംശയമില്ല...ഭാഗ്യം!

പ്രവാസിയുടെ വരവാണ് ഷേണായിയെ അസ്വസ്ഥൻ ആക്കുന്നത് ഭാര്യയും മക്കളും അയാളിലെ ഈ മാറ്റം ശ്രദ്ധിച്ചു. മൂത്ത മകൻ ഷേണായിയെ സമാധാനിപ്പിക്കാൻ ശ്രമിച്ചു. പക്ഷേ ഷേണായിയുടെ സംശയം വർധിക്കുകയാണ് ഉണ്ടായത്. അയാൾ മക്കളോട് പറഞ്ഞു "അവൻ നമുക്കൊരു എതിരാളിയാണ്... സൂക്ഷിച്ചില്ലെങ്കിൽ നാം നിലംപരിശാകും"! ഈ ചിന്ത അയാളിലെ സംശയങ്ങൾക്ക് ആക്കം കൂട്ടി.

പ്രവാസി വന്നത് ബിസിനസ് തുടങ്ങാൻ ഒന്നുമല്ല. പ്രവാസ ജീവിതത്തിലെ മടുപ്പിൽ നിന്നും കുറച്ചുനാൾ മാറി വിശ്രമ ജീവിതം നയിക്കാൻ മാത്രമാണ്. പക്ഷേ അയാളുടെ പ്രവർത്തിയും മറ്റും കണ്ടാൽ ഗ്രാമത്തിൽ വലിയൊരു ബിസിനസ് ശൃംഖല ഉണ്ടാക്കുവാനുള്ള ശ്രമത്തിലാണെന്ന് തോന്നും. നിജസ്ഥിതി അറിയാനായി ഷേണായി ഒരു ദിവസം പ്രവാസിയെ തന്റെ ബംഗ്ലാവിലേക്ക് സൗഹൃദ സന്ദർശനത്തിനായി ക്ഷണിച്ചു. അയാളുടെ ക്ഷണം സ്വീകരിച്ചു ഒരു ദിവസം പ്രവാസി ഷേണായിയുടെ ബംഗ്ലാവിൽ എത്തി. കൂടെ അയാളുടെ ഒരു ആശ്രിതനും ഉണ്ടായിരുന്നു. വളരെ വർഷങ്ങളായി ഗൾഫ് രാജ്യങ്ങളിൽ ജീവിച്ച പ്രവാസിക്ക് ഇനി നേടാനായി ഒന്നുമില്ല. പക്ഷേ അയാളുടെ ദാമ്പത്യ വല്ലരിയിൽ ഒരു കുഞ്ഞു പോലും ഉണ്ടായില്ല. നേടാനുള്ളതെല്ലാം അയാൾ നേടി. മനം മടുത്തപ്പോൾ മനസ്സമാധാനത്തിനും സന്തോഷത്തിനും വേണ്ടിയാണ് അയാൾ ഭാര്യയോടൊപ്പം ഗ്രാമത്തിൽ എത്തിയത്.

ബംഗ്ലാവിൻറെ അകത്തിരുന്ന് ക്യാമറയിലൂടെ പ്രവാസി കാറിൽ ഇറങ്ങി വരുന്നതും എല്ലാം ഷേണായി ശ്രദ്ധിച്ചു. ഈ ഗ്രാമത്തിൽ തന്നെ ജനിച്ചു വളർന്ന ഷേണായിക്ക് ശത്രുക്കളായി ആരും തന്നെ ഇല്ല. പക്ഷേ എപ്പോഴോ ഒരിക്കൽ ഷേണായിയുടെ മനസ്സിൽ സംശയം ഉടലെടുക്കാൻ തുടങ്ങി. അന്ന് മുതലാണ് ബംഗ്ലാവിന് ചുറ്റും ക്യാമറ ഘടിപ്പിച്ചത് തന്നെ. തന്നെ തോൽപ്പിക്കാൻ ആരോ വരുന്നു...! തുറന്ന മനസ്സുമായി നടന്ന ഷേണായിയുടെ ഈ മാറ്റം നാട്ടുകാരും വീട്ടുകാരും ശ്രദ്ധിക്കുന്നുണ്ടായിരുന്നു.

ഒരു ദിവസം മകൻ വിഷ്ണു അച്ഛനെ, അയാൾ അറിയാതെ ഒരു സൈക്യാട്രിസ്റ്റിനെ കാണിച്ചു. അങ്ങനെയാണ് വീട്ടുകാർ അച്ഛൻറെ രോഗവിവരം അറിയുന്നത്. രോഗവിമുക്തൻ ആക്കാൻ ചില രഹസ്യ വഴികൾ ആലോചിച്ചു. അങ്ങനെ ഡോക്ടറുടെ നിർദ്ദേശപ്രകാരമാണ് മകൻ പ്രവാസിയെ വീട്ടിലേക്ക് സൗഹൃദ സന്ദർശനത്തിനായി എത്തിക്കുന്നത്.

ബംഗ്ലാവിൽ എത്തിയ പ്രവാസിയെ വിഷ്ണു സ്വീകരിച്ചു. സ്വീകരണമുറിയിൽ ഇരിക്കുന്ന പ്രവാസിയുടെ മുന്നിലേക്ക് ഷേണായി വന്നെത്തി, ഹസ്തദാനം ചെയ്തു. പല കാര്യങ്ങളും സംസാരിക്കുന്നതിനിടയിൽ പ്രവാസി തന്റെ ജീവിതത്തെ കുറിച്ച് പറഞ്ഞു. ഒരുപാട് നേടി... ഇപ്പോൾ ബോറടിയായി... അങ്ങനെയാണ് പ്രവാസജീവിതം മതിയാക്കി ഇങ്ങോട്ട് പോന്നത്... മക്കളില്ലാത്ത ദുഃഖവും ഇടയ്ക്ക് പ്രവാസി കൂട്ടിച്ചേർത്തു. ഇത് കേട്ടപ്പോൾ ഷേണായിയുടെ സംശയമനസ്സിൽ വല്ലാത്തൊരു വിഷമം തളംകെട്ടി. പിന്നീട് ഷേണായി, പ്രവാസിയെയും കൂട്ടി ബംഗ്ലാവിൻറെ പുറത്തേക്ക് ഇറങ്ങി അവിടുത്തെ കസേരയിൽ ഇരുന്നു. ഷേണായി തന്റെ മകനെ അരികിൽ നിർത്തി ഏറെനേരം പ്രവാസിയോടൊപ്പം സന്തോഷമായി നർമ്മസല്ലാപത്തിൽ ഏർപ്പെട്ടു. വാചാലനും സഹൃദയനുമായ വിഷ്ണു, രസം നിറഞ്ഞ സംഭാഷണ ലോകത്തേക്ക് പ്രവാസിയെ കൂട്ടിക്കൊണ്ടുപോയി. മകൻറെ പെരുമാറ്റവും വർത്തമാനവും കേട്ട് ഷേണായി അന്തംവിട്ടിരുന്നു!

പ്രവാസിയിൽ നിന്നും ധാരാളം വിശേഷങ്ങൾ കൈമാറിയപ്പോൾ ഷേണായിയുടെ മനസ്സിൻറെ കനം കുറഞ്ഞു. പ്രവാസി തനിക്ക് ഒരു എതിരാളി അല്ലെന്നും ഒരു സഹായിയായി മാറാനാണ് പോകുന്നതെന്നും തോന്നി!

പലരുടെയും ചുവടുകൾ പിഴക്കുന്നതിന്റെ കാരണം, ഉറച്ചു വിശ്വസിക്കേണ്ടവരെ സംശയിക്കുകയും സത്യം പറയുന്നവരെ മനസ്സിലാകാതെ പോവുകയും ചെയ്യുന്നു എന്നതാണ്. ഇവിടെ ഷേണായിക്കും അത് തന്നെയാണ് സംഭവിച്ചത്. പണമല്ല, സന്തോഷവും മനസ്സമാധാനവും ആണ് മനുഷ്യന് വലുതെന്ന് പ്രവാസി പറയുമ്പോൾ ഷേണായിയിലെ സംശയം എന്ന രോഗം പമ്പ കടക്കുകയായിരുന്നു. മകൻ വിഷ്ണു തന്ത്രപൂർവ്വം പ്രവാസിയിലൂടെ തൻറെ അച്ഛൻറെ രോഗം ഭേദപ്പെടുത്തുകയായിരുന്നു, "സംശയം ഷേണായി"യെ "സന്തോഷം ഷേണായി" ആക്കി മാറ്റുകയായിരുന്നു!

*നീന മരിയ: ഓക്‌ലാൻഡ് ഹോസ്പിറ്റലിൽ രെജിസ്റ്റേർഡ് നഴ്‌സ് ആണ്*


TRANSPACIFIC
RINCY LAWRANCE
Business Manager
ROHITREDDY THAMINENI
New Zealand License : 201800100
Australia Registered : 2418408
MADHAVI SUNDARESAN
New Zealand Licensed
Immigration Adviser: 202300738
VISITOR VISAS
STUDENT VISAS
WORK VISAS
PARTNERSHIP VISAS
RESIDENT VISAS
COMPLEX MATTERS
+64 22 341 8343
admissions@tpacific.co.nz
www.tpacific.co.nz


CAR MASTER
AUTOMOTIVE LTD
2/69 വിരി സ്റ്റേഷൻ റോഡ് മനുകാവ്
Phone: 022 401 3026, 09 869 7579
ഹൈബ്രിഡ് ബാറ്ററി റിപ്പർ & റീപ്ലേസ്മെന്റ്
യൂറോപ്യൻ - ജാപ്പനീസ് കാർ സർവീസ്
വാറന്റ്. ഓഫ്. ഫിറ്റ്നസ് - W.O.F
മെക്കാനിക്കൽ റിപ്പയേഴ്സ്
(FREE) ഫ്രീ പ്രി പർച്ചേഴ്സ് ചെക്കപ്പ്
Phone: 022 401 3026, 09 869 7579


MOVING SOON ?
7 DAYS • AUCKLAND
Affordable House &
Furniture Moving Service
Get Quote
022 4522 788
Saleesh Sebastian
TRANSPORTER


FIT WITH DHANUSH
ARE YOU READY TO LOSE WEIGHT & BE IN SHAPE?
DHANUSH RENADEVAN
Fitness Personal Trainer
ONLINE FITNESS TRAINING
& PERSONALISED DIET PLAN
Through App: FIT WITH DHANUSH
One-on-One Personal Training
At Cityfitness Gym (with Henderson as home Club)
WWW.FITWITHDHANUSH.COM
JOIN NOW
fitwithdhanush@gmail.com
+64 2040272660


MAXIMISE YOUR
RENTAL
INCOME!
AFFORDABLE PROPERTY MANAGER!
Smart Homes
ADVANTAGES FOR LANDLORDS
We are aiming around 10% + increase in your rental income
Get a free rental appraisal of your investment property
No unnecessary maintenance fees, saving you money.
We keep up to date with changing legislation.
We have in-depth knowledge of the continually changing rental market.
Careful screening for good tenants & lowest vacancy rate
Insurance cover for rent upto 12 weeks
7% ONLY
022 061 4584


Tutel will be your perfect partner for study abroad programs and trainings to
Help you Reach Success Abroad!
New Zealand Nursing Registration process
Australian Nursing Registration process
New Zealand Study programs
UK/Ireland-New Zealand pathway program
Study programs:
New Zealand I Australia
UK I USA I Germany
France I Canada
Ireland I Switzerland
Other European Countries
Our training batches:
OSCE (New Zealand, UK, Australia)
PVUE/IQN
NCLEX-RN I CBT
Please scan the QR code to register
Our Head Office
Tutel New Zealand
236 Broadway Avenue, Palmerston North Central - 4414, New Zealand
Our Cochin Institute
Metro Pillar No. 449, Door No. 37/3019A, Pynadath Square, Near Changampuzha Park Rd, Edappally 682024
Our Cochin Office:
Tutel India Private Limited 41/2097-A4, Chakkalakkal Arcade, Palarivattom, Vennala, Ernakulam - 682028
UK Office
Heywood House Westbury - BA13 4NA
www.tutelnz.com
www.tutelinstitute.com
0484 4073 867 (Kochi) / +91 8714 887 550
+91 9895 458 550 / +91 7592 045 504


At Kripa Financial Solutions Limited, we want to be your trusted guide and tailor your home loan options to suit your needs.
Kripa Financial Solutions
Your Trust is Our Priority
YOUR LOCAL
HOME LOAN EXPERTS
Simi Sethu, Mortgage Adviser
Our Services
First Home Buyer Loans
Mortgage Reviews & Refinance
Structuring Portfolio of Properties
Car Loans & Asset Finance
Construction & Development Loans
Business & Commercial Loans
0800 574 722
office@kripa.co.nz
www.kripa.co.nz
Book a time for one-on-one discussion


THE
BIRIYANI
COMPANY
The Real Taste Of Kerala Cuisines
020 455 2405

# സഹതാപം ഗുണം ചെയ്യുമോ?

**2022 ദർപ്പണം മാസികയിൽ ഞാൻ ഒരു അനുഭവ കഥ എഴുതിയിരുന്നു. എല്ലാവരെയും അത്ഭുതപ്പെടുത്തി മരണത്തെ അതിജീവിച്ച കഥ... അതൊരു വിജയഗാഥയായി തോന്നാം. പക്ഷേ അങ്ങനെ അല്ല കേട്ടോ... തീർച്ചയായും അതൊരു തുടക്കം മാത്രമായിരുന്നു... എൻറെ കഷ്ടപ്പാടിന്റെ തുടക്കം.**



**ഡോ: ലിറ്റോ ജോൺ**

അപകടത്തിന് മുമ്പുള്ള ഞാനും അതിന് ശേഷമുള്ള ഞാനും തമ്മിലുള്ള അന്തരം അത്രയ്ക്ക് വലുതായിരുന്നു.

പതിനേഴാം വയസ്സിൽ അപകടത്തിനു ശേഷം കണ്ണുകൾ രണ്ട് ദിശയിലേക്ക് നോക്കുകയും സുന്ദരമായ (സുന്ദരമെന്നു ഞാൻ കരുതിയ) മുടി മുഴുവനും കളഞ്ഞ് മൊട്ടയായി നടക്കുകയും ചെയ്യേണ്ടി വന്ന എനിക്ക് എന്നെത്തന്നെ തീരെ ഇഷ്ടമല്ലായിരുന്നു. സ്വയം അംഗീകരിക്കുവാൻ മനസ്സില്ലായിരുന്നെങ്കിലും അറിയാവുന്നവരെല്ലാം അപകടം പറ്റിയ കുട്ടിയായി എന്നെ അംഗീകരിച്ചു.

അതോടൊപ്പം അതിലും വലിയ ഒരു ദാനം കൂടി എനിക്ക്കിട്ടി. സഹതാപം...! ജീവിതത്തിൽ ഞാനും പലപ്പോഴും സഹതപിച്ചിട്ടുണ്ടാകാമെങ്കിലും ഈയൊരു വികാരം ഇത്രയും അസഹനീയമാണെന്ന് എനിക്ക് മനസ്സിലായത് ആ സമയത്താണ്. അന്ന് സഹതപിച്ചു വന്നവരോട് എല്ലാം നന്ദി പറഞ്ഞുകൊണ്ട് തന്നെ പറയട്ടെ, ആ സഹതാപതരംഗമാണ്, അതിനോടുള്ള വിരോധമാണ്, ജയിച്ചു മുന്നേറാൻ എനിക്ക് കരുത്തായത്! അതിനോടുള്ള അസഹിഷ്ണതയാണ് എനിക്ക് വീണ്ടും പഠിക്കുവാനുള്ള ഉത്തേജനം തന്നത്!

അപകടത്തെ തുടർന്ന് തൽക്കാലത്തേക്ക് നിർത്തിവെക്കേണ്ടിവന്ന സെൻറ് മേരിസ് കോളേജിലെ പ്രീഡിഗ്രി പഠിത്തം ഞാൻ പുനരാരംഭിച്ചു. എനിക്ക് താങ്ങും തണലുമായി നിന്ന ആ കോളേജിലെ അധ്യാപകരോട് എത്ര നന്ദി പറഞ്ഞാലും മതിയാകില്ല. അപകടം പറ്റി അതീവ ഗുരുതരാവസ്ഥയിൽ ലിസി ആശുപത്രിയിൽ ആയിരുന്നപ്പോൾ ഞാൻ സ്ഥിരം ഇരുന്ന ക്ലാസിലെ സീറ്റിൽ നോക്കി കരഞ്ഞുകൊണ്ട് ഇറങ്ങിപ്പോയ മിസ്സ് ഉഷയെപ്പറ്റി അറിഞ്ഞപ്പോഴാണ് അവരെല്ലാം എന്നെ എത്രമാത്രം സ്നേഹിച്ചിരുന്നു എന്ന് എനിക്ക് മനസ്സിലാകുന്നത്. കോളേജിലെ ലാബ് മൂന്നരയ്ക്ക് ശേഷവും ഒരു മണിക്കൂർ കൂടി തുറന്നു വച്ചു ഒരുപാട് ക്ഷമയോടുകൂടി



നിന്ന് എനിക്ക് പ്രാക്ടിക്കൽ ക്ലാസ് എടുത്ത അധ്യാപകരെയും ടെക്നീഷ്യന്മാരെയും മറക്കാനാകില്ല. കണ്ടതും കേട്ടതും എല്ലാം ഉടനെ മറന്നു പോകുന്ന എന്നെ പഠിപ്പിക്കാൻ, എനിക്ക് പറഞ്ഞുതരാൻ, അവർ ഒരുപാട് അധ്വാനിച്ചു കാണും.

എന്നാൽ തോൽക്കാൻ എനിക്ക് മനസ്സിലായിരുന്നു. എന്നെ ഓപ്പറേറ്റ് ചെയ്ത ന്യൂറോ സർജന്റെ കട്ട സപ്പോർട്ടും അധ്യാപകരുടെയും മാതാപിതാക്കളുടെയും പ്രചോദനവും എന്നെ മുന്നോട്ടു നയിച്ചു. കണ്ണുനീരിന് ഇടയിലൂടെ പ്രീഡിഗ്രിയുടെ പുസ്തകങ്ങൾ രാപ്പകൽ ഇല്ലാതെ വായിച്ചു പഠിച്ചു. കരയാതിരിക്കാൻ ഞാൻ ആവുന്നത് ശ്രമിച്ചെങ്കിലും പലപ്പോഴും അമ്മ കാണാതെ ബാത്റൂമിൽ പോയി കരഞ്ഞ് തീർക്കുകയായിരുന്നു ഞാൻ. ക്ലാസിൽ ഒന്നാമതായിരുന്ന എനിക്ക് തോറ്റ സർട്ടിഫിക്കറ്റ് ഏറ്റുവാങ്ങാൻ സമ്മതമല്ലായിരുന്നു. നിസ്സഹായതയുടെയും കണ്ണ് നീരിന്റെയും നാളുകൾ...

എന്തൊക്കെയോ പഠിച്ചു എന്തൊക്കെയോ എഴുതി റിസൾട്ട് വന്നെങ്കിലും ലിസ്റ്റ് നോക്കാൻ ധൈര്യം ഇല്ലാതെ ആ ബോർഡിൻറെ താഴെയുള്ള സ്റ്റെപ്പിൽ ഇരുന്ന് കരഞ്ഞ എന്നെ ഉഷ ടീച്ചർ വന്ന്, 72% മാർക്ക് ഉണ്ടെന്ന് പറഞ്ഞപ്പോൾ, സെൻറ് മേരിസ് കോളേജ് പ്രിൻസിപ്പൽ എഴുന്നേറ്റു നിന്നു “Praise the Lord!” പറഞ്ഞത് ഇന്നും എനിക്ക് ഒരു പ്രചോദനമാണ്. അങ്ങനെ രണ്ടാം വർഷം പ്രീ-ഡിഗ്രി ക്ലാസ് തോൽക്കാതെ ഞാൻ മെഡിക്കൽ എൻട്രൻസിന് പഠിക്കാൻ തുടങ്ങി. പിന്നീട് പി.സി. തോമസ് മാഷ്പോലുള്ള പ്ര ഗൽഭരായ അധ്യാപകർ എന്നെ തനിയെ ഇരുത്തി പഠിപ്പിച്ചത് ഇന്നും ചരിത്രമാണ് എന്നാണ് എൻറെ തോന്നൽ.

വിജയഗാഥ കുറിച്ചുകൊണ്ട് വീടിൻറെ അടുത്തുള്ള തൃശ്ശൂർ മെഡിക്കൽ കോളേജിൽ എം.ബി. ബി.എസിന് ചേർന്നു. പിന്നെ തിരിഞ്ഞു നോക്കേണ്ടി വന്നില്ല. കുറേശ്ശെ, കുറേശ്ശെയായി പഠിച്ചത് ഓർത്തുവയ്ക്കാൻ സാധിച്ചു തുടങ്ങി. തൃശ്ശൂരിൽനിന്ന് മെഡിക്കൽ ബിരുദവും തിരുവനന്തപുരം മെഡിക്കൽകോളേജിൽനിന്ന് ഗൈനക്കോളജിയിൽ ബിരുദാനന്തര ബിരുദവും നേടാനായത്, പൊള്ളയായ സഹതാപ തരംഗത്തെ അതിജീവിച്ചത് കൊണ്ടാണെന്നു ഞാനിന്നും വിശ്വസിക്കുന്നു!

---

ഡോ: ലിറ്റോ ജോൺ: ഇന്ത്യയിലും യൂ. എ. ഇ. യിലും ഗൈനക്കോളജിസ്ററ് ആയി ഏറെ നാൾ സേവനം അനുഷ്ഠിച്ചു. ഇപ്പോൾ ഓക്ലൻഡ് യൂണിവേഴ്സിറ്റിയിൽ ഗൈനക്കോളജിയിൽ ഗവേഷണം നടത്തുന്നു.



# സെന്റ് ആൻഡ്രൂസ് പള്ളി



**ശ്രീകുമാർ പുളിയമ്പറ്റ**

ചില മോട്ടോർബൈക്ക് യാത്രകൾ ഏകാന്തമായാണ്... ബോധ്യപ്പെടുത്തലുകളോ കാത്ത് നിൽക്കലുകളോ ആവശ്യമില്ല... സ്വതന്ത്ര മനസ്സ്...ശുഭയാത്ര...

അങ്ങനെയുള്ള ഒരു ഏകാന്ത യാത്രയിലാണ് ഞാൻ സെന്റ് ആൻഡ്രൂസ് പള്ളിയിൽ എത്തപ്പെട്ടത്. പെർത്തിൽ നിന്ന് 85 കിലോമീറ്റർ വടക്കോട്ട് മാറി യോർക്ക് പട്ടണം.. യോർക്കിൽ നിന്ന് ക്വയ്റാഡിങ്ങിലേക്ക് (Quirading) ഒരു പാത പുറപ്പെടുന്നുണ്ട് 71 കിലോമീറ്റർ നീളമുള്ള ഒരു പാത. ഈ പാതയിലൂടെ യോർക്കിൽ നിന്ന് 26 കിലോമീറ്റർ സഞ്ചരിച്ചാൽ ഗ്രീൻ ഹിൽസ് എന്ന പട്ടണപ്രാന്തത്തിൽ എത്തിച്ചേരാം. യോർക്ക് പട്ടണം വിട്ട് ഒരു ആറ് കിലോമീറ്റർ കഴിഞ്ഞാൽ വലിയ ഗോതമ്പ്പാടശേഖരങ്ങൾക്ക് നടുവിലൂടെയാണ് ഈ പാത പോവുക. പാതയ്ക്ക് ഇരു വശങ്ങളിലും കണ്ണെത്താ ദൂരത്ത് സ്വർണ്ണ വർണ്ണത്തിലുള്ള ഗോതമ്പ് കതിർ മണികൾ കാറ്റത്ത് അങ്ങനെ ചാഞ്ചാടുന്നു... അപൂർവ്വ കാഴ്ച... പാടത്തേയ്ക്ക്എ ടുത്ത് ചാടാൻ തോന്നും. വിളവെടുപ്പിന് പാകം. വലിയ യന്ത്ര ട്രാക്ടറുകൾ ചില ഭാഗങ്ങളിൽ വിളവെടുപ്പ്ന ടത്തുന്നു. കണക്കുകൾ അനുസരിച്ച് 36 ശതമാനമാണ് പടിഞ്ഞാറൻ ആസ്ട്രേലിയയുടെ ഗോതമ്പ്ഉ ത്പാദനം. വീണ്ടും ഒരു 20 കിലോമീറ്റർ മുന്നോട്ടു പോയാൽ ഗ്രീൻ ഹില്ലിൽ എത്തും. ക്വായ്റാഡിങ്ങ് റോഡിന്റെ വലതുഭാഗത്തായി അല്പം ഉള്ളിലേക്ക് മാറി സൂക്ഷിച്ചു നോക്കിയാൽ മാത്രം സെന്റ് ആൻഡ്രൂസ് പള്ളി കാണാറാകും.

ഒരു വലിയ മാടക്കടയുടെ വലിപ്പം. ഗോത്തിക്ക് സ്റ്റൈലിൽ (Gothic style) പണികഴിപ്പിച്ച ഒരു സുന്ദരൻ പീസ്... മുഴുവൻ തടിയാണ്. കറുത്ത ബ്രൗൺ നിറം. പാടശേഖരങ്ങൾക്ക് നടുവിൽ ഒരൊറ്റയാൻ നിൽപ്പ്! പള്ളി പൂട്ടിയിട്ടിരിക്കുന്നു. വിജനം. ഗോതമ്പ് വയലുകളിലൂടെ വരുന്ന മന്ദമാരുതൻ എന്നെയും പള്ളിയെയും തഴുകി മുന്നോട്ടു പോകുന്നുണ്ട്. പള്ളിയുടെ നടയിൽ ഞാൻ





ഇരുന്നു. ഒറ്റയ്ക്കാണ്. അവാച്യമായ ഒരനുഭൂതി അഥവാ സ്പന്ദനം കാലുകളിലൂടെ മുകളിലേക്ക് കയറി ഹൃദയത്തിലും കൈവിരലുകളിലും വന്നു നിൽക്കുന്നു. പള്ളി തുറന്ന് അതിനുള്ളിലെ സംവിധാനങ്ങൾ കാണണമെന്ന മോഹം ഉണ്ടായിരുന്നെങ്കിലും ആരോട് പറയാൻ. മതിയാവോളം ഞാൻ ആ ശാന്തത ഒറ്റക്കിരുന്നാസ്വദിച്ചു... പള്ളിപ്പടിയിൽ ഇരുന്നപ്പോൾ ഡെയ്സിയെ കുറിച്ചെനിക്കോർമ്മ വന്നു . എന്റെ ഡിഗ്രീ പഠനകാലത്ത് ഞാൻ ഏറ്റവും ഇഷ്ടപ്പെട്ടിരുന്ന കുട്ടി. ബിഷപ്പിന്റെ മോൾ. കോളേജ് കാംപസ്സിനകത്ത് അവൾ താമസിച്ചിരുന്ന ബിഷപ്പിന്റെ വലിയ ബംഗ്ലാവിലേക്ക് പല തവണ കൂട്ടി കൊണ്ടുപോയിട്ടുണ്ട്അ വളുടെ കിടപ്പ് മുറിയും പഠന മുറിയും ഞാൻ അന്ന് താമസിച്ചിരുന്ന എന്റവീടിനെക്കാൾ വലിപ്പമുള്ളതായിരുന്നു... ബംഗ്ലാവിനോട് ചേർന്ന് വലതുഭാഗത്തായി ഒരു വലിയ ചാപ്പൽ... അൾത്താരയ്ക്ക് മുകളിലുള്ള നീലയും

മഞ്ഞയും പച്ചയും നിറത്തിലുള്ള കണ്ണാടിച്ചില്ലിലൂടെ അകത്തുവന്ന ഒത്തിരി നിറമുള്ള വെളിച്ചം അവളുടെ തൂവെള്ള വസ്ത്രത്തെ നിറമുള്ളതാക്കി. അവൾഎ ന്നോടു ചോദിച്ചു "നിങ്ങളുടെ അമ്പലത്തിൽ എന്നെ ഇതുപോലെ കൊണ്ടുപോകാൻ ശ്രീക്ക് ധൈര്യമുണ്ടോ?" വിപ്ലവം തുടിക്കുന്ന അവളുടെ കണ്ണുകളിൽ നോക്കി അതേ അർത്ഥത്തിൽ ഞാൻ മറുപടി നല്കി...വേണ്ട കുട്ടീ.. അത് ശരിയാവില്ല.

അവളുടെ അകാല മരണം എന്നെ കുറച്ചൊന്നുമല്ല ഉലച്ചത്. ശക്തിയായി വീശിയടിച്ച കാറ്റ് പള്ളിമണിയിൽ ആഞ്ഞടിച്ചു. നിറമുള്ള ഓർമ്മകളിൽ നിന്ന് ഞാൻ ഉണർന്ന് മുകളിലേയ്ക്ക് നോക്കി. പള്ളിമണി ആടിക്കൊണ്ടിരിക്കുന്നു. ഡെയ്സി എന്നെ കുറിച്ചും ഓർക്കുന്നുണ്ടാവണം. ക്വായ്റാഡിങ്ങ് റോഡിലൂടെ ഒരു 50 അടി കൂടി മുന്നോട്ടു നീങ്ങിയാൽ ഇടതു ഭാഗത്തേക്കായി മറ്റൊരു പാത പോകുന്നുണ്ട്. ഇതിന് പെന്നി ഡ്രൈവ് എന്ന്

നാമകരണം ചെയ്തിരിക്കുന്നു. മൂന്നര കിലോമീറ്റർ ഈ പാതയിലൂടെ സഞ്ചരിച്ചാൽ ഗ്രീൻ ഹിൽ ടൗൺ ഷിപ്പിൽ എത്താം.1896 ൽ അതി സജീവമായിരുന്ന ഈ പട്ടണപ്രാന്തത്തിന്റെ തിരുശേഷിപ്പുകൾ ഇന്നും കാത്ത്

സൂക്ഷിക്കപ്പെട്ടിരിക്കുന്നു. ജനവാസം തീരെ ഇല്ല. ഒരു പോസ്റ്റ് ഓഫീസ്, റെയിൽവേ സ്റ്റേഷൻ, 1906 ൽ പണിത "ഗ്രീൻഹിൽസ് ഇൻ" എന്ന ഒരു ഹോട്ടൽ... ഇത്രയും ഇവിടെ കാണാനാകും. വൈകുന്നേരങ്ങളിൽ ഗ്രീൻ ഹിൽസ് ഇൻ തുറക്കാറുണ്ടത്രേ... അഞ്ചു മുതൽ എട്ട് മണി വരെയാണ് പ്രവർത്തന സമയം. ഞാൻ അതിലൂടെ കടന്നുപോയത് ഈ സമയത്തൊന്നും അല്ലായിരുന്നതിനാൽ ഒരു ബിയർ കുടിക്കാനുള്ള എന്റെ ത്വര എനിക്ക് തന്നെ അടക്കേണ്ടി വന്നു.

പള്ളിയുടെ ഉൾഭാഗം കാണാനും ഡേയ്സിയെക്കുറിച്ച് ഒരിക്കൽ കൂടി ഓർക്കാനും 125 വർഷത്തിലധികം പഴക്കമുള്ള ഗ്രീൻ ഹിൽസ് ഇന്നിലിരുന്ന്

ഒരു ബിയർ അടിക്കാനും ഞാൻ ഒരിക്കൽ കൂടി പോകും. ഉച്ചയ്ക്ക് ശേഷം...

ശ്രീകുമാർ പുളിയമ്പറ്റ: ഓക്ലാൻഡ് മലയാളി സമാജം മുൻ പ്രസിഡൻറ്. സമാജത്തിന്റെ മുഖപത്രമായ ദർപ്പണത്തിന്റെ തുടക്കകാരിൽ ഒരാൾ. ഇപ്പോൾ പെർത്തിൽ സ്ഥിരതാമസം. ക്ലിനിപത്ത് പതോളജി ലബോറട്ടറിയിലെ സീനിയർ സയന്റിസ്റ്റ്. Australian Justice of the Peace ആയി സേവനം അനുഷ്ഠിക്കുന്നു. സാമൂഹ്യ പ്രവർത്തനം, യാത്രകൾ, സംഗീതം, പരിസ്ഥിതി ഇതൊക്കെയാണ് ഇഷ്ടപ്പെട്ട വിഷയങ്ങൾ.

# ഹരി, നീയാണ് ഹീറോ!



**രഞ്ജിത്ത് ജോസ്**

ഇത്തവണത്തെ അവധിക്ക് മലേഷ്യൻ എയർവെയ്സിലാണ് ടിക്കറ്റ് എടുത്തത്. പതിവിന് വിരുദ്ധമായി തനിച്ചാണ് യാത്ര. ആദ്യമായാണ് ഇങ്ങനെ. അതുകൊണ്ടുതന്നെ വലിയ സന്തോഷമൊന്നും ഇല്ല (ഇത് കേൾക്കുമ്പോൾ പലർക്കും പഞ്ചാബി ഹൗസിൽ കൊച്ചിൻ ഹനീഫ ദിലീപിനെയും ഹരിശ്രീ അശോകനെയും പഞ്ചാബികളുടെ വീട്ടിൽ പണയം വച്ചിട്ട്പോകുന്ന രംഗം ഓർക്കുന്നുണ്ടാകും എന്ന കാര്യം എനിക്കറിയാം). അമ്മയുടെ കൂടെ കുറച്ച് ദിവസം ചെലവഴിക്കണം; അതുമാത്രമാണ് ഇത്തവണത്തെ പ്ലാൻ.

പതിവുപോലെ മൂന്നു മണിക്കൂർ മുന്നേ ഓക്‌ലാൻഡ് എയർപോർട്ടിൽ എത്തി. അപ്പോഴാണ് അറിഞ്ഞത്, ഫ്ലൈറ്റ് രണ്ടു മണിക്കൂർ വൈകി ആണെന്ന്. അതോടെ മലേഷ്യയിൽ നിന്നുള്ള കണക്ഷൻ ഫ്ലൈറ്റ് കിട്ടുമോ എന്നതായി ആശങ്ക. നാട്ടിലെത്തി രണ്ടുദിവസം കഴിഞ്ഞ് അമ്മയെയും കൂട്ടി ഒരു യാത്ര പ്ലാൻ ചെയ്തിട്ടുണ്ട്. അതിനു മുമ്പായി ഒട്ടേറെ കാര്യങ്ങൾ ചെയ്തു തീർക്കാനുണ്ട്. കണക്ഷൻ ഫ്ലൈറ്റ് കിട്ടാതെ യാത്ര താമസിച്ചാൽ എല്ലാം അവതാളത്തിൽ ആകും. ഭയന്നതു തന്നെ സംഭവിച്ചു! കൊലാലമ്പൂരിൽ എത്തിയത് രണ്ടു മണിക്കൂർ വൈകി. അപ്പോഴേക്കും കൊച്ചിയിലേക്കുള്ള ഫ്ലൈറ്റ് പുറപ്പെട്ടിരുന്നു!

ഇനിയെന്ത് എന്നുള്ള ചോദ്യവുമായി മലേഷ്യൻ എയർവേയ്സിന്റെ കൗണ്ടറിൽ മറ്റു യാത്രക്കാരോടൊപ്പം നിൽക്കുകയാണ്. കൗണ്ടറിൽ വലിയ തിരക്കാണ്. സ്റ്റാഫ് പലരും വന്നു പോകുന്നു... യാത്രക്കാരുമായി സംസാരിക്കുന്നു... കൊച്ചിയിലേക്കുള്ള അടുത്ത ഫ്ലൈറ്റ് എപ്പോഴാണെന്നോ എത്രനേരം കാത്തിരിക്കണമെന്നോ ആർക്കും ഉറപ്പില്ല. യാത്രക്കാർ പലരും അസ്വസ്ഥരാണ്.

നാട്ടിൽ എത്തിയാൽ ചെയ്യേണ്ടുന്ന കാര്യങ്ങൾ ചിന്തിച്ചുകൊണ്ട് കൗണ്ടറിന്റെ അടുത്തുള്ള കസേരയിലേക്ക് ഞാൻ ചാരി കിടന്നു. യാത്രാ ക്ഷീണം കൊണ്ട് ചെറുതായൊന്ന് മയങ്ങിപ്പോയി.

ഒരു ബഹളം കേട്ടാണ് ഞാൻ ഞെട്ടി ഉണർന്നത്. ഒരു ചെറുപ്പക്കാരൻ മലേഷ്യൻ എയർവെയ്സിന്റെ ഗ്രൗണ്ട് സ്റ്റാഫുമായി വാക്ക് തർക്കത്തിലാണ്. സ്റ്റാഫ് അയാളോട് വളരെ സൗമ്യമായാണ് സംസാരിക്കുന്നത്. അതൊന്നും കൂട്ടാക്കാതെ അയാൾ വലിയ ദേഷ്യത്തിൽ അങ്ങോട്ടുമിങ്ങോട്ടും നടക്കുകയാണ്. അല്പസമയം കഴിഞ്ഞ് അയാൾ എൻറെ അടുത്തുള്ള കസേരയിൽ വന്നിരുന്നു. എന്തൊക്കെയോ ആലോചിച്ച് തലയാട്ടിക്കൊണ്ടിരിക്കുന്നുണ്ട്. അയാളുടെ ഭാവം കണ്ടാൽ തന്നെ അറിയാം അയാൾ ആകെ അസ്വസ്ഥൻ ആണെന്ന്.

അയാളുടെ ശരീരഭാഷയും സ്റ്റാഫുകളോടുള്ള പെരുമാറ്റവും കണ്ടപ്പോൾ അയാളോട് ചെറിയ നീരസം തോന്നാതിരുന്നില്ല. ഇടയ്ക്ക് ആരോടൊക്കെയോ അയാൾ മൊബൈൽ



ഫോണിൽ സംസാരിക്കുന്നുണ്ട്. അയാൾക്ക് മുഖം കൊടുക്കാതെ ഞാൻ തലകുനിച്ച് ഇരിപ്പാണ്. കുറച്ചു കഴിഞ്ഞ് അയാൾ പതുക്കെ ഒന്ന് തണുത്തെന്ന് തോന്നി. അയാൾ എന്നോട് പറഞ്ഞു. "എനിക്ക് നാട്ടിലെത്തേണ്ട അത്യാവശ്യമുണ്ടായിരുന്നു. ഇന്നിനി നടക്കുമെന്ന് തോന്നുന്നില്ല" അതോടെ ഞാൻ അയാളുടെ മുഖത്തേക്ക് സൂക്ഷിച്ചു നോക്കി. അയാൾ തിരിച്ചും.

വല്ലാത്ത മുഖ പരിചയം! അയാളെ ഞാൻ എവിടെയോ കണ്ടിട്ടുണ്ടല്ലോ എന്ന് ചിന്തിച്ചു കൊണ്ടിരിക്കുമ്പോൾ തന്നെ "ഞാൻ ഹരിയാണെടാ" എന്നുപറഞ്ഞ് അയാൾ എൻറെ കയ്യിൽ മുറുകെ പിടിച്ചു!

........ ..................

എൻറെ ഹൈസ്കൂൾ വിദ്യാഭ്യാസം വീടിന് കുറച്ച് അകലെയുള്ള ടൗണിൽ ആയിരുന്നു. വിദ്യാർത്ഥി രാഷ്ട്രീയ പ്രസ്ഥാനങ്ങൾ എല്ലാം ഞങ്ങളുടെ സ്കൂളിലും ഉണ്ട്. അതിനോട് അനുബന്ധിച്ചുള്ള പ്രകടനങ്ങളും കോലാഹലങ്ങളുമെല്ലാം അരങ്ങു തകർക്കുന്ന കാലം... ഒരു ഗ്രാമപ്രദേശത്തെ ചെറിയ സ്കൂളിൽ പഠിച്ചുവളർന്ന എനിക്ക് ഇതെല്ലാം പുതുമയായിരുന്നു. തുടക്കത്തിൽ ചെറിയ അങ്കലാപ്പെല്ലാം ഉണ്ടായിരുന്നെങ്കിലും പതിയെ പതിയെ ഞാനും കളം പിടിച്ചു തുടങ്ങി. കുഞ്ഞുണ്ണി മാഷിൻറെ ഭാഷയിൽ പറഞ്ഞാൽ പൊക്കമില്ലായ്മയാണ് എൻറെ പൊക്കം എന്നതുപോലെ വലിയ പൊക്കമുള്ള ഞാനും രമേശും ജോണിയും ആണ് ഏറ്റവും മുന്നിലെ ബെഞ്ചിൽ. അധ്യയനവർഷം തുടങ്ങി നാലഞ്ച് മാസം കഴിഞ്ഞപ്പോഴാണ് ഹരി ഞങ്ങടെ സ്കൂളിലേക്ക് എത്തിയത്. തുടക്കത്തിൽ ഹരി ആരോടും മിണ്ടാതെ വളരെ പതിഞ്ഞ സ്വഭാവമുള്ള ഒരാളായിരുന്നു. ഞാനും ജോണിയും രമേശും നേരെ വിപരീതവും.

താമസിയാതെ ഞങ്ങളും ഹരിയും ഉറ്റ സുഹൃത്തുക്കളായി. ഹരിയുടെ വീട് ഞങ്ങളുടെ സ്കൂളിൻറെ വളരെ അടുത്താണ്. ഉച്ചയ്ക്ക് ലഞ്ച് ടൈമിൽ ഹരി വീട്ടിൽപോയി ഭക്ഷണം കഴിച്ച് തിരിച്ചു വരും. ഒരു മതിൽക്കെട്ടിനുള്ളിലെ വലിയ വീട്ടിലാണ് ഹരിയുടെ താമസം. ആ കാലഘട്ടത്തിൽ അപൂർവ്വം ചിലർക്ക് മാത്രമേ അത്തരം വലിയ വീടുകൾ ഉള്ളൂ. ഹരി പൊതുവേ ഒരു അന്തർമുഖനാണ്. എന്നാൽ സിനിമ കഥകൾ പറയുമ്പോൾ അവൻ വാചാലനാകും. ആ നാളുകളിൽ ശനിയാഴ്ചകളിൽ നാഷണൽ ദൂരദർശനിൽ വരുന്ന സിനിമകളുടെ കഥയാണ് ഹരി പറയാറ്. അമിതാബച്ചനും അമരീഷ് പുരിയും തമ്മിലുള്ള തീപാറുന്ന സംഘട്ടന കഥകൾ വളരെ തന്മയത്വത്തോടെ ഹരി പറയുന്നത് കേൾക്കാൻ

ഞങ്ങൾ കാതോർത്തിരിക്കും. നാട്ടിമ്പുറത്തുകാരായ ഞങ്ങളുടെ വീട്ടിൽ അന്ന് ടി.വി. ഇല്ല. ഹരിയുടെ വർണ്ണനകൾ കേൾക്കുമ്പോൾ അവനോട് ചെറുതായിട്ട് അസൂയ തോന്നിയിട്ടുണ്ട്. പറയുമ്പോൾ സത്യം പറയണമല്ലോ. അങ്ങനെ ഇണക്കങ്ങളും പിണക്കങ്ങളുമായി ഞങ്ങളുടെ ഹൈസ്കൂൾ ജീവിതം അതിൻറെ അവസാന ഘട്ടത്തിൽ എത്തി. എസ്. എസ്. എൽ. സി. പരീക്ഷയ്ക്ക് മുമ്പുള്ള മോഡൽ പരീക്ഷകളും പൂർത്തിയായി.

പരീക്ഷയ്ക്ക് മുമ്പുള്ള സ്റ്റഡി ലീവിന്റെ സമയത്ത് ജോണി അവന്റെ വീട്ടിലേക്ക് ഞങ്ങളെ എല്ലാവരെയും ക്ഷണിച്ചു. ഇനി പരീക്ഷകൾക്ക് ശേഷം എന്നു കാണുമെന്നോ എവിടെയൊക്കെ ആയിരിക്കുമെന്നോ ഒരു നിശ്ചയവും ഇല്ലല്ലോ. എവിടെപ്പോയാലും നമ്മളുടെ ഈ സുഹൃദ്ബന്ധം മുന്നോട്ടു കൊണ്ടുപോകണമെന്നും അതിന് നമ്മൾ നാലുപേരുടെയും വീടുകൾ കണ്ടിരിക്കണമെന്നും ജോണിയാണ് നിർദ്ദേശം വെച്ചത്. അത് ശരിയാണെന്ന് ഞങ്ങൾക്കും തോന്നി. ഹരി മാത്രം ഒരു അഭിപ്രായവും പറഞ്ഞില്ല; അല്ലെങ്കിലും അവൻ അങ്ങനെയാണ്.

ഹരിയുടെ വീട് ഒഴികെ മൂന്നുപേരുടെ വീട്ടിലും ഞങ്ങൾ പോയി വീട്ടുകാരെ എല്ലാം പരിചയപ്പെട്ടു. ഹരി മാത്രം ഒന്നും പറയുന്നില്ല. ഈ വരുന്ന തിങ്കളാഴ്ച ഞങ്ങൾ വൈകിട്ട് ഹരിയുടെ വീട്ടിലേക്ക് വരും- രമേശ് പറഞ്ഞു. ചെറുതായിട്ട് ചിരിച്ചതല്ലാതെ ഹരി ഒന്നും പറഞ്ഞില്ല. തിങ്കളാഴ്ച വൈകിട്ട് മൂന്നുമണിക്ക് സ്കൂളിൽ കാണാം എന്ന തീരുമാനത്തിൽ ഞങ്ങൾ പിരിഞ്ഞു.

പറഞ്ഞുറപ്പിച്ചതുപോലെതന്നെ തിങ്കളാഴ്ച ഞങ്ങളെ കാത്ത് ഹരി സ്കൂളിൻറെ മുന്നിൽ ഉണ്ടായിരുന്നു. ഹരിയുടെ വലിയ വീട് കാണാനും കുറച്ചുനേരം ടി.വി. ആസ്വദിക്കാനുമുള്ള ആവേശത്തിൽ ഞങ്ങൾ ഹരിയുടെ പിന്നിൽ നടന്നു.

വീടിൻറെ മെയിൻ ഡോർ അടഞ്ഞു കിടക്കുകയാണ്. മതിൽക്കെട്ടിന് പുറത്തുനിന്ന് കാണുന്നതിലും വലിയ വീടാണ്. മെയിൻ ഡോർ തുറക്കാതെ വീടിൻറെ സൈഡിലുള്ള വഴിയിലൂടെ അടുക്കള ഭാഗത്തേക്ക് ഞങ്ങളെ കൂട്ടിക്കൊണ്ടു പോയി. അവിടെ മുഷിഞ്ഞ വസ്ത്രം ധരിച്ച മദ്ധ്യ വയസ്കയായ ഒരു സ്ത്രീ ഞങ്ങളെ കണ്ടതും കൈയെല്ലാം സാരിതുമ്പുകൊണ്ട് തുടച്ച് ഉള്ളിലേക്ക് ക്ഷണിച്ചു. എൻറെ അമ്മയാണിത് എന്നുപറഞ്ഞ് ഹരി അഭിമാനത്തോടെ അമ്മയെ കെട്ടിപ്പിടിച്ചു. ഞങ്ങൾ ശരിക്കും ഞെട്ടിയത് അപ്പോഴാണ്. ആ വലിയ വീട്ടിലെ വാല്യക്കാരിയായിരുന്നു ഹരിയുടെ അമ്മ!

അടുക്കളത്തോട്ടത്തിനടുത്തുള്ള ചായ്പ്പിലാണ് അവരുടെ താമസം. ഞങ്ങൾക്ക് മൂന്നു പേർക്കും അത് ഒരു ഒരു ഞെട്ടൽ ആയിരുന്നു. ഹരിക്ക് ഒരു ഭാവഭേദവും ഇല്ലാതെ ഒരു ചെറിയ പുഞ്ചിരി മാത്രം. ആ ഷോക്കിൽ നിന്ന് മാറുന്നതിനു മുമ്പ് 60 വയസ്സോളം പ്രായം തോന്നിക്കുന്ന വീട്ടുടുമ അവിടേക്ക് വന്നു. അയാളുടെ മുഖം ദേഷ്യം കൊണ്ട് ചുമന്ന് തുടുത്തി രുന്നു.

"എന്റെ അനുവാദമില്ലാതെ മറ്റ് ആളുകൾ ഇവിടത്തേക്ക് വരുന്നത് എനിക്ക് ഇഷ്ടമില്ല എന്ന് നിങ്ങൾക്കറിയില്ലേ?" അയാൾ ഹരിയേയും അമ്മയെയും നോക്കി ആക്രോശിച്ചു. അയാളുടെ പെരുമാറ്റം കണ്ട് ഞങ്ങൾ അന്ധാളിച്ചു പോയി. മറ്റൊന്നും പറയും മുമ്പ് ഞങ്ങൾ പുറത്തേക്ക് ഇറങ്ങി ഓടി.

ഞങ്ങൾ അവിടുന്ന് ഇറങ്ങുമ്പോൾ ഹരിയുടെ അമ്മയുടെ കണ്ണുകൾ നിറഞ്ഞിരുന്നു. ഹരിയുടെ മുഖത്തു നിർവികാരത മാത്രം! ഞങ്ങൾ ഹരിയോട് അതിനെക്കുറിച്ച് പിന്നീടൊന്നും സംസാരിച്ചിട്ടില്ല. എങ്കിലും സാമാന്യമര്യാദയുടെ എല്ലാ സീമകളും തെറ്റിച്ച ആ മനുഷ്യനോട് വല്ലാത്ത വെറുപ്പ് തോന്നി. പരീക്ഷ കഴിഞ്ഞതോടുകൂടി ഞങ്ങളെല്ലാം പലവഴിക്കായി. ഇന്നത്തെപ്പോലെ സോഷ്യൽ മീഡിയയും ഫോണും അന്ന് ഇല്ലല്ലോ.

************************

അതിനുശേഷം ഇന്നാണ് ഹരിയെ അപ്രതീക്ഷിതമായി കാണുന്നത്. ഹരി വല്ലാതെ തടിച്ചിരിക്കുന്നു. പെട്ടെന്ന് മനസ്സിലാക്കാൻ പ്രയാസം...

ഞങ്ങൾ വിശേഷങ്ങൾ പരസ്പരം ആവേശത്തോടെ പങ്കുവെച്ചു. ഹരി ഇപ്പോൾ തിരക്കുള്ള കോൺട്രാക്ടർ ആണ്. ഇന്തോനേഷ്യയിൽ ബിസിനസ് ആവശ്യത്തിന് പോയതാണ്. ചില സാങ്കേതിക കാരണങ്ങൾ കൊണ്ട് ഹരിയുടെ ഫ്ലൈറ്റും വൈകി. ഇവിടെ എത്തിയപ്പോഴേക്കും കൊച്ചിയിലേക്കുള്ള ഫ്ലൈറ്റ് പോയിരുന്നു.

അവൻ പുതിയ വീട് വെച്ചുകൊണ്ടിരിക്കുകയാണ്. ചുരുക്കം ചില മിനുക്ക് പണികൾ ഒഴികെ അതിൻറെ പണി എല്ലാം പൂർത്തിയായി. നാളെ കഴിഞ്ഞാണ് പാലുകാച്ചലിനുള്ള മുഹൂർത്തം ജോത്സ്യൻ കുറിച്ചു കൊടുത്തിരിക്കുന്നത്. നാട്ടിൽ എത്രയും പെട്ടെന്ന് എത്തണം. അതുകൊണ്ടാണ് ഹരി ആകെ അസ്വസ്ഥനായതും പിന്നീട് എയർപോർട്ടിൽ നടന്ന സംഭവങ്ങളും.

ആറുമണിക്കൂറിന് ശേഷം ഒരു ഫ്ലൈറ്റ് പുറപ്പെടും എന്നുള്ള അറിയിപ്പ് കിട്ടി. നാട്ടിലെത്തിയാൽ പാലുകാച്ചിന് വരണമെന്ന കർശന ഉപാധി ഹരി എന്റെ മുന്നിലേക്ക് വെച്ചു. നമ്മളുടെ സ്കൂളിൽ പഠിച്ച മറ്റ് ചില കൂട്ടുകാർ വരുമെന്നും അവരെയൊക്കെയും കാണാം എന്നും ഹരി പറഞ്ഞു. എന്തായാലും ഞാൻ



വരും എന്ന് ഉറപ്പു കൊടുത്തു. "അമ്മയേയും കൂട്ടി വരണം കേട്ടോ". കൊച്ചി എയർപോർട്ടിൽ നിന്ന് വിട വാങ്ങാൻ നേരവും ഹരി ഓർമിപ്പിച്ചു.

അന്നൊരു തിങ്കളാഴ്ചയായിരുന്നു. ഞാൻ അമ്മയേയും കൂട്ടി ഹരിയുടെ പുതിയ വീട്ടിലേക്കു തിരിച്ചു. കണ്ടാൽ കൊതിപ്പിക്കുന്ന വലിയ വീട്! എല്ലാ ആധുനിക സജ്ജീകരണങ്ങളും ഉണ്ട്. അതിഥികളെ സ്വീകരിക്കുന്ന തിരക്കിലാണ് ഹരിയും ഭാര്യയും. ഞങ്ങളെ കണ്ടതും ഓടി അരികിലെത്തി സ്വീകരിച്ചു ഉള്ളിലേക്ക് കൂട്ടിക്കൊണ്ടു പോയി. ഭാര്യയെയും കുട്ടികളെയും പരിചയപ്പെടുത്തി; ഒപ്പം അവൻറെ അമ്മയെയും. അഭിമാനത്താൽ അവൻറെ അമ്മയുടെ മുഖം പ്രകാശിച്ചിരുന്നു...

പരിചയമുള്ള ഏതെങ്കിലും മുഖങ്ങൾ ഉണ്ടോ എന്ന് പരതി കൊണ്ടിരിക്കുമ്പോഴാണ് വീൽചെയറിൽ ഇരിക്കുന്ന ഒരു വൃദ്ധനെ ശ്രദ്ധിച്ചത്. ഒറ്റനോട്ടത്തിൽ തന്നെ എനിക്ക് ആളെ മനസ്സിലായി. ഒരിക്കൽ ഞങ്ങളെ വീട്ടിൽ നിന്ന് ആട്ടിപ്പായിച്ച അതേ മനുഷ്യൻ! അന്ന് കണ്ട ക്രൂര, തീവ്ര ഭാവങ്ങൾ ഒന്നും ആ മുഖത്തില്ല. പകരം ദയനീയത മാത്രം!

"പിള്ള സാർ ഇപ്പോൾ ഞങ്ങളുടെ കൂടെയാണ്" ഹരി എൻറെ കാതിൽ പറഞ്ഞു. വർഷങ്ങൾക്കു മുമ്പ് പിള്ള സാറിൻറെ ഭാര്യയും ഏക മകനും ഒരു കാർ ആക്സിഡന്റിൽ മരിച്ചു പോയിരുന്നു. അയാൾ മാത്രം കഷ്ടിച്ച് രക്ഷപ്പെട്ടു. ഏറെക്കാലം ഹോസ്പിറ്റലിൽ ആയിരുന്നു. ബന്ധുക്കളുമായി നല്ല അടുപ്പത്തിൽ അല്ലാതിരുന്നതു കൊണ്ട് സമ്പത്ത് കുറെയൊക്കെ അന്യാധീനപ്പെട്ടുപോയി. ഒട്ടേറെ പണം ചികിത്സയ്ക്കും ചിലവായി. അപകടത്തിൽ ഗുരുതരമായ പരിക്കേറ്റ പിള്ള സാറിൻറെ കഷ്ടപ്പാട് മനസ്സിലാക്കിയതിനാലാകണം ഹരി, സാറിനെ കൂടെ കൂട്ടിയതും സംരക്ഷിക്കുന്നതും.

പ്രായം കൊണ്ട് ഹരിയാണ് പിന്നിലെങ്കിലും ഹൃദയ വിശാലതയിൽ ഏറെ മുന്നിലാണ് അവൻ. ഹരിയുടെ ഒരു മധുര പ്രതികാരത്തിന്റെ ദിനം കൂടിയല്ലേ ഇന്ന് എന്ന് ഞാൻ മനസ്സിൽ ഓർത്തു.

അതേ, പണ്ടു നീ പറഞ്ഞ സിനിമാക്കഥകളിലെ അമാനുഷീകരായ നായകന്മാരെക്കാൾ വലിയ ഹീറോയാണ് നീ !

ഈ ദിവസം തന്നെ എന്നേയും ഇവിടെ എത്തിച്ചത് വിധിയുടെ വിളയാട്ടമായിരിക്കാം!

രഞ്ജിത് ജോസ്: രെജിസ്റ്റേർഡ് സോഷ്യൽ വർക്കർ. ഒരു NGO യിൽ സർവീസ് മാനേജർ ആയി ജോലി ചെയ്യുന്നു. കുടുംബത്തോടൊപ്പം "ഗ്ലെൻ ഈഡനി"ൽ താമസം.



Your Nursing Future Awaits
Train with Mindtree!
Specialized OSCE and IQN Training for International Nurses
OSCE Success
Hands-on clinical training and personalized coaching
IQN Excellence
Comprehensive study guides, practice exams, and expert mentoring
Multiple Locations
Training available in New Zealand and Kerala
Supportive Learning
Tailored training plans for every nurse coaching
Reserve Your Spot Now &
Achieve Your Nursing Dreams!
Contact Information:
New Zealand
+64 2121787770 | +64 221230023
India
+91 8075301169 | +91 7306724695
Australia
+61 493669557
info@mindtreenursing.com | www.mindtreenursing.com




COCOON SERVICES LTD
Rental Property Management
Service Offer
We photograph & advertise your property
We make appointments & show prospective tenants
We conduct Ref,Tenancy,Credit,Bkg checks
We prepare Tenancy Agreements and Bond documents
All maintenance, repairs, etc can be overseen or organised by ourselves
Rental review, Periodic inspections
Outgoing tenant inspections / finalisation of the tenancy
Keeping up to date with tenancy legislation
SUJIT JOE THOMAS - 021 02550072
RATISH KURIAN - 021 1820664
2/84 Rosier Rd, Glen Eden, Auckland 0602
Built on old fashioned values of honesty, integrity & commitment




bworth
OUR PRODUCTS
LOUVRES
PERGOLA
AWNING
CANOPY
CARPORT
OUTDOOR BLINDS
SLIDING GLASS DOOR
OUTDOOR SHUTTER
www.bworth.co.nz
022 522 7474




CRAFT SHED
Blinds & Shutters
craftshed.nz
We redefine interior spaces with style and functionality
Indoor Blinds & Window Shutters
022 100 2747



BUY YOUR FIRST HOME
WITH 5% OR 10% DEPOSIT
EVEN IN THE ABSENCE OF GENUINE SAVINGS!
We can help you to get
First home loan with low deposit*
Refinance to get better interest rate*
Construction Loans*
Car loans with low interest rates*
Life, Medical & Travel Insurance
Banks lending guidelines applicable*
Smartlife
Insurance & Mortgage
Contact
Subhash Reghunathan
021 233 0287



www.kairali.co.nz
Special combo deals for party orders
KAIRALI
SOUTH INDIAN Restaurant
1/754 Manukau Road, Royal Oak, Auckland
096245859, 0211063171 kairalinzltd@gmail.com
Licensed Bar & BYOW
Dine in & Take Away



Auckland Malayali Samajam-
Celebrating the 25th Anniversary.
The First Malayali Travel Agency in New Zealand
At UTravel - we're passionate about creating unforgettable travel experiences tailored just for you.
With years of expertise in the travel industry, our dedicated team is committed to turning your travel dreams into reality.
FLIGHTS . HOTELS . PACKAGES
CAR RENTAL . CRUISE . TRAVEL INSURANCE
Utravel
travel made easy for you
09 2159025 | 64 21 114 0307
hello@utravel.nz | saju@utravel.nz



# THANK YOU

Photo @ Firos NV, Calicut via www.pexels.com



**മെബിൻ ജോൺ**
**സെക്രട്ടറി**

ഓഷ്യാനയിലെ ഏറ്റവും വലിയ മലയാളി സംഘടനയായ ഓക്‌ലാൻഡ് മലയാളി സമാജം സ്ഥാപിതമായതിൻറെ ഇരുപത്തിയഞ്ചാം വാർഷികം ആഘോഷിക്കുന്ന ഈ വേളയിൽ നമ്മുടെ സംഘടനയുടെ വാർഷിക പതിപ്പായ ദർപ്പണം മാസിക സമർപ്പിക്കുന്നതിൽ എനിക്ക് അളവറ്റ സന്തോഷവും അഭിമാനവുമുണ്ട്. ദർപ്പണത്തെ നമ്മുടെ സമാജത്തിൻറെ ഡയറിക്കുറിപ്പുകൾ എന്നുതന്നെ വിശേഷിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ ഒരു വർഷക്കാലമായി സമാജം നടത്തിവരുന്ന എല്ലാ പരിപാടികളും ഈ മാസികയിൽ നിങ്ങൾക്ക് കാണുവാനായി സാധിക്കും. വർഷങ്ങൾ കഴിയും തോറും ഈ മാസിക ഓക്‌ലാൻഡ് മലയാളി സമാജത്തിൻറെ ഇന്നലകളിലേക്കു വെളിച്ചം വീശുന്ന ഒരേടായി തീരുകയാണ്!

കോവിഡിൻറെ നിയന്ത്രണങ്ങൾ മാറ്റപ്പെട്ടതോടെ ഇമ്മിഗ്രേഷൻ മേഖലയിലുണ്ടായ മാറ്റങ്ങൾ നിമിത്തം ധാരാളം മലയാളികൾ ന്യൂസിലാൻഡിൽ എത്തിച്ചേർന്ന വർഷമാണ് കടന്നു പോകുന്നത്. അഭിമാനത്തോടെ തന്നെ പറയട്ടെ, പുതിയതായി വന്ന ധാരാളം വ്യക്തികളും അവരുടെ കുടുംബങ്ങളും ഓക്‌ലാൻഡ് മലയാളി സമാജത്തിൻറെ ഭാഗമാവുകയും കാര്യപരിപാടികളിൽ സജീവമായി പങ്കെടുക്കുകയും ചെയ്ത മനോഹര കാഴ്ചയാണ് ഈ വർഷത്തെ ഏറ്റവും വലിയ പ്രത്യേകത.

ഈ കാലയളവിൽ നിങ്ങൾ ഓരോരുത്തരും സമാജത്തിനു നൽകിയ കരുതലിനും പിന്തുണയ്ക്കും ഹൃദയത്തിൻറെ ഭാഷയിൽ നന്ദി അറിയിക്കട്ടെ! അതോടൊപ്പം മികച്ച രീതിയിൽ നമ്മുടെ സമാജത്തെ നയിച്ച എൻറെ പ്രിയപ്പെട്ട സഹപ്രവർത്തകർക്കും ഈ മാസികയെ മികവുറ്റ രീതിയിൽ പുറത്തിറക്കുന്നതിനായുള്ള എല്ലാ ഭാരിച്ച ഉത്തരവാദിത്വങ്ങളും നിർവഹിച്ച ഡോ. സാം മത്തായി ജെ. പി. ക്കും ഭംഗിയായി ഡിസൈൻ ചെയ്ത ഷൈനും ആത്മാർത്ഥമായി നന്ദി പറയുന്നു!

Disclaimer: The publisher and Editors of Darpanam cannot be held responsible for errors or any consequences arising from the use of information contained in this publication; the views and opinions expressed do not necessarily reflect those of the Publisher and Editors.
ദർപ്പണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന രചനകളുടെ പൂർണ ഉത്തരവാദിത്വം അതാതു ലേഖകർക്കു മാത്രമായിരിക്കും. ഓക്‌ലാൻഡ് മലയാളി സാമാജത്തിനോ പ്രസാധക സമിതിക്കോ യാതൊരുവിധ ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.
We appreciate your feedback about Darpanam2024; please forward it to Darpanam2024@gmail.com

# Transform Your Outdoor Space with V Builders

## Auckland and Hamilton's Premier Outdoor Living Experts

### Comprehensive Outdoor Living Solutions

At V Builders, we offer a complete range of outdoor living products to suit every need and style:

10 Year Warranty · Easy Finance Options · Local Kiwi Company
















**Quality You Can Trust: 10-Year Workmanship Guarantee**

## V Builders offers service Beyond Auckland's Borders

Hamilton • Tauranga • Rotorua • Bay of Plenty

022 358 3703

70b Elizabeth Knox Place, Saint Johns, Auckland

www.vbuilders.co.nz

NZ OWNED &OPERATED

VISA APPLICATION PROCESSING THROUGH LICENSED IMMIGRATION ADVISOR

16+ YEARS EXPERIENCE

JOBSEEKERS
IGNITING CAREERS

# Achieve Your New Zealand Nursing Dream with Jobseekers



New Zealand Nursing Council Registration, IQN Theory & OSCE Training, Study Abroad and Immigration Services

follow us on

www.jobseekers.co.nz

+918590 669 963